(16-ാം പേജ് നോക്കുക)

മലയാളനാട്

ചീഫ് എഡിററർ
എസ്. കെ. നായർ

എഡിററർ
വി. ബി. സി. നായർ

27th May 1979 Phone: 2825, 3362

ലേഖനം

കുഞ്ഞുണ്ണി– കവിതയിലെ നവസർഗ്ഗത്തിന് ഒരനുബന്ധം
വി. ടി ഗോപാലകൃഷ്ണൻ
സാഹിത്യവാക്കുകൾ
എം. കൃഷ്ണൻനായർ
ദർശനബോധത്തിന്റെ കല
എം. പി. സുരേഷ്
മനോരോഗചികിത്സയിൽ
അതീന്ദ്രിയധ്യാനത്തിനുള്ള സ്ഥാനം
ഡോ: വി. കെ. രാമചന്ദ്രൻ
നഷ്ടബോധങ്ങൾ
പ്രതീനായർ
കുറെച്ചിരിയും കുറച്ചുവെളിച്ചവും
സുരാസു

കവിത

ഒവുരമാത്ര മോഹം
ഭുവനൻ മീനുത്തല
പുരുഷസൂക്തം
കടമ്മനിട്ട രാമകൃഷ്ണൻ

കഥ

എന്നെ അറിയുമോ?
സ.പ്പാജോണിനെ
രാജംനായർ
ഒരമ്പലത്തിൽ ഒരുസന്ധ്യ
വിജയൻ കരോട്ട്
ആകാശസഞ്ചാരി
ഋഷി ജി. നടേഷ്

നോവൽ

ആരണ്യവാസം
എം. ഡി രത്നമ്മ
ഭ്രാന്ത്
പമ്മൻ

സ്ഥിരം ഷംക്തികൾ

മുഖഭാഗചിത്രങ്ങൾ
വി. ബി. സി. നായർ
ഗ്രന്ഥനിരൂപണം
പി. രാമ്പ്ക്കരനുണ്ണി
സിനിമ മംഗലശ്ശേരി
മുഖചിത്രം: ശകുന്തള
ഫോട്ടോ: പി. ഇളങ്കോ

കുഞ്ഞുണ്ണി - കവിതയിലെ നവസംഗീതിന് ഒരനുബന്ധം

ഡോ: എം. ലീല വതിയുടെ "കവിതയിലെ നവസർഗ"മെന്ന ലേഖന പരമ്പര (കലാകൗമുദി, ലക്കം 182, ഫെബ്രുവരി 18, 1979 മുതൽ) പ്രസാധകന്റെ ദൃഷ്ടിയിൽ, ആധുനിക മലയാള കവിതയിൽ പുതിയ ഭാവവിതാനങ്ങൾ സൃഷ്ടിച്ച ഒൻപതു കവികളെക്കുറിച്ചുള്ള ഒരു പഠനമാണ്. ആധുനികത മാത്രമല്ല ആധുനികരായിട്ട് ഒൻപതോർപതു കവികളെ മലയാളത്തിലുള്ള എന്നുകൂടി സൂചിപ്പിക്കുന്ന "നവ"ശ്ലേഷപ്രയോഗം ഭംഗി കേമമെന്നു പറഞ്ഞുനിർത്തിയാൽപ്പോരാ. അതേറെ വിശകലനമർഹിക്കുന്നു.

"നവ്യകവിതയുടെ പ്രോദ്ഘാടക"നെന്നു ലേഖിക വിശേഷിപ്പിക്കുന്ന അയ്യപ്പപ്പണിക്കർമുതൽ അധികമാരും അത്ര കേൾക്കാത്ത കെ. ജി. ശങ്കരപ്പിള്ളവരെയാണ്, ആ ഒൻപതുപേർ. കാല്പനികതപ്രകടിപ്പിക്കാതെ ഇന്നുവരെ വിട്ടുപോരാത്തവരും അങ്ങേറ്റം ചേർത്തു കീർത്തിക്കുന്നവരെങ്കിലും കവിത ഒയക്കുറിച്ച് ഒരക്ഷരവുമുരിയാടാത്ത ആ മുഖവുരക്കാരനേയും നമുക്കു തൽക്കാലം മറക്കാം. അവർ "കവിതവായന കുറവാണ്, പുതിയകാലത്തെ വിദേശകവിതകളുമായുള്ള സമ്പർക്കം തികഞ്ഞ വട്ടപ്പൂജ്യം" എന്നു ഇറന്നുപറഞ്ഞു് പൂജ്യരായവരും (കവിത", പേ: 6), സമകാലികവും ആധുനികവും ഒന്നല്ലെന്നു വീമ്പിളക്കവേ ആധുനികവും പുതുതും തിരിച്ചറിയാത്തവരുമായ ചവിട്ടുന്നവരുമായതുകൊണ്ടല്ല; ആധുനിക കവിതയെപ്പററി പറയാൻ പുറപ്പെട്ട് നവീന കവിതയെപ്പററി പറഞ്ഞു തുപ്പിയിടുന്ന ലീലാവതിയെപ്പോലുള്ള നിരൂപകരുടെ പരമ്പര എം. എം. ബഷീറിലൂടെയും മററും തഴച്ചുവളരുന്നതിനാൽ, സമകാലികവും ആധുനികവും അത്യന്താധുനികവും അതിലും പുതിയതുമൊക്കെ വിവരിച്ചന്തംവിടുന്നതിനേക്കാൾ ആധുനിക സാഹിത്യമെന്നും ആധുനിക കലയെന്നും ആധുനിക സംഗീതമെന്നും കേൾക്കുമ്പോൾ സാധാരണ തോന്നുന്നതും താൽക്കിക്കുന്നതും എന്തൊക്കെയോ അതൊക്കെത്തന്നെ ആധുനികതയെന്നങ്ങുകരുതുകയാവും തൽക്കാലം നല്ലതു്. കാട്ടും പടലും തല്ലിത്തകർത്തു മസിക്കേണ്ട അവകാശം പൂർണ്ണമായും ഈ നിരൂപക—കവികൾക്കങ്ങ് വിട്ടുകൊടുക്കാം. ആസ്വദിച്ചറിയാൻ വിധിക്കപ്പെട്ട സഹൃദയനാവുകയല്ലേ നമുക്കഭികാമ്യം? [illegible] കുഞ്ഞുണ്ണിക്കവിതകളിലേക്കു കടക്കുക.

പ്രത്യേകം പ്രത്യേകം തലക്കെട്ടണിയിച്ച് കവിതകളുടത്തി വ്യക്തിത്വം സ്ഥാപിക്കേണ്ടതില്ലാത്തതായി നമുക്കാററ കവിതകളുടേതുമുള്ളു — കുഞ്ഞുണ്ണിക്കവിത, അതിനൊരുചേരേ യോജിക്കുള്ളു—കുഞ്ഞുണ്ണിക്കവിത, "കുഞ്ഞുണ്ണ്യുടെ കവിതകൾ"ളിൽ ചിലതിനു തലക്കെട്ടുണ്ടെന്നതു

മറക്കുന്നില്ല. എന്നാലതിനു കവിയല്ലെങ്കിലും, ശങ്കരനാണു കാരണക്കാരനെന്നു കരുതണം. "ഓരോ കവിതയ്ക്കും തലക്കെട്ടു കൊടുക്കുക എന്നൊക്കെ ഒരു സാമാന്യനടപ്പുണ്ടല്ലോ, അതുപോലും ഇവിടെ മുട്ടാതെ പാലിച്ചിട്ടില്ല. അനുഭവിച്ചവരല്ലേ അറിയൂ ഇത്തരം കവിതകൾക്ക് തലക്കെട്ടുകൊടുക്കാനുള്ള ഞെരുക്കം! അതിൽ ഒരുപക്ഷ് എന്നുകൂടെ അനുഭവിക്കേണ്ടിവന്നു. ഒടുക്കം തോന്നി, അതിനൊന്നും മിനക്കെടാതിരിക്കയാവും ഭേദം." എന്ന കുറുസന്ദേശം ("കു. ക". പേ: 6) എവിടെവച്ചും എപ്പോഴും ആർക്കും തിരിച്ചറിയാവുന്ന "വ്യക്തിത്വ"ത്തിനെ പേടിച്ചു പിറകോട്ടു വലിച്ചുകെട്ടുന്നതിലെ പാകപ്പിഴ ശങ്കരനതന്നെ നന്നായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കും. ആധുനിക കാവ്യാംഗനയ്ക്കു ഇതാ പഴഞ്ചൻ പുടവ ചേരുന്നു? പേരുകൂടി കൈമോശംവന്നവരുടെ കാലം. അപ്പോഴോ, അവരുടെ സൃഷ്ടിക്ക് തലയിലൊരു കെട്ടും കിരീടവും? കഥാപാത്രങ്ങൾക്ക് സംജ്ഞാനാമത്തിനു പകരം സർവനാമ നൽകിക്കൊണ്ട് (ഏവരും അവനും അവളും അതുമൊക്കെയാണല്ലോ ഇന്നത്തെ നോട്ടപ്പാത്രങ്ങൾ!) ആധുനിക കാമികർ കാലഘട്ടത്തിന്റെ മുഖമുദ്രയൊപ്പിയെടുക്കാൻ ശ്രമിക്കുന്നു. അവരതാണല്ലോ കടത്തിവെട്ടിയ കുഞ്ഞുണ്ണിയാവട്ടെ, കയ്യെത്തിപ്പിടിക്കാവുന്ന ദൂരത്തൊന്നുമല്ല, അല്ലേ? ഓരോ അകന്നകന്നുപോവുന്ന ചക്രവാളപ്പരപ്പിലാണതാണ്!

ആധുനിക ദർശനങ്ങളുടെ വക്താക്കളെന്നു ഭാവിക്കുന്ന പുതുയുഗപ്രവാചകർ താളുതാളായെഴുതിക്കൂട്ടാൻമാത്രം അവതാരം കൊള്ളുന്നേടത്ത് കുഞ്ഞുണ്ണി ഒററപ്പെടുന്നു. കുഞ്ഞുണ്ണിക്കവിതകളിൽ ഇത്രപേരും അതിലേറെയും വരികളുള്ളവ ഏതാണ്ടൊരെഡസനേയുള്ളു. ഏററവും നീണ്ടതാണു മുപ്പതുവരി, കൂടുതലും ഒന്നും നാലും വരികളുള്ളവ, സംക്ഷിപ്തത യുഗധർമ്മമായതറിഞ്ഞ്, ഉൾക്കൊണ്ട്, സാധാരണീകരിച്ചാവിഷ്കരിക്കാൻ കെല്പും വിത്തും നേടിയൊരാളേ,

"ഇത്തിരിയേയുള്ളു ഞാൻ
എനിക്കു പറയാനിത്തിരിയേ
വിഷയവുമുള്ളു
അതു പറയാനിത്തിരിയേ—
വാക്കേ വേണ്ടൂ" (കു. ക, പേ: 21)

എന്നു പറയാൻ ധൈര്യപ്പെടൂ. തന്റെ കഴിവുകേടു മററുള്ളവർ കളിയാക്കിക്കൊട്ടെ. ഖേദവും വിരോധവുമില്ല. അതിനു കാലഘട്ടത്തിന്റെ കേട്ടുകേടിയാണെന്ന് അവരറിഞ്ഞുവരുമ്പോൾ, പക്ഷേ, കവിയാവും കൈകൊട്ടിച്ചിരിക്കുക. കുറിപ്പുകളിൽ (നോട്ടിങ്ങുകളിൽ)തുങ്ങിയൊതുങ്ങിയ ജീവിതം! ബസ്സ്റേറാപ്പിലൊ റയിൽവേസ്റേറേഷനിലോ ലിഫ്ററിലൊ പാതിമുറിച്ചുകടക്കുന്ന സിഗ്നൽ കാക്കുമ്പോഴോ പരിചയം പുതുക്കലും വർത്തമാനം പറയലും കുശലാന്വേഷണവും പതിവ്— അവിടെ നെടുങ്കൻ വാചകക്കുമ്പാരത്തിനെന്തു പ്രസക്തി? ചുരുക്കിപ്പറയലല്ലേ സ്വാഭാവികം? അറിയാഞ്ഞും വേണ്ടെന്നും വെച്ചാവില്ല. ബാക്കിയുള്ളവരതിനു പുറപ്പെടാത്തത്. പഴഞ്ചൻ ശീലങ്ങളൊന്നു മാറിക്കിട്ടണം? പുതിയ മട്ടുകളോടൊന്നിണങ്ങിച്ചേരണേ? "ചപ്പാക്കരില്ലായ്മയാണെന്റെ / ചപ്പാക്കരമെന്നറിയുന്നു" (കു.ക,പേ:30) കവിയുടെ ചപ്പാക്കരം അപ്പോഴാണു തെളിയുന്നതും. കുഞ്ഞിക്കവിതകളെഴുതുന്ന ഈ കുറിയ കവിക്ക് എന്തൊരു തലയ്ക്കു!

ആധുനികത ദുരൂഹതയായി മാറിയ ദുരവസ്ഥ നമ്മെ സംബന്ധിച്ചിത്തോളം ഒരു സത്യമാണ്. അതിന്റെ പങ്ക് കവികൾക്കും കാമികർക്കും, ദുരൂഹതയില്ലെങ്കിൽ ആധുനികരാവില്ല എന്നുകൂടി അവർ ധരിച്ചുവശായ മട്ടുണ്ട്. ആധുനികതയുടെ ഓരോ ചുവടിലും തനിമയും ലാളിത്യവും തുടിക്കുന്നത്, കൂട്ടിക്കുഴിവന്നത്, ഗ്രാമീണത്വം വിടാത്ത, നാഗരികതയ്ക്കും സംഭവിക്കാത്ത, നമ്മുടെ എഴുത്തുകാരന് അപരിചിതമായതിൽ അത്ഭുതമില്ല. അതിനൊട്ടുവരെ കുറവും പറഞ്ഞുകൂടാ. എന്നാൽ, കോപ്പില്ലായ്മയ്ക്കും കഴിവില്ലാ

വി. ടി. ഗോപാലകൃഷ്ണൻ

യ്മയും പെടുന്ന ദുഷ്യാന്തമായിത്തീരാവുന്ന ലാളിത്യം ധ്വനിപ്രചുരിമയാൽ സമൃദ്ധമാക്കാൻ കുഞ്ഞുണ്ണിക്ക് എത്ര എളുപ്പം സാധിക്കുന്നു, മററു കുട്ടികളാണ കുട്ടപ്പിരിച്ചതെങ്കിൽ ലവലേശം ഭംഗിയില്ലാത്ത വെറും പ്രസ്താവനകളായേനേ,

"പ്രധാനമന്ത്രിയും ശിപായിയുമൊരേ
തരക്കാരായിട്ടുറക്കമുണ്ടുപോ"ഴം
(കു. ക, പേ: 44)

"ഒരു തീപ്പെട്ടിക്കൊള്ളി തന്നു
കുട്ടു തന്നു
ഒരു ബീഡി തന്നു
വിലു തന്നു
ചുണ്ടു തന്നു
ഞ ഒരു ബീഡിവലിച്ചു രസ"ക്കേട്ട"

യും (കു. ക, പേ: 77). ഉറക്കം മുട്ടിക്കുന്ന പ്രധാനമന്ത്രിയും ശിപായിയുമ ഞനമുക്കുള്ളതെന്നു മുതൽ ഉറക്കംകളുടെ പോയേ സ്ഥിതിസമത്വം സമാഗതമാവു എന്ന ശ്രാന്തൻ ചിന്തവരെ പലതും ധ്വനിപ്പിക്കുന്ന വരികൾ. അളുകഴിയുംപോഴേക്കുണ്ടുന്ന, മനുഷ്യന്റെ വിധേയത്വവും നിസ്സഹായതയും ധ്വനിപ്പിക്കുന്നവ, രസിക്കേണ്ടത് ഒരാവശ്യവും അവകാശവുമാണെങ്കിലും അതിനു വേണ്ടതെല്ലാം—കോലും പെട്ടിയും ബീഡിയും പോരാ. വിലും ചുണ്ടുംകൂടി വല്ലവരും കൊടുക്കണമെന്നതിൽ മറെറന്തു കിനിയുന്നു? വ്യാഖ്യാനിച്ചു വിയർക്കാൻ തെല്ല് സന്നദ്ധരല്ലാത്തവരെക്കൂടി ഞെട്ടിക്കാനും ആകർഷിക്കാനും പോന്നവയാണ കുഞ്ഞുണ്ണിക്കവിതകളിലെ ചിററലും പൊട്ടലും മന്ദഹാസവും, ഉപനിഷദ്ചാരുത നണഞ്ഞാലെ നിർവൃതി ലഭിക്കൂ എങ്കിൽ,

"എന്നെപ്പററി ഞാൻതന്നെ"യും
(കു ക, പേ: 40)

"കാലും മേലോട്ടാക്കി—
തലയും മേലോട്ടാക്കി—
ട്ടാകെത്തായോട്ടായി—
ട്ടുണ്ടനെയെൻറെ നടത്തം"വും
(കു ക, പേ: 30)

"എന്നെ ഞ ഞനങ്ങും പറഞ്ഞതെ—
ക്കേണ്ടതി—
ല്ലെന്നിലുണ്ടെന്നു തെല്ലാതെല്ലാമേവും"
(കു, ക, പേ: 43)

പോലുള്ളവയുണ്ടല്ലോ.

ഇതിലെ പരിഭ്രഹ്മച്ഛായ വന്ദിക്കുന്നവരുടെ മുൻപിലും ഒരു "ഞാൻ" നിണ്ടു നിവന്നു നിൽപ്പുണ്ടാവും, വേറാരുമല്ല! കവിതന്നെ. കവിയുടെ തനിമയും സാരവുമ്യവും കവിതയ്ക്കോ കവിതയുടേതു കവിയ്ക്കോ, അതോ, ഇതു വല്ല മായയോ എന്നു സംശയിക്കുന്നവരെ കെ, പി, ശങ്കരൻ സഹായിക്കും: "കവിയും കവിതയും ഒന്നിൽ സംഭവിക്കുന്നതോ സംഭവിക്കേണ്ടതോ ആയ അരൈദ്വതമുണ്ടല്ലോ അതു മാസ്സിൽ (കുഞ്ഞുണ്ണിയിൽ—ലേ) നിശ്ശേഷമായും സംഭവിക്കുകതന്നെ ചെയ്യുന്നു." (കു. ക, പേ: 5) അതുകൊണ്ടാണ കവിയുടെ ആത്മാന്വേഷണങ്ങൾ അരോചകമാവാത്തതും, പോരാത്തതിനു, തനിക്കു കൂടി വീതമുള്ളതു കൂട്ടവ്യാപാരത്തിൽ പങ്കാളിയായതിന്റെ സംതൃപ്തി ആസ്വാദകനും, ഏട്ടിലെ വാക്കും വരിയും വിഴുങ്ങി വിസർജ്ജിച്ചതിന്റെ അറപ്പും മടുപ്പുമൊന്നു വേറെ, അനുഭവിച്ചറിഞ്ഞു വിളയിച്ചതിന്റെ ആർജ്ജവവും മാധുര്യവും മന്നു വേറാ: തന്റെ മണ്ണിൽ കിളിർത്ത വിളയെയുള്ളു കുഞ്ഞുണ്ണിക്ക്: പഴഞ്ചൊല്ലും കടംകഥയും നാടൻപാട്ടും കൊത്തിവലിയിച്ച സൗകുമാര്യം! മനസ്സിന്റെ താളമേളം മുഴങ്ങുന്ന വായ്താരി. ആധുനികത കൈവരുത്താൻ, ഗ്രീക്ക പുരാണം ചികഞ്ഞും പാശ്ചാത്യ പദ്യച്ചേരുവ കലക്കിത്തളിച്ചും അധികമാരും തൊട്ടുശുദ്ധമാക്കാത്ത റഫറൻസ് ഗ്രന്ഥങ്ങളിൽ മണ്ണുമുറിച്ചു പല്ലിളിച്ചു കിടക്കുന്ന കല്ലുകൾ മുഴത്തിനു മുഴത്തിനു കത്തിനാട്ടിയും കിണഞ്ഞു പണിപ്പെടുന്നവർക്ക്, ഇതൊരു പരക്ഷ, രുചിച്ചെന്നു വരില്ല. ഉള്ളതു പറയണമല്ലോ! ഇവർക്കെന്തായാലും അസ്സലായി വേഷംകെട്ടുന്നതിനാണ്, അല്ലെങ്കിൽ ഒറാമ ൻറിസിസത്തോടും നിയോ ഒറാമാൻറിസിസത്തോടും ഇവർക്കു കുറുചായ്വും എന്നോ നാട്ടിൽ പാട്ടായേനേ. പുവിനേയും പ്രകൃതിയേയുംപററി കുഞ്ഞുണ്ണിയും പാടാതെടുത്തു:

"കലപില'കൂട്ടും പത്രങ്ങൾ / കലഹിക്കില്ലാ കസുരങ്ങൾ" ("കു.ക", പേ: 25), "അന്തിക്കു പൂഷ്പങ്ങൾക്കു / ചന്തമാന്നിട്ടേ"ക്കും" ("കു. ക, പേ: 36) തുടങ്ങിയവ ഇവിടെ, കാല്പനികത കാഴ്ചവെയ്ക്കുന്ന നിറക്കൂട്ടിനൊപ്പം, വർത്തമാനപത്രങ്ങളുടെ

അടുത്ത ലക്കം മുതൽ
മലയാളനാടിൽ
വായിച്ചുതുടങ്ങുക

എൻ: കൃഷ്ണൻനായരുടെ
വികാരതീവ്രമായ നോവൽ

പ്രലോഭനങ്ങളേ പ്രണാമം

എരിപൊരികൊള്ളലും, പൂക്കളുടെ അടക്കവും തുറക്കവും, ചന്തം കൂട്ടുന്നതോടും ആസ്വദിക്കാനവസരം കുറയുന്നതിലെ നേരിയ നീറലും അനുഭവിപ്പിക്കുന്നതാധുനിക ലഹരിയുടെ കൂടി, അല്ലയാമല്ലോ.

മോഡേണിസ്റ്റുകളുടെ ഭാവവിശേഷങ്ങളായി ഭേദപ്പെടുത്തിയവയിൽ, മൃത്യുവാഞ്ഛ സർവനാശോന്മുഖ്യം അന്വേഷണം വിശ്വാസരാഹിത്യം സമൂഹപരിബന്ധതാനിരാസം തുടങ്ങിയവ ചിലതേയാവുന്നുള്ളൂ. അതൊക്കെ കണ്ടുപാടെ വാരിവലിച്ചുന്നണിയാനും കുഞ്ഞുണ്ണിക്കതാല്പര്യമില്ല. വേണ്ടേടത്തു വേണ്ട സംസ്കരണം; ചിന്തേരിട്ടാത്ത ചന്തം കൂട്ടൽ പിന്നീടങ്ങോരുവട്ടക്കേയായി, ശില്പവൈദഗ്ധ്യം തികഞ്ഞ, കേൾക്കാനും കേട്ടാലൊന്നു നിമിഷം മാർക്കാനും നിർബന്ധിപ്പിക്കുന്ന, പുതുപുതു കാവ്യപ്രവാഹങ്ങൾ.

തലയും മുറയും പോലും പോയ്പോയ നാശത്തിൽ, "നഷ്ടമീ ലോകസൃഷ്ടി," "കന്നിനും കൊള്ളാത്തതാണീ പ്രപഞ്ചം" ("ക", പേ: 40), "പഴയ തലമുറയ്ക്കു തലയില്ല/പുതിയ തലമുറയ്ക്കു മുഖമില്ല" ("ക", പേ: 41) എന്നെല്ലാം ഖേദിക്കുന്ന ആൾ, ഇന്നത്തെ ആധുനികതയുടെ ആചാരമനുസരിച്ച് എന്നോ പരലോകത്തെത്താൻ കഴിക്കേണ്ടതായിരുന്നു. "ജീവിതം മരണത്തെ പഠിപ്പിക്കുന്നില്ലാത്തതും | മരണം ജീവിതത്തെ പലതും പഠിപ്പിച്ചു" എന്ന ആശബാക്കിയായിട്ടും "മുറുകിത്തുടങ്ങുകിൽ | നിട്ടുപ്പുതിരിക്കുന്ന ഇപ്പ"വാൻ ("ക.ക", പേ: 23) വാശിയുള്ള കവി, ഒളിച്ചു ടി ജീവിതവൈഷമ്യങ്ങളകററാൻ ഇനിയില്ലെന്ന മാത്രമല്ല,

"...മനുഷ്യന്മാർ ഞങ്ങൾ
ശവം തിന്നും. മുഖം കഴുകി നന്നായിത്തുടച്ചു പൗഡറണ്ടു യും ചെയ്യും." ("ക", പേ: 29),

"അകത്തോ | ഞാൻ പുറത്തോ ഞാൻ" (ക ക, പേ: 24) എന്നറിയാത്തപ്പോൾ അന്വേഷണം സ്വാഭാവികം, അതോ,

"ഉദിച്ചു വരുന്നൊരു
സൂര്യനോടു ചോദിക്കാം
സൂര്യാ
കിഴക്കിന്റെ കിഴക്കേതു്
വടക്കിന്റെ കിഴക്കേതു്
പടിഞ്ഞാറിന്റെ കിഴക്കേതു് പടിഞ്ഞാറേതു്"

എന്നിക്കെന്റെ തെക്കേതെന്നറിയാനാണിച്ഛാദ്യം" ("ക", പേ: 30) എന്ന ഗൃഹാതുരതയിലേയ്ക്കും ചെല്ലുന്നതും. പേരിലൊ രൂപത്തിലോ ഭ്രമിച്ച് അവസാനിക്കാത്ത അന്വേഷണവുമായി കറങ്ങിത്തിരിയുന്നവരെക്കൊണ്ടു് നിറഞ്ഞ കഥാരംഗത്തും പട്ടിയോടും മേൽവിലാസം ചോദിക്കുന്നവരെ കണ്ടതായേക്കുന്നില്ല. സ്വന്തം വിലാസം തേടുന്ന പട്ടിയെ കണ്ടുമുട്ടലോ, അപൂർവ്വവും!

"കൊട്ടാരം കാക്കുന്ന പട്ടിയ –
ണല്ലോ ഞാൻ."

കേൾക്കട്ടെ പട്ടി നിൻ മേൽവിലാസം. ("ക. ക," പേ: 32) താനെവിടെയെന്നറിയാത്ത കവിക്ക് അന്വേഷണത്തിന്റെ അവസാനത്തെക്കുറിച്ചും ഉറപ്പുണ്ട്

"ഇതല്ലാ ഒടുവുമില്ലാതായാലറിയാം
അതുവരെയെവിടെയായാലു–
മവിടെയാവില്ല." ("ക. ക", പേ: 24)

ഇതല്ലാ വെളിച്ചമോ വരാനുണ്ടുമില്ലാതാവുന്ന നാളില്ലല്ലോ. അതുവരെ,

"നാലു കാലിലെന്നിക്കില്ല വാലും
മാനുഷനാണു ഞാൻ
എന്നാലും ലോകമേ
എന്നെ നന്നായി സ്നേഹിക്കേണമേ" (ക ക," പേ: 24)

എന്ന പ്രാർത്ഥനയുമായി—നാസ്തികനെ സ്നേഹിക്കാനെ നമുക്കറിയൂ, മനുഷ്യനെ സ്നേഹിക്കാൻ ഇനിയും പഠിക്കണം എന്നാർമ്മിപ്പിക്കുന്ന പ്രാർത്ഥനയുമായ — കവി നമ്മോടൊപ്പം തന്നെയുണ്ടാവും.

കവിയുടെ സാമൂഹ്യബോധത്തിലേക്കുള്ളതാണു ചൂണ്ടുപലക കൂടിയാണ് ഈ അന്വേഷണം. കണ്ണടച്ചു ബന്ധുതകളില്ലാതാകുന്നില്ല. കുറുപ്പിന്റെ നെഞ്ചത്തോ കളരിക്കു പുറത്തോ പടവെട്ടലുമില്ല. അണുവായുധങ്ങളുണ്ടാക്കി അന്യരുടെ സുക്ഷിച്ചശേഷം സമാധാന സംഗീതം ആലപിക്കുന്ന വൻകോയ്മകളുടെ "പതിനെട്ടടവിലും മേലെയല്ലാ! | പടയേവേണ്ടെന്നാണടവെടുക്കൽ" ("ക", പേ: 46) പോലുള്ള അടവുകൾ പരിചയിച്ചതിന്റെ മെച്ചം. ചുമലിലയുതവ്വ് ബന്ധുത പുത്തിയാക്കാൻ കുഞ്ഞുണ്ണി ശ്രമിക്കുന്നു. നിഷേധിയെന്ന മുദ്രകുത്തപ്പെട്ടാലും

വേണ്ടില്ല, സൗഹൃദത്തെ ശുദ്ധി ചെയ്തെടുക്കാൻ പാകത്തിലുള്ള തീച്ചൂളയിലുള്ള പരിഹാസം കൊണ്ടു് ഓരോ വാക്കും വരിയും തിളക്കിക്കൂർപ്പിച്ചെടുത്തു കുഞ്ഞുണ്ണിക്കുപ്പിയാവുമ്പോൾ അവയിലു ഉന്നമുലുകൾ തകർന്നു. ആരും അരിശം കൊണ്ടില്ല; മുഷ്ടി ചുരുട്ടി മുദ്രാവാക്യം മുഴക്കി ഉറഞ്ഞാടിയില്ല. ഉടനീളം പാലിച്ച നർമ്മസംഗതിയുടെ മെച്ചം. സാമൂഹ്യബോധം മതത്തിലും രാഷ്ട്രീയത്തിലുമൊളുക്കി പുരോഗതി പുലമ്പുന്ന നമ്മേപ്പോലുള്ളവർ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില ഉദാഹരണങ്ങൾ:

"യേശു വിലാണെൻ വിശ്വാസം
കീശയിലാണെന്നാശ്വാസം"
("ക. ക", പേ: 75)

... ...

"പരശുരാമത്താഴത്തിങ്കൽ പിറന്ന
വിണ്ണും
മക്കൾ ശിന്ധേൽ മരിച്ചെണ്ണിററതും
വളരെനന്നായി മനുഷ്യപുത്രനി–
യുയർത്തണിററതോ പരമവിസ്മിതം"
("ക. ക", പേ: 75)

... ...

"ഒററിക്കാട്ടുകാനാളായി
ചൂടിക്കാൻ മുൾക്കിരീടവും
തറയ്ക്കാൻ കുരിശും
ക്രിസ്തുനിർമ്മാണം ക്ഷണമാമിനി"
("ക. ക", പേ: 52)

... ...

"തലമൊട്ടയായതിൽപ്പിന്നെ
ഗാന്ധിതൊപ്പിയിട്ടിട്ടില്ല
ഗാന്ധിഭക്തന്മാരാകട്ടെ
ചത്താലും തൊപ്പ്യുമില്ല
എത്രകാലം തൊപ്പിയിട്ടാലും
തൊട്ടയാകുന്നതല്ലല്ലോ
അവരുടെ തല"

... ...

"ഗാന്ധിക്കു ഗാന്ധിയേ ശിഷ്യൻ | ഗാന്ധിശിഷ്യർക്കു" | ലോകത്തിലെല്ലാരും ശിഷ്യരാകണം | താനൊഴിച്ചെല്ലാരും ഗാന്ധിയാകണം" ("ക", പേ: 36) | "ചേരമക്കൊന്നു കോരൻ | ഗാന്ധിയെക്കൊന്നു ഗോഡ്സെ" ("ക", പേ: 39); "ഇങ്കുലാബിലും | സിന്ദാബാദിലും | ഇന്ത്യതോട്ടിലും" ("ക", പേ: 49,)

ഭക്ഷണം ലാബറട്ടറിയിലും ചിന്ത

(ശേഷം 58-ൽ)

ആമുഖം

എന്നെ അറിയുമോ ? സ്വപ്നാജ്ഞാനിന്നെ

രാജം നായർ

തലക്കെട്ട് വായിക്കുമ്പോൾ മധുരതരമായ ഒരു പ്രേമകഥയാവുമെന്ന് വായനക്കാർ ധരിച്ചേക്കാം. വാക്കുകളുടെ താളങ്ങളിലൂടെ ഒരു കഥ മെനഞ്ഞെടുക്കാൻ എനിക്കു കഴിയില്ല. ഇന്നുവരെ ഒരു കഥയെഴുതാൻ ഞാൻ ശ്രമിച്ചിട്ടില്ല. കഥകളെഴുതിയിട്ടുണ്ട്, പക്ഷേ, കേൾവിക്കാരെ കോരിത്തരിപ്പിക്കുവിധം അതു പറയേണ്ടതെങ്ങനെയെന്ന് എനിക്കറിയില്ല. രാത്രിയിൽ ചേട്ടനോട് ചില കഥകൾ പറയാൻ ഞാൻ ശ്രമിക്കും, ആദ്യമൊക്കെ ജിജ്ഞാസയോടെ എന്റെ മുഖത്തേക്ക് നോക്കിയിരിക്കും മിനിട്ടുകൾ കഴിയുന്നതിനുമുമ്പ് എന്റെ കവിളിൽ ഉമ്മവച്ചുകൊണ്ടുദ്ദേഹം പറയും "എന്റെ പൊന്നേ നിയതു സുന്ദരിയാണ്. ഏവരുടെ സംസാരിച്ചു ഈ സന്ദേശം നഷ്ടപ്പെടുത്താതെ." എന്റെ ആവേശം തണുക്കും. എന്റെ കണ്ണുകൾ നിറയും. ഞാനാ മാറിലേക്കു ചായും. ഒൻപതു സംവത്സരങ്ങൾക്കുള്ളിൽ ഇങ്ങനെ എത്ര യെത്രപ്രാവശ്യമാണ് കഥപറയാനാവേശപൂണ്ട ഞാൻ കണ്ണീരിൽ കുതിർന്നുപോയതു്...

പക്ഷേ, കഥകൾ കേൾക്കാൻ കഥ പറയാൻ എന്നിലുള്ള ആവേശം ഇന്നും കുറഞ്ഞിട്ടില്ല മരിക്കുവോളം അതു് കാണുമെന്നും തോന്നുന്നില്ല ഏഴുവയസ്സുമുതൽ എന്റെ വികാരങ്ങളെ പൊതിഞ്ഞ കഥ

കളും കഥാപാത്രങ്ങളും ഇന്നും എന്റെ ഓർമ്മയിൽ മരണത്തെ മറികടന്നു കിടക്കുന്നു. "നിന്റെ ഓർമ്മശക്തി അത്ഭുതം തന്നെ, എന്റെ മോളേ നിനക്കിതൊക്കെ എങ്ങിനെ ഓർമ്മിക്കാൻ കഴിയുന്നു" അമ്മ കൗതുകത്തോടെ എന്റെ മുഖത്തു നോക്കി പറയുമായിരുന്നു. മനസ്സുകളുടെ വാചാലതയിൽ സപ്പു മെയ്യുന്ന ചേട്ടനോടൊത്തു് വീടിനുസമീപമുള്ള കുന്നിൻപുറങ്ങളിൽ നടന്നലയുന്ന സായാഹ്നങ്ങളിൽ ഞാൻ എന്നെത്തന്നെ മറക്കാറുണ്ടു്, കുറുമനോടൊത്തു് നടന്ന കഥ പറയുന്ന നിമിഷങ്ങൾമുതൽ സപ്പുജോണിന്റെ കണ്ണുകൾ വായിച്ചു് മെല്ലെ വിടർത്തിയ നിമിഷങ്ങൾവരെ നിഴൽ ചിത്രങ്ങളായി ഓർമ്മകളിൽ പ്രത്യക്ഷപ്പെട്ടും, ആ ഓർമ്മകൾ വാക്കുകളിൽ അവതരിക്കാനാവേശംകൊള്ളുമ്പോൾ ചേട്ടൻ ചിരിച്ചുകൊണ്ടുപറയും "മതിപെണ്ണേ എനിക്കതല്പപേടക്കുന്നു. നീ ഇതൊക്കെ ഒരു ബുക്കിൽ സമയമുള്ളപ്പോൾ എഴുതിവയ്ക്കു്. ഞാൻ വായിച്ചോളാം." ഞാൻ സാധാരണപോലെ കരയും, സിഗററിന്റെ കറപുരണ്ട ചുണ്ടുകൾകൊണ്ടു് കണ്ണീർക്കണങ്ങൾ ഒപ്പിയെടുക്കുമ്പോൾ ഞാൻ മാദകമായ ഒരു ചിരിയുടെ അലകളായി മാറും.

സപ്പുജോണിന്റെ അവസാനത്തെ കത്താണു് ചേട്ടനിൽ എന്നെക്കഥാകൾക്കാനുള്ള ആവേശമുണ്ടാക്കിയതെന്നു് ഞാൻ കരുതുന്നു. എത്ര നിർബന്ധിച്ചിട്ടാണെന്നോ പതിനാറുപേജുള്ള ആ കത്തു് ഒന്നു വായിക്കാനദ്ദേഹം തയ്യാറായതു്. ആദ്യത്തെ രണ്ടു പേജു കഴിഞ്ഞപ്പോൾ ആ കണ്ണുകൾ ജിജ്ഞാസകൊണ്ടു് വിടരുന്നതു് ഞാൻ കണ്ടു. കത്തിലെ അവസാനത്തെ വരി വായിച്ചുകഴിഞ്ഞപ്പോൾ ആ കണ്ണുകൾ നിറയുന്നതു് ഞാൻ കണ്ടു. ഞാനാദ്യമായി എന്റെ ചേട്ടന്റെ കണ്ണുകളിലെ നീർമുത്തു കാണുന്നു. എന്റെ എല്ലാമായിരുന്ന സപ്പുവിന്റെ കത്തിലെ അവസാനത്തെ വരിയിതാണു് "എന്നെ അറിയില്ലേ സപ്പുജോണിനെ."

(തുടരും)

മലയാളനാട്

അടുത്തലക്കം

"ഭഗവദ് വിവേകാനന്ദനാൽ ആധ്യാത്മികതാപ്രാണമായ ഒരു ജീവിതബോധത്തിലേക്കു് ഉപനീതനായ മാരാക്കു് അചിരേണ തന്റെ ഒരോ ജീവിതപ്രമാണമായ പ്രമേയത്തിന്റെ സാകാത്സാക്ഷാത്ക്കാരം അനുഭവിക്കാൻ സംഗതിവന്നു. അതു് ഭഗവാൻ സത്യസായിബാബയായിരുന്നു" ഭഗവദ് വിവേകാനന്ദൻ എന്നും ഭാഷ്ടപിതാമഹനായ വിവേകാനന്ദൻ എന്നും മററും ഉദ്ഘോഷിച്ച മാരാർതന്നെ വേദാന്തരഹസ്യം നേടിത്തുടങ്ങിയതു് സത്യസായിബാബയിൽനിന്നാണല്ലോ എന്നു പലരും സംശയിക്കുന്നുണ്ടു്, ആ സന്ദേഹം അസ്ഥാനത്താണോ? വി. വി. ഗോവിന്ദൻനായരുടെ ഗ്രന്ഥരക്ഷിണയെ അസ്പഷ്ടമാക്കി

ഡോ: വി. എസ്. ശർമ്മ

എഴുതുന്ന "വിജ്ഞേയപഠനങ്ങ"ളിലൂടെ

▲

എം. കൃഷ്ണൻനായരുടെ

സാഹിത്യവാരഫലം

△

"എനിക്കിന്നും നേരം പൊകി" എന്റെ പുസ്തകങ്ങൾ വാരിയെടുത്തു ഞാൻ ധൃതിവച്ചു. ഉടനേ അയാൾ പറഞ്ഞു "ഞാനും കുറച്ചു പുസ്തകങ്ങളെടുക്കുന്നുണ്ടു് വിവിൽ എക്സ്ചേഞ്ച് ഇററ് വൺ ഇയവനിംഗ്" എന്നാ സമ്മതമല്ലേ?

"ഓ സമ്മതമാണു്"

"എന്തിനും സമ്മതമാണോ?"

പ്രമീളാനായരുടെ

നഷ്ടബോധങ്ങൾ തുടരുന്ന

പമ്മന്റെ ശ്രാദ്ധു്, എം. ഡി. രത്നമ്മയുടെ ആരണ്യവാസം, നോവലുകൾ

▲

വി. ബി. സി. നായരുടെ

മുഖഭാഗചിത്രങ്ങൾ

മംഗലശ്ശേരിയുടെ ചിത്രനിർമ്മാണം

△

മരുതോമ്പ് ഗോപാലകൃഷ്ണന്റെ

'ദുഃഖവൃത്തം',

കടമ്മനിട്ട രാമകൃഷ്ണന്റെ

"പുരുഷസൂക്തം" — കവിതകൾ

▲

കതകു് മെല്ലെ തുറന്നു, വാർഡ്രോബുകൾ ഞരങ്ങുന്നു. മുറിക്കുള്ളിൽ പരിമളത്തിന്റെ മഞ്ഞുമഴ. ചെറിയ കാലൊച്ചകൾ. അവ അടുത്തടുത്തുവരുന്നു. പിന്നീടു് തന്നെ ആകെ വാരിപ്പുണരുന്ന തണുപ്പുറുന്ന കരവലയങ്ങൾക്കുള്ളിൽ സഹൃതയിൽ പുളയുമ്പോൾ, അവൾ സ്വയം പറഞ്ഞു. ഇല്ല ഞാൻ ഇന്നു് ഒന്നുമാകാൻ പ്രാപ്തയല്ല. മനോഹരൻ ഇന്നു് എന്തുകൊണ്ടാ എനിക്കു് ഉടഞ്ഞ പ്രതിമയാണു്, ഞാൻ, ഇന്നു് ഞാൻ മാത്രം.

ചെല്ലമ്മ ജോസഫിന്റെ കഥ

"ഉടഞ്ഞ പ്രതിമ"

△

നേരം തീരെ ഇരുട്ടിക്കഴിഞ്ഞു. ഒരുകവശം ഉണ്ടായിരുന്ന തുക ഏതു വാടകവീടിനാണു് ഡിപ്പോസിററ് ചെയ്തതു്?

അവിടെനിന്നു ഉടനെ കരയണമെന്നു തോന്നി, നളിനിയെ ഓർത്തു്, ലക്ഷ്മിക്കുട്ടിയെ ഓർത്തു്, സ്വന്തം അവസ്ഥയെ ഓർത്തു്.

രാമദാസിന്റെ കഥ

'ഈ കഥയുടെ കഥയുടെകാണിക്കേടി'

▲

ഋഷി ജി. നടേഷിന്റെ കഥ

ആകാശസഞ്ചാരി തുടരുന്നു

സുരാസു എഴുതുന്ന

"കുറച്ചുകൂടി കുറച്ചുവെളിച്ചവും"

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

സൂത്രങ്ങൾ

ഹൈസ്കൂളിൽ എന്നെ കെമിസ്ട്രിയും കണക്കും പഠിപ്പിച്ചതു് സുന്ദരഅയ്യർ എന്ന സാറായിരുന്നു. കണക്കിനു മോശപ്പെട്ട വിദ്യാർത്ഥിയായിരുന്ന എന്നെ അദ്ദേഹം ചോദ്യവർഷംകൊണ്ടു് എന്നും ബുദ്ധിമുട്ടിക്കും. ക്ലാസിവസം ക്ലാസ്സിൽ കയറിയയുടനെ അദ്ദേഹം എന്നോടൊരു ചോദ്യം, "കൃഷ്ണാ, ഹോർമുല എന്നാൽ എന്താണു?" ഞാൻ ആ ചോദ്യം കേട്ടില്ല. അപ്പോൾ അടുത്തിരിക്കുന്ന പയ്യൻ പതുക്കെപ്പറഞ്ഞു, "മുന്നോട്ടു തള്ളുന്ന മുച." സ്നേഹിതൻ പറഞ്ഞതു് ഞാൻ സാറിനോടു പറഞ്ഞതായി, പക്ഷേ രാഗംകൊണ്ടു് അദ്ദേഹം ചോദ്യം ആവർത്തിച്ചു. ഞാൻ മറുപടി നൽകി:- Sir. It is a statement of fact in symbolical form. സാറിനു സന്തോഷമായി, അദ്ദേഹം കെമിക്കൽ ഫോർമുല, മാതമാററിക്കൽ ഫോർമുല, ഫിസിക്കൽ ഫോർമുല, സ്ട്രക്ചറൽ ഫോർമുല ഇവയെല്ലാം വിശദീകരിച്ചു. വീണ്ടും ചോദ്യം:- "കെമിക്കൽ ഫോർമുലയ്ക്കു് മതമാണോ കൃഷ്ണൻ പറയട്ടെ" ഞാൻ:- H_2O. Here two hydrogen atoms are Chemically united with one Oxygen atom " സാറ്: Very good.

കാലം കഴിഞ്ഞപ്പോൾ കെമിസ്ട്രിയും മാതമാററിക്സും ഞാൻ മറന്നു. H_2O, H_2O_2 എന്നീ കോളിക്കലർ ഫോർമുലകളും വിസ്മൃതിച്ചു. പക്ഷേ ജീവിതത്തിലെ ഫോർമുലകൾ മറക്കാൻ പാറ്റിയില്ല. അവ പ്രയോഗിച്ചു ഞാൻ പരാജയപ്പെട്ടു. അതു് എന്ന വിദ്യാർത്ഥിയായ ഒരു മലയാളിയിൽ ഞാൻ ഗോപാലകൃഷ്ണൻ എന്ന വിദ്യാർത്ഥിയോടു ചെയ്തതാണു് ആദ്യം പ്രയോഗിക്കുന്നതു്! മാതമാററിക്കൽ ഫോർമുല ഇതാണു് ആദ്യകൾ പ്രയോഗിക്കുന്നതു്! മാതമല്ല, ഇതിലെ ചിഹ്നങ്ങൾ ഇടകലർത്തി കഴലിച്ചു് ആവിയിൽ വേകിച്ചെടുത്തു് കുസുകൊണ്ടു തെളിയിച്ചു പൂട്ടു് എന്നോരു പലഹാരം വിട്ടിലുണ്ടാക്കാറില്ലേ? എന്നും അതു തന്നെ കഴിച്ചാൽ മനംമറിക്കും. ടി. എൻ എസ്സ് ചെറുമംഗലത്തിന്റെ ഈ മരച്ചീനി പുട്ടു് കഴിക്കാൻ വയ്യ. അതിലേക്കു് ഒന്നു നോക്കാനുംകൂടി വയ്യ. ചെറുമംഗലം വായനക്കാരെ ഉപദ്രവിക്കാതിരിക്കണമെന്നു് അപേക്ഷിക്കുന്നു. വൃത്തത്തിന്റെ ചുററളവു് കണ്ടുപിടിക്കാൻ സ്ഥിരം സൂത്രമുണ്ടു്. അതുപോലെ സാഹിത്യത്തിൽ ഫോർമുലകളില്ലെന്നു് എല്ലാ ടി എൻ. എസ്സ് ചെറുമംഗലങ്ങളും അറിഞ്ഞാൽ വായനക്കാർ രക്ഷപ്പെട്ടു.

വിശ്വാസമല്ലോ വിളക്കുമനുഷ്യനു്

ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്തു് എന്നും വക്കം അബ്ദുൾഖാദറെ കാണാൻ പോകുമായിരുന്നു. ഞങ്ങൾ കുശലമിച്ചു സായാഹ്നസവാരി നടത്തും. ഒരു ദിവസം അദ്ദേഹം പറഞ്ഞു:- "വിശ്വാസമാണു് ഏററവും പ്രധാനം." ഞാൻ തർക്കിച്ചു. അപ്പോൾ അബ്ദുൾഖാദർ പറഞ്ഞു:— "കൃഷ്ണൻനായർ എന്റെ കൂടെ നടക്കുന്നതു് എന്നെ വിശ്വസിച്ചല്ലേ? ഞാൻ നിങ്ങളെ കത്തിക്കാനു കത്തിക്കാറില്ലെന്നു് എങ്ങനെ അറിയാം? എന്നെ വിശ്വസിച്ചു തന്നെയാണു് നിങ്ങൾ എന്റെ കൂടെ നടക്കുന്നതു്." ശരിയാണു് വിശ്വാസമാണു് ഏററവും പ്രധാനമായതു്. പ്രേംനസീറും വത്സലാർ മാമവർമ്മയും "ഞാൻ...ഉസാപ്പ തെക്കുന്നു, അതുകൊണ്ടു് എന്നോ ശരീരത്തിൽ ഇന്നവരെ ഒരു ചുണങ്ങുപോലുമുണ്ടായിട്ടില്ല" എന്നു പ്രഖ്യാപിക്കുമ്പോൾ നാം അതങ്ങു വിശ്വസിക്കുന്നു. രാഷ്ട്രീയനേതാക്കന്മാർ ഇതുപോലെ നമുക്കു വിശ്വാസങ്ങൾ കണ്ണുകളായി നല്കുന്നു. ആ കണ്ണടയുണ്ടെങ്കിലേ നമുക്കു ഏതും കാണാൻ പററുകയുള്ളു എന്ന നില വന്നിരിക്കുന്നു. വിശ്വാസമാകുന്ന ആ കണ്ണട ഒന്നു തകർക്കുന്നു വിചാരിക്കുക. രാഷ്ട്രീയനേതാവു തന്നെ വന്നു് അതെടുത്തിട്ടിരുള്ള ചേരാത്ത കണ്ണടവച്ചു തരും. അപ്പോൾ അന്ധത്വം മാറും. ശ്രീ, കെ. സുകുമാരൻ "വെയിലും തെങ്ങും ഇടകലർത്തി കഴലിച്ചു് ആവിയിൽ വേകിച്ചെടുത്തു് കുസുകൊണ്ടു തെളിയിച്ചു പൂട്ടു്" എന്നോരു പലഹാരം വിട്ടിലുണ്ടാക്കാറില്ലേ? എന്നും അതു തന്നെ കഴിച്ചാൽ മനംമറിക്കും. ടി. എൻ എസ്സ് ചെറുമംഗലത്തിന്റെ ഈ മരച്ചീനി പുട്ടു് കഴിക്കാൻ വയ്യ. അതിലേക്കു് ഒന്നു നോക്കാനുംകൂടി വയ്യ. ചെറുമംഗലം വായനക്കാരെ ഉപദ്രവിക്കാതിരിക്കണമെന്നു് അപേക്ഷിക്കുന്നു. വൃത്തത്തിന്റെ ചുററളവു് കണ്ടുപിടിക്കാൻ സ്ഥിരം സൂത്രമുണ്ടു്. അതുപോലെ സാഹിത്യത്തിൽ ഫോർമുലകളില്ലെന്നു് എല്ലാ ടി എൻ. എസ്സ് ചെറുമംഗലങ്ങളും അറിഞ്ഞാൽ വായനക്കാർ രക്ഷപ്പെട്ടു.

കാലവും സൗന്ദര്യവും

"കാലം സൗന്ദര്യത്തിന്റെ ആരാധകനല്ല" എന്നു പറഞ്ഞതു് ആരാണു്? ഓർമ്മയില്ല. കാസാൻദ്സാക്കിസാകാം, ഡെഫോറിസാകാം, ഏതോ ഗ്രീക്കു് സാഹിത്യകാരൻ തന്നെ. അത്യന്തസുന്ദരിയായ ഒരു യുവതിയേയും വഴിയിൽ തടഞ്ഞു നിർത്തി" മാമനേ നീ മനോഹരനാണു്" എന്നു കാലം പറഞ്ഞിട്ടില്ല. അങ്ങനെയൊരു സുന്ദരിയെക്കണ്ടാൽ കാലത്തിനു് അവളുടെ സൗന്ദര്യത്തെ തച്ചുടയ്ക്കാനാണു് കൗതുകം. അവൻ അതിൽ ജയിക്കുകയും ചെയ്യും. ഒണ്ടുകൊല്ലം മുൻപു് യൂണിവേഴ്സിററി കോളജിനു മുൻപിലുള്ള റോഡിൽ ഞാൻ ബസ്സു് കാത്തുനില്ക്കുമ്പോൾ സുന്ദര്യയായ ഒരു ചെറുപ്പക്കാരി വന്നു് വിനയത്തോടെ ചോദിച്ചു. "സാറെന്നു അറിയില്ലേ?" ഞാൻ മറുപടി നല്കി:- "ഇല്ല മറന്നുപോയിരിക്കണം." അവൾ പറഞ്ഞു:- "സാർ എന്നു പഠിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾ ഇവിടെ...ഗാഫിസിലെ ജോലിയാണു്." ഇതാണു് ആ ചെറുപ്പക്കാരിയെ കണ്ടു മുൻപിൽ കിഴവനായ ഭർത്താവു്, (ആകൃതി കൊണ്ടാണു് കിഴവനായതു്. പ്രായത്താലല്ല) പിറകിൽ, മുഖം മലിപ്പിച്ചു കാണും അവളുടെ കക്ഷത്തു കയറിയിരിക്കുന്ന ഒരു കുട്ടി. അവൾ ഒരു കിഴവി, (ഇരുപത്തിയഞ്ചു വയസ്സുള്ള കിഴവി) കാലം ജയിച്ചിരിക്കുന്നു, അവളുടെയുള്ളിൽ അവൻ— കാലം—പ്രഖ്യാപിച്ചിരിക്കും, "ഞാൻ നിന്റെ സൗന്ദര്യം നശിപ്പിക്കും," എന്നു്, ഒരുപ്പോ ഡെസ്ദിമോണയെ ചുംബിച്ചപ്പോൾ അതുകണ്ടുനിന്ന ഇയാഗോ തന്നോടു തന്നെ പറഞ്ഞില്ലേ അവളെ—ആ സുന്ദര്യത്തെ—നശിപ്പിക്കണമെന്നു്. ഇയാഗോ ജയിച്ചു, കാലവും ജയിച്ചു. മാതൃഭൂമിയുടെ 38-ാം പുറത്തുള്ള, ഒരു ശ്രീധരന്റെ പ

ത നൊന്ന പടങ്ങൾ ഓരോന്നും മനോഹരം. കാലം ഈ ശിശുവിന്റെ സൗന്ദര്യമില്ലാതെയാക്കും. എങ്കിലും ഇപ്പോഴത്തെ ഭംഗി അസാധാരണം തന്നെ, ആ ശിശുവിന്റെ ഓരോ ഭാവത്തിനു യോജിച്ച മട്ടിൽ കാരോ വാക്കുമെഴുതി ചേർത്ത ആളിനെ ഞാൻ സാദരം അഭിനന്ദിക്കുന്നു. കവികളല്ലാത്ത അത്തരം വാക്യങ്ങൾ എഴുതാൻ വയ്യ. ആ വാക്യങ്ങൾ ഉൾക്കൊള്ളുന്ന ആശയത്തിന്റെ ഭംഗിയും ശിശുവിന്റെ ഭംഗിയും എനിക്ക് ആഹ്ലാദമുളവാക്കുന്നു. കാലമേ! നീ സൗന്ദര്യത്തിന്റെ ഹന്താവാണോ? ആണെങ്കിലെന്ത്! ഈ നിമിഷം—ശിശുവിന്റെ മുഖം നോക്കുന്ന ഈ അസുലഭനിമിഷം—എന്തുശ്രേഷ്ഠം, ആ നിമിഷത്തെ ഇല്ലാതാക്കാൻ നിന്നെക്കൊണ്ടാവില്ല.

ഇതു സർഗ്ഗപ്രക്രിയയല്ല

മകൾ തിരുവനന്തപുരത്തുവച്ചുനടക്കുന്ന 'ഒരിൻറർവ്യൂ'വിൽ പങ്കുകൊള്ളാൻ ദൂരത്തുള്ള ഒരു സ്ഥലത്തുനിന്നു വരുന്ന, അന്ധ ബസ്സിൽ വേദാന്തത്തനുമുണ്ട്. അയാളും ഇൻറർവ്യൂവിനു വരികയാണ്, രണ്ടുപേരും ലോഡ്ജിൽ ഒരു മുറിയിൽ കഴിഞ്ഞുകൂടുന്നു. നേരം വെളുത്തപ്പോൾ രണ്ടാമനുപാഞ്ഞ ആൾ ആദ്യത്തെയാളിന്റെ ബാഗ് അപഹരിച്ചുകൊണ്ടു കടന്നുകളയുന്നു. ഇതാണ് ശ്രീ. പെരുമ്പടവം ശ്രീധരൻ തിപിക ആഴ്ചപ്പതിപ്പിൽ എഴുതിയ "തിരുവനന്തപുരം" എന്ന ചെറുകഥയുടെ സാരം. ഇതെഴുതുമ്പോൾ, ആറു വയസ്സായ ഒരു കുട്ടി എന്റെ അടുത്തിരുന്ന് 'സ്റ്റാൻ' മാസികയിലെ പടങ്ങൾ കത്തിരികൊണ്ടു വെട്ടിയെടുക്കുന്നു, അവൾ ഒരു പൂവിന്റെ ചിത്രം വെട്ടിയെടുത്തുകഴിഞ്ഞു. ഇപ്പോൾ ഒരു സായ്പിന്റെ പടത്തിൽ കത്തിരിവെച്ചിരിക്കുകയാണ്. പൂവിന്റെ ഭംഗി നഷ്ടപ്പെട്ടു. സായ്പിന്റെ തല ചില്ലിപ്പോൾ മുറിഞ്ഞുതന്നെവരാം. ഞാൻ സ്കൂൾ വിദ്യാർത്ഥിയായിരുന്നകാലത്ത് യൂറോപ്പിന്റെയും ഇന്ത്യയുടേയും ചിത്രങ്ങൾ വരയ്ക്കാൻ മടുപ്പുതോന്നുന്ന കടലാസ്സുവച്ച് അററ്ലസിൽനിന്ന് ആ രാജ്യങ്ങളുടെ ബാഹ്യരേഖകൾ പകർത്തിയെടുക്കും. എന്നിട്ട് മാപ്പ് ഡ്രായിംഗ്ബുക്കിൽ അതുവച്ച് ആ ബാഹ്യരേഖകളിലൂടെ പെൻസിൽകൊണ്ട് അമർത്തിവരയ്ക്കും. ബുക്കിൽപ്പതിഞ്ഞ പാടിൽ വീണ്ടും പെൻസിൽകൊണ്ടു വരയ്ക്കും, അററ്ലസിൽ ഉള്ളതുപോലെ നിറങ്ങൾ ചായപ്പെൻസിൽകൊണ്ടു പടത്തിൽ കലർത്തും. ഇതാണ് അന്നുകരണം. കത്തിരികൊണ്ടു പടം വെട്ടിയെടുക്കുന്ന ശിശുവും പടങ്ങൾ അററ്ലസിൽനിന്നു പകർത്തിയെടുക്കുന്ന ഞാനും വെറും അനുകരണക്കാരാണ്, പെരുമ്പടവം ശ്രീധരന്റെ പ്രവൃത്തി ഇതിൽനിന്ന് അല്പംപോലും വിഭിന്നമല്ല. അദ്ദേഹം എവിടെനിന്നെങ്കിലും കഥ പകർത്തിയെന്നല്ല ഞാൻ പറയുന്നത്. ശ്രീധരൻ അങ്ങനെ ചെയ്യാറില്ല. പക്ഷേ, പൂർവ്വരൂപങ്ങളിൽ പൂർവവിഷയങ്ങൾ നിറയ്ക്കുന്നതു സർഗ്ഗാത്മകതമല്ല, പുതിയ ഉൾക്കാഴ്ചയില്ലാതെ കഥയും കവിതയും രചിക്കുന്നതു് പാഴ്വേലയാണെന്നേ ഞാൻ വ്യക്തമാക്കുന്നുള്ളൂ.

മരണം ജയിച്ചില്ല

മദ്രാസ് വിമാനത്താവളത്തിൽ ഇറങ്ങാൻ നിർബ്ബന്ധമായ ബോയിംഗ് വിമാനത്തെക്കുറിച്ച് കലാകൗമുദിയിലുള്ള ലേഖനം ഹൃദയസ്പർശകണസമർത്ഥമാണ്. ഒടുവിലത്തെ പ്രമുഖനായ കാഷ്യ എക്സ്പോർട്ടർ ഗംഗാധരൻപിള്ള, പ്രസിദ്ധരായ അഭിനേതാക്കൾ മധു, അടൂർ ഭാസി, കലാനിലയം കൃഷ്ണൻനായർ ഇവരൊക്കെ വിമാനത്തിലുണ്ടായിരുന്നു. അവരുടെയെല്ലാം പ്രതികരണങ്ങൾ വായനക്കാരായ നമ്മൾക്കു നെഞ്ചിടിപ്പുണ്ടാക്കുന്നമട്ടിൽ ലേഖകൻ വിവരിക്കുന്നു. ഇതു വായിച്ചുകഴിഞ്ഞപ്പോൾ മധുവിനോടും അടൂർ ഭാസിയോടും ഒപ്പം ഞാനും ഈശ്വരനെ നന്ദിചൊല്ലി. ആപത്തിനെ അവഗണിച്ച് അവശനായ കലാനിലയം കൃഷ്ണൻനായരെ തോളിലെടുത്തുകൊണ്ടോടിയ മധുവിനെ മനസ്സുകൊണ്ട് അഭിനന്ദിച്ചു. ഈ വിമാനത്തിൽ എന്റെ ഒരു ബന്ധു പ്രസാദചന്ദ്രനും ഉണ്ടായിരുന്നു, മരണം തീർച്ചയായും സംഭവിക്കും എന്ന വിചാരത്തോടെയാണ് തകരാൻപോകുന്ന വിമാനത്തിലിരുന്നതെന്ന് അദ്ദേഹം എന്നോടു പറഞ്ഞു പ്രസാദചന്ദ്രന്റെ ഒരു "ഈയർഡ്രം" നഷ്ടപ്പെട്ടുപോയി, മരണം ഭയങ്കരമാണ്; മരണത്തെ മുൻപിൽകാണുന്നതു് അതിനെക്കാൾ ഭയങ്കരമാണ്. എന്റെ അടുത്ത ബന്ധുസുഹൃത്തുക്കളായ മധുവിനോടും അടൂർഭാസിയോടും എന്റെ ബന്ധുവായ പ്രസാദചന്ദ്രനോടും ഭാഗ്യരഹിതരായ മററനേകം യാത്രക്കാരോടും എന്റെ ദുഃഖം ഞാൻ അറിയിക്കുന്നു.

കിളിവാതിലിലൂടെയുള്ള നോട്ടം

"കേരളത്തിലെ ഏററവും ശക്തമായ നാടകകൃത്തുക്കളിൽ അഗ്രഗണ്യനായ കൃഷ്ണപിള്ള സാറിനോടു പന്നിട് നാടകത്തപ്പററിയായി എന്റെ ചോദ്യം," എന്റെ സ്നേഹിതൻ ശ്രീ. പെരുമ്പഴ ഗോപാലകൃഷ്ണൻ പ്രൊഫസർ എൻ. കൃഷ്ണപിള്ളയുമായി നടത്തിയ സംഭാഷണത്തിന്റെ റിപ്പോർട്ട് ജനയുഗം വാരികയിൽ കാണാം, അതിലെ ഒരു വാക്യമാണിതു്, ചില്ലറ ദോഷംവന്നാൽ എന്തും പ്രവർത്തിക്കാനുള്ള മാനസികനിലയുണ്ടാവും. അതിനെ ആത്മവിശ്വാസമായി പരിഗണിക്കാം, മദ്യം കുടിച്ചാലും ഈ വിധത്തിലുള്ള ആത്മവിശ്വാസമുണ്ടാകും. ആദ്യമായി ക്ളാസ്സിൽ കയറി പഠിപ്പിക്കാൻനില്ക്കുന്ന അദ്ധ്യാപകൻ തന്റെ മുൻപിലിരിക്കുന്നവരാകെ അജ്ഞരാണെന്നു കരുതുന്നു. ആ ആത്മവിശ്വാസമാണ് പഠിപ്പിക്കാൻ അയാളെ സഹായിക്കുന്നതു്. എൻ. കൃഷ്ണപിള്ള "ഏററവും ശക്തരായ നാടകകൃത്തുക്കളിൽ അഗ്രഗണ്യനാണ്" എന്ന ഗോപാലകൃഷ്ണന്റെ പ്രസ്താവം കരുതിക്കൂട്ടിയുണ്ടാക്കിയ ആത്മവിശ്വാസമാണ്, കൃഷ്ണപിള്ള മറ്റിജിനൽ നാടകകർത്താവാണെന്നു ഞാനും ഒരുകാലത്തു വിശ്വസിച്ചിരുന്നു. പാശ്ചാത്യസാഹിത്യത്തിൽ വിലയം കൊണ്ടതോടെ ആ വിശ്വാസം തകർന്നുപോയിരിക്കുന്നു. മലയാളത്തിൽ മാടററാലിക്കവികളുള്ളതുപോലെ മാടററാലി നാടകകർത്താക്കന്മാരുമുണ്ട്. അവരിൽ അഗ്രഗണ്യനാണ് കൃഷ്ണപിള്ള അദ്ദേഹത്തിന്റെ 'ഭഗീരഥനം' എന്ന നാടകം വാ

NBS NEWS

ഭാഷാവൃത്തചിന്തകൾ
പ്രൊഫ:
പി. കുഞ്ഞിക്കൃഷ്ണമേനോൻ

ഭാഷാവൃത്തസ്വഭാവം പഠിക്കാൻ വേണ്ടിയുള്ള വിപുലമായ ഗവേഷണത്തിന്റെ ഫലമാണ് ഈഗ്രന്ഥം
വില 4-25

സിദ്ധാർത്ഥൻ
നാലപ്പാട്ട് അമ്മിണി

ശ്രീബുദ്ധന്റെ ത്യാഗസമുജ്ജ്വലമായ കഥ ലളിതമായ ശൈലിയിൽ അവതരിപ്പിക്കുന്നു
വില 3-00

ഇന്നലെ ഇന്ന്
കെ. എൻ. ജോസഫ്

കുമാരനാശാന്റെ 'ദുരവസ്ഥ' എന്ന പ്രശസ്തകൃതിയുടെ നാടകാവിഷ്കരണം
വില 3-75

വിമർശരശ്മികൾ
അത്തമാനൂർ നിർമ്മലാനന്ദൻ

സ്പഷ്ടവും ആത്മാർത്ഥതയുള്ളതും കരുത്തുറററുമായ പത്തു സാഹിത്യപ്രബന്ധങ്ങളുടെ സമാഹാരം
വില 5-00

പ്രവാഹങ്ങൾ
കെ. വി. രാമനാഥൻ

ഗ്രാമത്തിന്റെ ശാലീനസൗന്ദര്യവും ഗൃഹാതുരത്വവും തെളിഞ്ഞിട്ടുള്ള കഥാപാത്രങ്ങളിലൂടെ ഈ മനോഹരമായ നോവൽ വിടർന്നു വികസിക്കുന്നു.
വില 10-00

നാഷണൽ ബുക്ക്സ്റ്റാൾ
കോട്ടയം — 686001

യിച്ചുനോക്കേ, അതിലെ "ഷോറിൻചുവ" ഈ സത്യം വ്യക്തമാക്കിത്തരും. അദ്ദേഹത്തിന്റെ "ബലാബലം" വായിച്ചിട്ട് അമേരിക്കൻ നാടകകാരനായ സിഡ്നി ഹോവേർഡിന്റെ Silver Cord എന്ന നാടകം വായിക്കുക. ഞാൻ പറയുന്നതു് വിശ്വസിക്കേണ്ടതില്ല. സ്വകീയമായ തീരുമാനത്തിലെത്തുക. ദുർബ്ബലനായ ഡേവിഡ് അയാളുടെ അമ്മ മിസ്സിസ് ഹെൽപ്സ് ഇവരെ സിൽവർ കോർഡിൽ കാണാം. റോബർട്ട് മിസ്സിസ് ഹെൽപ്സിന്റെ ഒരു ഭർത്താവിന്റെ മകനാണ്. അമ്മ ഒരു പെൺകഴുവയാണ്. ആധിപത്യവാസനകൊണ്ട് അവർ എല്ലാവരുടെയും ജീവിതം ദുസ്സഹമാക്കുന്നു. "your mother keeps you എന്നൊരു വാക്യം ഡേവിഡിന്റെ ഭാര്യ അയാളോടു പറയുന്നുണ്ട്, അമ്മായിയുടെ ഉപദ്രവം സഹിക്കാൻവയ്യാതെ റോബർട്ടിന്റെ കാമുകി കുളത്തിൽച്ചാടി ആത്മഹത്യചെയ്യാനായി ഓടുന്നു. അവളുടെ പിറകേ ഓടുന്ന ഡേവിഡും റോബർട്ടും. അപ്പോൾ അമ്മ അവരെവിളിച്ചു പറയുന്നു് ഗ്രീക്കാണിയെ പിടിപെടുമെന്നുകൊണ്ട് തണുപ്പുള്ള് കാടതന്നെന്നാണ്. ("ശേഖരാ" "എന്താ അമ്മേ" "ഇന്നു ചുട്ടുവെള്ളത്തിൽ കുളിച്ചാൽമതി" "മതിയമ്മേ" എന്നു ബലാബലം അവസാനിക്കുന്നു. ബലാബലവും സിൽവർകോർഡും കൈയിലില്ല. കർത്തയിൽ നിന്നാണ് ഇതൊക്കെ എഴുതുന്നതു്.) മനുഷ്യന്റെ പച്ചരാസം തിന്നാൻ മടിയില്ലാത്ത അമ്മയാണ് സിൽവർ കോർഡിലുള്ളതു്, ബലാബലത്തിലും അങ്ങനെതന്നെ. ബലാബലത്തിൽ ശേഖരൻ എന്ന കഥാപാത്രം "ചുട്ടുവെള്ളത്തിൽ കുളിച്ചാൽ മതിയമ്മേ" എന്നു പറഞ്ഞു് അമ്മയുടെ ആധിപത്യത്തിൽ അമരുന്നു. സിൽവർ കോർഡിൽ റോബർട്ടാണ് അമ്മയ്ക്കു വിധേയനാകുന്നതു്. കൃഷ്ണപിള്ളയുടെ മറ്റെല്ലാ നാടകങ്ങളും മാറ്റാവാലികളാണ്. അദ്ദേഹത്തെയാണ് "അഗ്രഗണ്യനായി" ഗോപാലകൃഷ്ണൻ കാണുന്നതു്. കൃഷ്ണപിള്ള ഭേദപ്പെട്ട അധ്യാപകനാണ്. സൂക്ഷ്മതയോടെ മലയാളം എഴുതാൻ അറിഞ്ഞുകൂടാത്ത അദ്ദേഹം, വാസ്വയം കൊണ്ട് സ്ഥൂലികരണവും അത്യുക്തിയും നടത്തുന്ന അദ്ദേഹം നല്ല നിരൂപകനല്ല. അദ്ദേഹകാലത്തു് ഒരു കാറിജിനൽ നാടകകർത്താവ് കേരളത്തിലുണ്ടായിട്ടുള്ളതു് സി. ജെ. തോമസ്. [ബലാബലം നാടകത്തിനു് എന്റെ പേരിൽ എൻ. കൃഷ്ണപിള്ളതന്നെ എഴുതിയ അവതാരികയിൽ അതിനെ പ്രശംസിച്ചുകാണുന്നു പലരും കാണാം, അതിന്റെ ഉത്തരവാദിത്വം എനിക്കല്ല]

"മാനത്തു് എത്ര നക്ഷത്രങ്ങളുണ്ടു്?" അധ്യാപകൻ കുട്ടിയോടു ചോദിച്ചു. അവൻ മറുപടി നല്കി:- "മൂന്നു്," "മൂന്നോ?" അധ്യാപകൻ വീണ്ടും ചോദിച്ചു. കുട്ടി:- അതെ സാർ. എന്റെ കിളിവാതിലിലൂടെ നോക്കിയപ്പോൾ മൂന്നു നക്ഷത്രമേ ആകാശത്തു് ഉണ്ടായിരുന്നുള്ളു. അധ്യാപകൻ വേറൊരു വിദ്യാർത്ഥിയെ ചൂണ്ടിക്കാണിച്ചു ചോദ്യമായി: "താൻ എത്ര നക്ഷത്രങ്ങൾ ഇന്നലെ കണ്ടു?" അവൻ:- "ഞാനിന്നലെ ഉഷ്ണംകാരണം എന്റെ വീട്ടിന്റെ വരാന്തയിലാണ് കിടന്നുറങ്ങിയതു്, പെട്ടെന്നു് ആകാശത്തേക്കു നോക്കിയപ്പോൾ മുപ്പതു നക്ഷത്രംകണ്ടു" ഇതു മറ്റൊരു വിദ്യാർത്ഥിയോടു അതേ ചോദ്യം ചോദിച്ചു. അവന്റെ മറുപടി:- "സാർ, ഞാനിന്നലെ രാത്രി കടപ്പുറത്തു കിടന്നു, പഞ്ചാരമണലിൽ കിടന്നുകൊണ്ടു് ആകാശത്തു നോക്കിയപ്പോൾ മൂന്നു കോടി നക്ഷത്രങ്ങൾ ഞാൻ കണ്ടുസാർ."

വിശ്വസാഹിത്യത്തിന്റെ സമുദ്രത്തിലെ കിടന്നുകൊണ്ടു് നോക്കുമ്പോൾ ശോപാലകൃഷ്ണൻ, താങ്കൾ മുപ്പതുകോടി നക്ഷത്രങ്ങൾ കാണും. മലയാളസാഹിത്യത്തിന്റെ കിളിവാതിലിലൂടെ നോക്കിയാൽ മൂന്നു നക്ഷത്രങ്ങളേ കാണുകയുള്ളു.

—o—

രാമായണം സംഭവകഥ

ഉത്തർപ്രദേശിലെ അയോദ്ധ്യാ, നന്ദിഗ്രാം തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ പുരാവസ്തു ഗവേഷണം, രാമായണകഥയ്ക്കു ചില അടിസ്ഥാനങ്ങളുണ്ടെന്നു വ്യക്തമാക്കിയിരിക്കുന്നു. രാമായണത്തിന്റെ അടിസ്ഥാന കഥ കാലക്രമേണ വികസിപ്പിച്ചതാണെന്നും ഇവ മുമ്പിനു കണ്ടെത്തിയ പുരാവസ്തുക്കൾ തെളിയിക്കുന്നുണ്ടു്,

പ്രധാനമന്ത്രി മൊറാർജിദേശായിയുടെ ആയുസ്സ് ഹസ്തരേഖാശാസ്ത്രപ്രകാരം നൂറായിരിക്കുമെന്നു് ഡോക്ടർ നാനുമായി പെയിൻറർ പ്രസ്താവിച്ചിരിക്കുന്നു. ഇന്നത്തെ ആരോഗ്യനിലയനുസരിച്ചായിരിക്കുമത്രെ നൂറായിരിക്കുക്കിലും, പ്രകൃതിയുമായി പൊരുത്തപ്പെടാത്ത ഒന്നിലും വിശ്വാസമർപ്പിക്കാത്ത മൊറാർജിയുടെ മരണം കരപകടത്തിലൂടെയായിരിക്കുമെന്നും ഹസ്തരേഖാശാസ്ത്രം വിധിക്കുന്നു. മൊറാർജിയുടെ ആയുസ്സിന്റേയും ആരോഗ്യത്തിന്റേയും രഹസ്യം മൂത്രചികിത്സയാണെന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നതു്. പക്ഷേ പെയിൻറർ പൂർണ്ണമായും അതിനോടു് യോജിക്കുന്നില്ല. അതിരാവിലെ നാലുണിക്ക് ബ്രഹ്മമുഹൂർത്തത്തിലെ യോഗാസനവും പഴവർഗ്ഗങ്ങൾ, മലക്കറി, പാലു് എന്നിവകൊണ്ടുള്ള ക്രമീകൃതാഹാരവും കൃത്യനിഷ്ഠയും, ഒരിക്കലും ടെൻഷൻ ബാധിക്കാത്ത അസാധാരണ മനോനിലയുമാണ് മൊറാർജിയുടെ ആരോഗ്യരഹസ്യം. മൂത്രം സേവിക്കാതെതന്നെ മൊറാർജിയുടെ ആയുസ്സ് നൂറായിരിക്കുവതരെ നിലനില്ക്കും. അതിൽ പൂർണ്ണവിശ്വാസമുള്ള

വി. ബി. സി. നായർ

മാനവമൂത്രം അമൃതാണ്, ജീവസഞ്ജീവനിയാണ്

പെയിൻറർ ഇരുപതിലധികം വർഷങ്ങൾക്കു മുമ്പുതന്നെ മൊറാർജിയോടു് അപേക്ഷിക്കുകയുണ്ടായി മൂത്രപാനം ഉപേക്ഷിക്കണമെന്നു് പക്ഷേ മററാരെക്കാൾ കൂടുതൽ മൂത്രത്തിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്ന അദ്ദേഹം ആ 'ദിവ്യ ഔഷധം' സേവിക്കുന്നതു് ഉത്തേജനത്തെ ചെയ്യുന്നു.

ആട്ടോ യൂറിൻ തെറാപ്പിയുടെ ഇൻഡ്യയിലെ ഏററവും വലിയ പ്രചാരകനും പ്രവാചകനുമാണ് നാനുഭായി പെയിൻറർ. ക്യാൻസർ, അർസർ, ആസ്മ മുതലായ രോഗങ്ങൾകൊണ്ടു് കഷ്ടപ്പെട്ട അനേകം രോഗികളെ പെയിൻറർ സുഖപ്പെടുത്തിയിട്ടുണ്ടു്. കള്ളന്മാർ, ഗുണ്ടാകൾ, വേശ്യകൾ എന്നിവരിൽനിന്നാണ് മൂത്രചികിത്സയെക്കുറിച്ചു് പെയിൻറർ മനസ്സിലാക്കിയതു്. അതേക്കുറിച്ചു പെയിൻറർ ആവേശത്തോടെ പറയുന്നതു് ശ്രദ്ധിക്കുക "1933-ൽ രാഷ്ട്രീയത്തടവുകാരനായി യർവാദാ ജയിലിൽ കിടക്കുമ്പോഴാണ് മൂത്രത്തിന്റെ ഔഷധശക്തി എനിക്കു് നേരിട്ടു് ബോദ്ധ്യമായതു്. പോലീസു് നിർദ്ദയമായി എന്നെ മർദ്ദിച്ചു. മുറിവുകൾ ഉണക്കാൻ ജയിലിലെ ഡോക്ടർ പരമാവധി ശ്രമിച്ചു. കഴിഞ്ഞില്ല. ഒടുവിൽ ദാവൂദ്ഗാനിഎന്നതടവുകാരൻ കവർച്ചക്കാരന്റെയും മററുചിലയാളുകളുടേയും ഉപദേശമനുസരിച്ചു് ഞാൻ മൂത്രം ഔഷധമായി മുറിവുകളിൽ പൂശി. ദിവസ

ങ്ങൾക്കുള്ളിൽ എല്ലാ മുറിവുകളും ഭേദിയായി ഉണങ്ങിയെന്നതു് നിങ്ങൾക്കാണു പക്ഷേ അത്ഭുതമായേക്കാം.

മൂത്രത്തിന്റെ ഔഷധവീര്യം. എനിക്കു് ബോദ്ധ്യമായ മറ്റൊരാഴ്ചവട്ടം 1942-ലാണു്. മഹാത്മാഗാന്ധിയോടൊപ്പം യാർവാദാ ജയിലിൽ ഇരുപത്തിരണ്ടാം ദിവസം ഞാൻ നിരാഹാരസത്യാഗ്രഹമനുഷ്ഠിച്ചു. പെട്ടെന്നു് ഞാൻ അവശനായി ഉടനു് യൂറേമിയ, നൃമോണിയ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ ക്രമേണ എന്നെ കീഴടക്കുന്നു. ഇവിടെ മൂത്രം ഔഷധമായി കാമ്പയോഗിച്ചു. ഫലം അത്ഭുതകരമായിരുന്നു."

ആട്ടോ യൂറിൻ തെറാപ്പിയുടെ പിതാവായി അറിയപ്പെടുന്നതു് റാവുജിയായി പട്ടേലാണു്. 'മാനവമൂത്ര' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥമാണു് ആധികാരികമായുള്ളതു്. ഡോക്ടർ നാനാഭായി ചെയിൻറർ മൂത്രചികിത്സയിൽ പുതിയൊരു മാർഗ്ഗമാണു് സ്വീകരിച്ചിരിക്കുന്നതു്. രാവിലെ എട്ടു മണിമുതൽ രാത്രി എട്ടുമണി വരെയുള്ള മൂത്രമാണു് കുടിക്കാനുള്ളതു്. രാത്രി എട്ടുമണിമുതൽ രാവിലെ എട്ടു മണിവരെയുള്ള മൂത്രം ശരീരത്തിൽ ലേപനം ചെയ്യാനുള്ളതുമാണെന്നു് ചെയിൻറർ പറയുന്നു.

ചെയിൻറർ വൈദ്യശാസ്ത്രത്തിന്റെ ഇന്നുവരെയുള്ള നേട്ടങ്ങളെ വെല്ലുവിളിക്കുന്നു, ഇന്നു നിലവിലുള്ള എല്ലാ ചികിത്സാവിധികളും പരാജയപ്പെട്ടു എന്നു് മനുഷ്യരിലപ്പോൾ മാത്രമേ ചെയിൻറർ മൂത്രചികിത്സ ആരംഭിക്കുകയുള്ളു. ഇതുവരെ തന്റെ ചികിത്സാവിധി തെററിയിട്ടില്ലെന്നു് ചെയിൻറർ കീർത്തിച്ചു പറയുന്നു. പക്ഷേ, ഒരു കാര്യത്തിലദ്ദേഹത്തിനു് നിർബന്ധമുണ്ടു്. "ഏതു് തരിമാവ്യാധിയും മൂത്രചികിത്സ കൊണ്ടു് ഞാൻ മാററിത്തരാം പക്ഷേ, രോഗി എന്നെ പൂർണ്ണമായും വിശ്വസിക്കണം; യൂറിൻ തെറാപ്പിയേയും."

ഭാരതത്തിലെ ഒരു നൂനപക്ഷം മാത്രമേ മൂത്രം ഔഷധമായി ഉപയോഗിക്കുന്നുള്ളു. ഭൂരിപക്ഷം മൂത്രചികിത്സയെ പരിഹാസമായി നോക്കിക്കാണുന്നു. യൂറാമെ തെറാപ്പി ജീവസഞ്ജീവനിയാണെന്നു് വർഷങ്ങളായി അതിൽ വിശ്വസിക്കുന്നവർ പറയുന്നു. അറപ്പോടും വെറുപ്പോടുംകൂടി നോക്കിക്കാണുന്നവർ അതു വിശ്വസിക്കാൻ തയ്യാറല്ല. ശരീരത്തിനു് ആവശ്യമില്ലാത്തതു പുറംതള്ളുന്ന മൂത്രത്തിൽ യാതൊരു ഔഷധഗുണവുമില്ലെന്നു് പ്രഗത്ഭനായ ഒരു ഡോക്ടർ ആവർത്തിച്ചു പറയുന്നു. യൂറോതെറാപ്പിയിൽ ദശവർഷങ്ങളായി ഗവേഷണം നടത്തുന്നവർ മൂത്രം പ്രകൃതിദത്തമായ ഏററവും വലിയ ഔഷധമാണെന്നു കരുതുന്നു. മൂത്രം വെള്ളത്തിലെയും ഏതാനും ക്ഷാരവസ്തുക്കളുടെയും സമ്മിശ്രം മാത്രമല്ല. രക്തത്തിലെ ഗുണം മുഴുവനും മൂത്രത്തിലുണ്ടു്. കൂടാതെ രക്തത്തിനു് സജാതീയമായ വസ്തുക്കളും, അണുക്കളും ഹാർമോണുകളുമുണ്ടത്രേ. ഭൈഷജ്യാദിയിൽ താമസിക്കുന്ന പാലാക്കാരനായ എന്റെ ഒരു സുഹൃത്തിന്റെ ആസ്മാരോഗ്യചികിത്സമൂലം മുഴുവനായി മാറിയെന്നു് ആഴ്ചകൾക്കു് — മുമ്പു് അവനെനിക്കു് ഫോണിലൂടെ പറഞ്ഞിരുന്നു. മൂത്രം എന്ന ഔഷധമാണു്, ജീവസഞ്ജീവനിയാണു് നാം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. മൂത്രം കുടിക്കുകയെന്നതു് നമ്മേപ്പോലുള്ളവർക്കു് ചിന്തിക്കാൻ കൂടി കഴിയുന്നില്ലല്ലോ. മററിച്ചാണു ചിന്തിക്കാൻ, മൂത്രത്തെ അത്ഭുതമായി, വിലയേറിയ ഔഷധമായി, കാണാൻ കഴിയുന്ന ഒരു കാലം അധികം ദൂരത്തല്ലെന്നു് മോറാർജിയും, ചെയിൻററുമൊക്കെ പറയുന്നു. നമുക്കു് അതിനെതിരേ ശക്തിയോടെ ശബ്ദിക്കാൻ കഴിയുമോ?

ലോകത്തിന്റെ ശ്രദ്ധയാകർഷിച്ച ഭാരതത്തിലെ ഏതാനും സ്ഥലങ്ങളിലൊന്നാണു് പൂണെ. ഭഗവാൻ രജനീഷിന്റെ ആശ്രമം സ്ഥിതി ചെയ്യുന്നതു് അവിടെയാണു്. അല്ലാതെ മറെറാരു പ്രാധാന്യവും ആ സ്ഥലത്തിനില്ല. ഇപ്പോൾ പൂണിലെ ബ്ളൂ ഡയമണ്ടു് ഹോട്ടലും, അവിടത്തെ പോലീസും, ഇൻസ്പെക്ടറായ ഡി. ജെ. ബോൺസ്ളേയും ലോകത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണു്. ഭാരതത്തിലെ സത്യസന്ധരായ പോലീസുദ്യോഗസ്ഥന്മാർക്കുകൂടി കറുത്ത മുഖങ്ങൾ സമ്മാനിക്കുന്ന ഈ സംഭവം അടുത്തകാലത്തു് നടന്ന സംസ്ക്കാരശൂന്യമായ സംഭവങ്ങളിൽ തലക്കുറിച്ചാണ്ടുന്നവയാണു്. ദിവസംതോറും ഇത്തരം നൂറു കണക്കിനു് സംഭവങ്ങൾ ഭാരതത്തിലുടനീളം നടക്കുന്നു

(ശേഷം 57-ൽ)

ദർശനബോധത്തിന്റെ കല

എ. പി. സുരേഷ്

'നമ്മുടെ ദൂഷിതവലയങ്ങൾ നമ്മെത്തന്നെ വിഷംതീണ്ടിയിരിക്കുന്നു. അമ്മുടെ ദുഃഖം നമ്മെ മുടിയിരിക്കുന്നു, നേരും നന്മയും തമ്മിൽ ആരാച്ചാർമാരുടെ ആദർശവാദവും ആത്മാർത്ഥമായ അകൽച്ചയും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലെത്തിയിരിക്കുന്ന നമ്മുടെ.'

— ഇങ്മാർ ബർഗ്മാൻ

മഹത്തായ കലാസൃഷ്ടികൾ ഉയർത്തുന്ന ഏററവും വലിയ വെല്ലുവിളി ഭാഷയുടെ മാന്ത്രികത്താക്കോൽ കളവുചെയ്യപ്പെട്ട ഒരുവന്റെ ആത്മവേദന നിരൂപകനു സമ്മാനിക്കുന്നു എന്നതുകൂടിയാണു്, സങ്കീർണ്ണമായ അനുഭൂതിയുടെ സൂചിമുനകളിൽ തുളുമ്പി നില്ക്കുന്ന സൗന്ദര്യലഹരി മാത്രമായി അനുഭവവേദ്യമായിപ്പടരുവാനുള്ള കഴിവു്, വൃഥാ വാചാലതയുടെ ആലംബമില്ലാതെതന്നെ കാലാതീതമായ ഒരു നിലനില്പു് അവസ്ഥ നേടിക്കൊള്ളുന്നു. ഈ കലാസൃഷ്ടികൾ മനുഷ്യമനസ്സുകളെ ലവ്യാമോഹത്തിന്റെ പച്ചത്തുരുത്തുകളേയും സങ്കീർണ്ണതയുടെ ആഴക്കടലുകളേയും പ്രതിഷേധത്തിന്റെ കനൽക്കണ്ണുകളേയും അനാവരണംചെയ്യുകയും അനുഭൂതിയുടെ അഗ്നിജ്വാലകൾകൊണ്ടു് ആസ്വാദകമനസ്സുകളെ ഒരുതരം ശുദ്ധീകരണശക്തിനു് വിധേയരാക്കുകയും ചെയ്യുന്നു. അനന്തസാധ്യതകളുടെ നീരാളിക്കൈയ്കൾകൊണ്ടു് സിനിമയും അനുഷ്ഠിക്കുന്ന കർമ്മവും ഇതുതന്നെ.

ബർഗ്മാന്റെ 'വൈൽഡ് സ്ട്രാബെറീസ്' കാണുകയെന്നതു് ജീവിതത്തിലെ ഒരു സുലഭ സന്ദർഭമായിത്തന്നെ വേണം കരുതുവാൻ. മനുഷ്യന്റെ ബാഹ്യമായ തടവറകളേയും ആന്തരികമായ ദുരൂഹതകളേയും (മനസ്സ്) തുറന്നു കാട്ടുന്നതിൽ ഇത്രയേറെ പാടവം പ്രകടിപ്പിക്കുന്ന ചലച്ചിത്രകാരന്മാർ വിരളമാണെന്നതുതന്നെയാണു് കാരണം. വാക്കുകൾക്കും ചിത്രങ്ങൾക്കും അപ്രാപ്യമായേടത്തുനിന്നാണു് സിനിമ ജന്മം കൊള്ളേണ്ടതെങ്കിൽ തീർത്തും അനുചിതവും മഹത്തുമായ ഒരു പിറവിയിതാ എന്നു നാം സ്വയമറിയാതെ ഉദ്ഘോഷിച്ചുപോവും. ചലച്ചിത്രഭാഷക്കോ അതീതമാണു് മനുഷ്യമനസ്സു്, എന്നാൽ ആ സങ്കീർണ്ണതകൾ പുലർത്തിക്കൊണ്ടുതന്നെയാണു് പ്രൊഫ. ഐവക് ബോർഗിന്റെ കഥ ബർഗ്മാൻ നമ്മോടു പറയുന്നതും. ഒരുതരം ശ്രദ്ധാത്മക സ്വഭാവം ചിത്രത്തിലാകെ നിറഞ്ഞുനില്ക്കുന്നു. പ്രമേയവും ആഖ്യാനവും മനഃശാസ്ത്രപഠനത്തിന്നുമാത്രം വിധേയമാക്കാവുന്ന ഒന്നാണു്, പ്രധാന കഥാപാത്രമായ ഐസക് ബോർഗ് പ്രൊഫഷനൽ ജീവിതത്തിൽ ഗോൾഡൻ ജൂബിലിയാഘോഷിക്കുന്നവർക്കുള്ള അവാർഡ് സ്വീകരിക്കാൻ പോകുന്ന ദിവസത്തെ സംഭവങ്ങളും സ്വപ്നങ്ങളും ചിന്തകളും ഡയറിയിൽ കുറിച്ചിടുന്ന രൂപത്തിലാണു് ചിത്രം അവതരിപ്പിച്ചിട്ടുള്ളതു്.

അന്നാദ്ദേഹം ഉറക്കമുണരുന്നതു് ഒരു ദുഃസ്വപ്നം കണ്ടുകൊണ്ടാണു്. ഇതായിരു

ന്ന ആ സ്വപ്നം : പ്രൊഫ: ബോർഗ് ഒരു തരുവിലൂടെ നടക്കുകയാണ്, ചുറ്റും വിജനവും ശൂന്യവുമാണ് തെരുവ്. ആ പേടിപ്പെടുത്തുന്ന വിജനതയിൽ അയാൾക്കു വീർപ്പുമുട്ടുന്നു. നിശ്ശബ്ദതയിൽ അയാളുടെ കാലടിയൊച്ചമാത്രം മുഴക്കങ്ങളായി പ്രതിധ്വനിച്ചു. റോഡരികിലുള്ള വാച്ചുകടയിൽ സമയം നോക്കാനായി അയാൾ നിന്നു. പക്ഷേ അവിടെ തൂങ്ങിക്കിടന്നിരുന്ന വലിയ ക്ലോക്കിന് സൂചികളുണ്ടായിരുന്നില്ല. അയാൾ കീശയിൽനിന്നും തന്റെ പോക്കറ്റ്‌വാച്ചെടുത്ത് നോക്കിയപ്പോഴാകട്ടെ അതിനും സൂചികളുണ്ടായിരുന്നില്ല. അതു നടക്കുന്നുണ്ടോ എന്നറിയാനായി ചെവിയോടടുപ്പിച്ചപ്പോൾ അയാൾ കേൾക്കുന്നതോ സ്വന്തം ഹൃദയമിടിപ്പും. ഭീതിപൂണ്ടയാൾ ചുവരിൽ ചാരിനിന്നപ്പോഴുന്നു, അപ്പോഴാണ് കുറച്ചകലെയായി തനിക്ക് പുറംതിരിഞ്ഞുനില്ക്കുന്ന ഒരാളെ അയാൾ കാണുന്നത്, പ്രതീക്ഷയോടെചെന്ന ബോർഗ് അയാളുടെ കരംപിടിക്കുന്നു. പക്ഷേ തിരിഞ്ഞുനിന്ന അയാളെക്കണ്ട ബോർഗ് ഞെട്ടിത്തെറിക്കുന്നു. അയാൾക്ക് മുഖമുണ്ടായിരുന്നില്ല. ബോർഗിന്റെ സ്പർശമേറ്റ് ആ രൂപം താഴെ വീഴുന്നു. ശരീരം അലിഞ്ഞുപ്രത്യക്ഷമായി. ചുവരും വസ്ത്രങ്ങൾ മാത്രമായിരുന്നു നിലത്തുകിടന്നിരുന്നത്".

ഒരു ഇടുങ്ങിയവഴിയിലൂടെ വീണ്ടും മുന്നോട്ടുപോകുമ്പോൾ രണ്ടു കുതിരകൾ ഒരു ശവവണ്ടിവലിച്ചുകൊണ്ടുവരുന്നതയാൾ കാണുന്നു. ചുവന്ന ഇഷ്ടികകൊണ്ടുണ്ടാക്കിയ ഒരു ചെറിയ പള്ളിക്കു സമീപമായി അയാൾ നിന്നു. പള്ളിക്കു മുന്നിലെത്തിയപ്പോൾ നിയന്ത്രണംപിഴച്ച് വണ്ടിയുടെ ചക്രങ്ങളിലൊന്ന് ഊരിത്തെറിക്കുന്നു. പെട്ടെന്നയാൾ മാറിയതിനാൽ ചക്രം പള്ളിയുടെ ഭിത്തിയിലടിച്ച് തകരുന്നു. മുന്ന ചക്രങ്ങളിന്മേൽ ആടിയുലഞ്ഞ വണ്ടിയിൽനിന്നും ഒരു ശവപ്പെട്ടി നിലത്തു വീഴുന്നു താഴെവീണ ശവപ്പെട്ടിയുടെ വിടവിലൂടെ ഒരു കൈ പുറത്തേക്ക് തള്ളിനിന്നിരുന്നു. ഭയവും ആകാംക്ഷയും ബോർഗിനെ വല്ലാത്തൊരവസ്ഥയിലെത്തിച്ചിരുന്നു. അയാൾ പതുക്കെ അതിന്നരികിലേക്ക് ചെന്നു. താഴക്ക് കുനിഞ്ഞ അയാളെ ആ കരം ശക്തിയായി തന്നിലേക്ക് പിടിച്ചടുപ്പിക്കുന്നു. ബോർഗ് കുതറി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ ശവം എഴുന്നേൽക്കുന്നു. മരവിച്ച ഒരു ചിരിയുതിർത്തിരുന്ന ആ മുഖത്തേക്ക് നോക്കിയപ്പോൾ ഒരിക്കൽകൂടി ബോർഗ് നടുങ്ങി വിറച്ചു. അതയാളുടേതുതന്നെ ശവമായിരുന്നു. ഇവിടെവച്ച് പ്രൊഫസർ ഉറക്കത്തിൽനിന്നുണരുന്നു. താൻ മരിച്ചിട്ടില്ലെന്ന ആശ്വാസത്തിന്റെ തിളക്കം അയാളുടെ മുഖത്ത് തെളിയുകയാണ്".

എഴുപത്തിയാറു കഴിഞ്ഞ പ്രൊഫസറെ വേട്ടയാടുന്ന ഏകാന്തതാബോധത്തെയും മരണഭീതിയേയും ഏകാന്തതയുടെ തടവറ ഭേദിക്കാനുള്ള വിഫലശ്രമങ്ങളിലും അദമ്യമായ മോഹത്തെയും വിശ്രമാത്മകമായ ഒരു സ്വപ്നത്തിലൂടെ അഭിവ്യഞ്ജിപ്പിക്കുകയാണ് ബർഗ്മാൻ. അതിന്റെ മനഃശാസ്ത്രപരമായ യുക്തിയും ഔചിത്യവും നിഷേധിക്കാനാവാത്തതാണ്. ഒരേ സമയംതന്നെ ഭയപ്പെടുത്തുകയും വശീകരിക്കുകയും വെളിപാടുകളിലേക്ക് നയിക്കുകയുംചെയ്യുന്ന ഈ രംഗത്തിലൂടെ ബോർഗിന്റെ മാനസികതലത്തിലേക്ക് കടന്നുചെല്ലാൻ നമുക്ക് കഴിയുന്നു. ബോർഗിനെ സംബന്ധിച്ചിടത്തോളം ജീവിതം ഒരല്ലുണ്ടായിത്തീർന്നിരുന്നു. യഥാർത്ഥ്യവും ഭാവനയും ശ്രമാത്മകതയും കെട്ടുപിണഞ്ഞു് ചേർന്ന് ഒരുതരം പിറ്റിപ്പിക്കുന്ന സൗന്ദര്യം ആവാഹിക്കുകയാണ് ഇവിടെ. യാഥാർത്ഥ്യത്തിൽനിന്ന് ആരുഭിച്ച് ഭ്രാന്തകതയിൽ ചെന്നാടുങ്ങുന്ന ഈ രംഗത്തിലൂടെ ബാഹ്യലോകവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടുപോകുന്നു. ബോർഗിന്റെ മനസ്സിനുള്ളിലേക്ക് ഏതോ ആഭിചാരകർമ്മത്തെ ചെന്നാണ്ടു നമ്മൾ നയിക്കപ്പെടുന്നു. ചിത്രത്തിലാകപ്പാടെ നടന്ന ശൈലി അനുഷ്ഠിക്കുന്ന കർമ്മവും ഇതുതന്നെയാണ്. കരയുകയോ ചിരിക്കുകയോ വേണ്ടതെന്നറിയാത്ത ഒരു തരം വിർപ്പുമുട്ടൽ.

"എന്റെ നാടകത്തിലെ ചില ദൃശ്യങ്ങൾ കാണുന്ന പ്രേക്ഷകർ കരയുകയാണോ ചിരിക്കുകയാണോ എന്താണ് ചെയ്യേണ്ടതെന്നറിയാതെ കുഴങ്ങുന്നുവെങ്കിൽ അതെന്റെ വിജയമായിരിക്കും" എന്ന് ഫെഡറിക്കാ ലോർക്കെ പ്രഖ്യാപിക്കുകയുണ്ടായി. ഏതെങ്കിലും ലവണബോധത്തിലലിയാത്ത ശുദ്ധമായ ആസ്വാദനത്തിലേക്കാണ് ഇവിടെ ബർഗ്മാനും ഉന്നംവക്കുന്നത്.

മനുഷ്യജീവിതത്തിന്റെ ദുരന്തബോധം ദുഃസ്വപ്നപോലെ ഭീതിജനകവും നിഷേധിക്കാനാവാത്ത ആകുലതയുമാണെന്ന് ഓർക്കുക. ഈ ദർശനപരമായ വിശുദ്ധിയുടെ കലർപ്പ് ഇവിടംതൊട്ട്തന്നെ ആരംഭിക്കുന്നുണ്ട് "ഒരവൺഡ് സ്ട്രാബറിസി"ൽ.

വൈകുന്നേരം അകലേയുള്ളൊരു നഗരത്തിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കാനായി അപ്പോൾത്തന്നെ (പുലർച്ചെ മൂന്നരമണിക്ക്) പുറപ്പെടുകയാണ് പ്രൊഫസർ. കഴിഞ്ഞ നാല്പതു വർഷക്കാലമായി അയാളെ ശുശ്രൂഷിക്കുന്ന മിസ് അഗഡായുടെ വാക്കുകളൊന്നും അയാൾ ചെവിക്കൊള്ളുന്നില്ല. തന്റെ ഭർത്താവിനെ കാണാനായി തിരിക്കുന്ന മരുമകൾ മരിയാനയേയും അയാൾ ഒന്നിച്ചുകൂട്ടുന്നു. ആ യാത്രയിലാണ് പ്രൊഫസർ തന്റെ ഭൂതകാലത്തിലേക്കുള്ള തീർത്ഥാടനങ്ങൾ പലതും നടത്തുന്നത്. മരുമകളും അയാളും തമ്മിൽ അത്രസത്തിലൊന്നുമായിരുന്നില്ല. തന്റെ മകനെ പഠിപ്പിക്കാൻ ചിലവായ തുക അയാൾ തിരിച്ചുവാങ്ങുന്നു എന്നു തുടങ്ങി അവളുടെ ഭാഗത്തു് ന്യായമായ കാരണങ്ങളുണ്ടെന്നിരിക്കെ.

പാത്രസൃഷ്ടിയിലുള്ള ബർഗ്മന്റെ കണിശമായ ബോധം വെളിവാക്കുന്ന ഒരു രംഗം: കാറിൽവച്ച് തന്റെ അടുത്തുവരുന്ന മരണത്തെക്കുറിച്ച് മരിയാനയോട് പ്രൊഫസർ പറയുമ്പോൾ അവൾ പറയുന്നു "ഇവൾഡ് അതുതന്നെ പറയാറുണ്ട്." അപ്പോൾ പ്രൊഫസർ വേവലാതിയോടെ ചോദിക്കുന്നു് "എന്നെക്കുറിച്ചോ" എന്നാണ്.

"അല്ല അദ്ദേഹത്തെക്കുറിച്ചുതന്നെ." മരിയാനയുടെ മറുപടി. വാർദ്ധക്യത്തിന്റെ അണ്ണും പിണ്ണും പ്രൊഫസർ ബോർഗ്നെമാത്രം കഴിഞ്ഞുപോവാൻ വഴിയില്ലല്ലോ—

തുടർന്നുവരുന്ന സംഭാഷണങ്ങളിലൂടെ മരിയാനയും ഇവാൾഡും തമ്മിലുള്ള ദാമ്പത്യത്തിന്റെ ഒരേകദേശരൂപവും വെളിവാക്കപ്പെടുന്നുണ്ട്. താൻ ഗർഭിണിയാണെന്ന രഹസ്യം അറിയിക്കുന്ന മരിയാനയോട് ഗർഭഛിദ്രം നടത്താനാണ് ഇവാൾഡ ആവശ്യപ്പെടുന്നതു്. അയാളുടെ സിദ്ധാന്തം: "ഇവിടെ ജീവിക്കുക എന്നതു് അസംബന്ധമാണ്. അതിലേറെ അസംബന്ധമാണ് പുതിയ ഇരകളെക്കൊണ്ട് ഇവിടം നിറക്കുകയെന്നതു്. ഏറ്റവും വലിയ അസംബന്ധം അവർ നമ്മേക്കാൾ നല്ല ലോകത്തിലായിരിക്കും ജീവിക്കുക എന്നു വിശ്വസിക്കുന്നതാണ്." ഫ്ളാഷ്ബാക്കിൽ ഈ രംഗം നാം കാണുന്നു.

താൻ ജീവിതത്തിലെ ആദ്യത്തെ പത്തിരുപതു് വർഷക്കാലം കഴിച്ചുകൂട്ടിയ വീടെത്തുമ്പോൾ അയാൾ കാർ നിർത്തുന്നു. മരിയാനയെ കടലിൽ ഒന്നു മുങ്ങിവരാൻ വിട്ട് ഒരു ഞാവൽ വൃക്ഷത്തിന്നു കീഴിൽ വിശ്രമിക്കുകയായിരുന്നു അയാൾ. ആയിരം അനക്കങ്ങളുടെ സംഗീതം ചുററിലും ലോലമായ കരങ്ങൾ നീട്ടി തൊട്ടുതലോടുന്ന കുളിർക്കാറ്റിലും, അയാളിൽ ഓർമ്മകൾ ഉണരുകയായി, സന്തോഷദായകമായ കൌമാരദശയിലെ ദിവസങ്ങൾ ഫ്ളാഷ്ബാക്ക് ആരംഭിക്കുന്നു. തന്റെ മുറപ്പെണ്ണായ സാറയെ തന്റെ ജ്യേഷ്ഠൻ സിഗ്ഫ്രീഡ് ബലാല്ക്കാരമായി ആ ഞാവൽമരത്തിന്നു കീഴെവച്ച് ചുംബിക്കുന്നതു്, തന്റെ മരിച്ചുപോയ ഒമ്പതു് സഹോദരീസഹോദരന്മാരുമായി അമ്മാവന്റെ പിറന്നാൾ ആഘോഷിക്കുന്നതു്. അപ്പോഴത്തെ ചെറിയ പിണക്കങ്ങൾ, കോലാഹലങ്ങൾ, ആഹ്ളാദങ്ങൾ എല്ലാം അയാൾ കാണുന്നു. ഈ രംഗങ്ങളിലൊക്കെ അവരിലൊരാളായല്ല മറിച്ച് ഏഴുപത്തിയാറുകഴിഞ്ഞ പ്രൊഫസറെ വെറുമൊരു കാഴ്ചക്കാരനായി മാത്രം നാം കാണുന്നു.

തുടർന്നങ്ങോട്ടുള്ള യാത്രയിൽ അവരോടൊണിച്ചുചേരുന്ന സാറ എന്ന യുവതിയേയും വിക്ടർ, ആൻഡേഴ്സ് എന്നീ ചെറുപ്പക്കാരെയും ബർഗ്മാൻ അവതരിപ്പിക്കുന്നതു് വ്യക്തമായ ഉദ്ദേശങ്ങളോടുകൂടിത്തന്നെയാണ്. രണ്ടുപരിലാരെ തിരഞ്ഞെടുക്കണമെന്നറിഞ്ഞുകൂടാത്ത പ്രതിസന്ധിയിലാണ് സാറ. ആൻഡേഴ്സന്റെ ഇടയ്ക്കിടെ അവൾ പ്രകാപിപ്പിക്കുന്നുണ്ട്. ഒപ്പം വിക്ടറോട് പ്രേമപൂർണ്ണ

മായ ചേഷ്ടകളിൽ മുഴുകുകയും, തന്റെ സ്നേഹിക്കുകയും തന്റെ ജേഷ്ഠനെ വിവാഹം കഴിക്കുകയുംചെയ്ത മറ്റൊരു സാറയെക്കുറിച്ചുള്ള ഓർമ്മയിൽ വിണുപിടിയാൻ ശപിക്കപ്പെട്ടവനാണല്ലോ അയാൾ, കഥാപാത്രങ്ങളിലും സംഭവങ്ങളിലും മറ്റൊരു സമകാലിക സത്യംകൂടി ഉൾപ്പെടുത്തി ഭൂതകാലത്തിന്റെ അന്തരീക്ഷം നിലനിർത്തുകയും സാന്നിദ്ധ്യം അനുഭവിപ്പിക്കുകയുമാണിവിടെ, ലളിതമായ സ്വരലഹരിയാണ് ശൈലിക്കുള്ളതെങ്കിലും അതിന്റെ തിട്ടവും കരുത്തേറിയതുമായ 'അണ്ടർടോൺ' കലയുടെ അഭിവ്യഞ്ജന സ്വഭാവത്തിന് പുതിയൊരു ചൈതന്യം നൽകുന്നു. അവസാനരംഗത്ത് പരിപാടികൾ കഴിഞ്ഞ് പ്രൊഫസർ ക്ഷീണിതനായി തിരിച്ചെത്തുന്ന രാത്രിയിൽ വിക്ടറും ആൻഡ്രേഴ്സും സാറയും താഴെ നിന്നു വിടചോദിക്കുന്നു.

"താങ്കൾക്കറിയുമോ ഫാദർ ഐസക്", സത്യത്തിൽ ഞാൻ നിങ്ങളെയാണ് സ്നേഹിക്കുന്നതു്. ഇന്നും നാളെയും എന്നും—" എന്ന സാറയുടെ വാക്കുകളിലൂടെ അനുഭൂതിയുടെ ഒരു പുതിയ പുഷ്പം നമ്മുടെയുള്ളിൽ വിടരുന്നു. ബർഗ്മാന്റെ യുക്തിയേയും പാടവത്തേയും ഏതൊരാളും തലകുലുക്കി സമ്മതിച്ചുപോവുന്ന സന്ദർഭമാണതു്.

വഴിക്ക്വച്ച് എഞ്ചിനീയറായ അൽമാനും ഭാര്യ വെറോനിക്കയും അവരോടൊപ്പം ചേരുന്നു. എന്തുകാര്യത്തിനും ഭർത്താവിനോട് വിയോജിക്കുന്ന സ്ത്രീയാണ് ബെറിറ്റ്. ഒടുവിൽ കാറിൽവച്ചും ശല്യം സഹിക്കവയ്യാതായപ്പോൾ മറിയാന അവരെ പുറത്താക്കുന്നു. വീണ്ടും യാത്ര പ്രൊഫസർ ചെറിയൊരു മയക്കത്തിലമരുന്നു. തന്റെ പരാജയത്തിന്റെ കയ്പ് നീർ ചുവക്കുന്ന മറ്റൊരു സ്വപ്നം കൂടി.

ഇത്തവണ പ്രൊഫസർ ഒരു സൈക്കോതെറാപ്പിക്ക് വിധേയനാവുന്നതാണ് നാം കാണുന്നതു്. വിക്ടർ, ആൻഡ്രേഴ്സ്, സാറ എന്നിവരും മറ്റു കുറച്ചുപേരും കാഴ്ചക്കാരായുള്ള ഒരു മുറി. കാറിൽ നിന്നിറക്കിവിടപ്പെട്ട അൽമാൻ തന്റെ മുന്നിലുള്ള മൈക്രോസ്കോപ്പിലൂടെ നോക്കി എന്താണ് കാണുന്നതെന്നു പറയാൻ പ്രൊഫസറോടാവശ്യപ്പെടുന്നു. മൈക്രോസ്കോപ്പിലൂടെ നോക്കിയ പ്രൊഫസർക്ക് കാണാൻ കഴിയുന്നതു് തുറിച്ചുനോക്കുന്നതന്റെ കണ്ണുകളെത്തന്നെയാണ്, മിത്തിയിലെ കറുത്ത ബോർഡിൽ എഴുതിയ വാക്കുകൾ അൽമാൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രൊഫസർ വിഷമിച്ച് വായിക്കുന്നുവെങ്കിലും അതിന്റെ അർത്ഥം പറയാനയാൾക്ക് കഴിയുന്നില്ല.

"അവിടെ എഴുതിയിരിക്കുന്നതു് ഒരു ഡോക്ടറുടെ ആദ്യത്തെ കടമയാണ്, എന്താണെന്നോ, മാപ്പപേക്ഷിക്കുക—" ഒടുവിൽ അൽമാൻതന്നെ പറഞ്ഞുകൊടുക്കുന്നു, പെട്ടന്ന് ഓർമ്മവന്നതുപോലെ അയാളതു് ശരിവെക്കുന്നുവെങ്കിലും ആ മുഖത്ത ദീനവും വിളർത്തതുമായ ചിരി ഒരു ദുഃഖാനുഭവത്തിന്റെ മിക്കച്ച ഫലിതമായിരുന്നു.

പിന്നീടയാൾ മൂന്നാമത്തെ പരീക്ഷണത്തിന് വിധേയനാവുന്നു. കസേരയിലിരുത്തിയ സ്ത്രീയെക്കാണിച്ച് അവളുടെ രോഗമെന്തെന്ന് പറയാനയാളോടാവശ്യപ്പെടുന്നു. അവളെ പരിശോധിച്ച പ്രൊഫസർ പറയുന്നതു് അവൾ മരിച്ചുപോയെന്നാണ്. ഒരു ഫലിതം കേട്ടിട്ടെന്നപോലെ ആ നിമിഷത്തിൽ അവൾ കണ്ണുതുറന്ന് പൊട്ടിച്ചിരിക്കുന്നു.

അതിനുശേഷം ഒരു വനാന്തർഭാഗത്തേക്ക് നയിക്കപ്പെട്ട പ്രൊഫസറെ വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ അദ്ദേഹത്തിന്റെ ഭാര്യയും മറ്റൊരു പുരുഷനും തമ്മിലുള്ള പ്രേമലീലകൾ അൽമാൻ കാട്ടിക്കൊടുക്കുന്നു.

"ഈ രംഗം എപ്പോൾ വേണമെങ്കിലും വ്യക്തമായി നിങ്ങൾക്കോർമ്മിക്കാൻ കഴിയും. കാരണം 1917 മെയ് ഒന്ന് ചൊവ്വാഴ്ച നിങ്ങളിവിടെനിന്ന് അവർ പറയുന്നതും ചെയ്യുന്നതും കേൾക്കുകയും കാണുകയും ചെയ്തു.— "അൽമാൻ പറഞ്ഞു. വേദനയോ രക്തച്ചൊരിച്ചിലോ കൂടാതെ അവരെ വധിച്ചതു് പ്രൊഫസറുടെ ഒരു 'സർജിക്കൽ മാസ്റ്റർ പീസാ'യിരുന്നുവെന്ന അൽമാന്റെ വാക്കുകൾകേട്ട് വിളറിവെളുത്തുപോയ പ്രൊഫസർ അതിനുള്ള ശിക്ഷയെന്തെന്നാരായുന്നു. "സാധാരണ അനുഭവിക്കേണ്ട ശിക്ഷതന്നെ ഏകാന്തജീവിതം—" അതോടെ അൽമാൻ അപ്രത്യക്ഷനാവുന്നു. അകലെയെവിടെയോ

ഒരുമോഹം

ഭുവനൻ മിതൃമ്മല

പുഴവക്കിൽ പൂമരത്ത് പൂചൂടി
പുലരിതൻ പുളവിലാസത്തിൻ–
പുതുപ്പിനുള്ളിൽ
നവമോഹമാർന്ന പ്രപഞ്ചം നെറുകയിൽ
പൂളകരമചോർത്തി കൺതുറന്നു,
പിടയുന്ന പകൽമിൻകണ്ണുകൾപ്പുളകം–
പൂണ്ടു
കരയിലെ ചൊന്നാനിരിപ്പൂമരക്കൊമ്പിൽ
ഒരുമോഹിയജ്ഞാതമേതോദിശയുടെ
ചൊടിയിൽനിന്നിടവിടാതെകുകിവന്നു
പകലിനിനെ കണ്ടിരുന്നിട്ടുനാളെത്ര
മിഴിയിണതുടിപോലെ പോയ്മറഞ്ഞു,
ഒരുമിനിലമിച്ചില്ലെങ്കിലും
നാളെയും
തരുശാഖയിൽ നിയിരുന്നിട്ടുനിശ്ചയം
ഒരു മോഹമാണിവിശുദ്ധമാം ഭൂമിയിൽ
എരിയുന്നമിഴിയോടലയുന്ന ജീവിതം,
മോഹിച്ചതൊക്കെ ലഭിക്കില്ല
ഞാനാവിന്റെ
കൂണുകൾമാത്രം ലഭിക്കും ഭുജിക്കുവാൻ,
ഗതകാലസ്മൃതിച്ചുടലപ്പുറമ്പിലെ
തിരുശേഷിപ്പുസ്ഥിരം–
കുമ്പാരംകൂട്ടിയോ–
രലറുമിതാനോക്ക
മഹനീയജീവിതം,
കടലത്താനുള്ള പ്രയാണത്തിൽകാലുകൾ
തണ്ടും തകർന്നവർ
സ്മാരകശിലകളിൽ
നിന്നുകൊണ്ടോതുമിതാനോക്ക ജീവിതം,
ഒരുകൊച്ചുമീനെന്നനങ്ങി
പുഴയിലേക്കാരുമിന്നൽപോലെ
പറന്നുചൊന്നാൻ.
ചിറകുതളർന്നജലാശയത്തിൽവീണ
പറവയെ കൊത്തിവലിച്ചുഭുജിച്ചു,
ഒരുമോഹിയജ്ഞാതമേതോദിശയുടെ
ചൊടിയിൽനിന്നപ്പോഴുമിറുവിണ്ടു
ഒരുമോഹമാണി വിശുദ്ധമാം ഭൂമിയിൽ
എരിയുന്ന മിഴിയോടലയുന്നജീവിതം,

—o—

തന്റെ കാമുകി സാറയുടെ ശബ്ദം അയാൾ കേൾക്കുന്നു.

"സാറാ നീ എന്നോടൊന്നിച്ചുണ്ടായിരുന്നുവെങ്കിൽ നീ അല്പം ക്ഷമ കാട്ടിയിരുന്നെങ്കിൽ—" അയാളുടെ വാക്കുകൾക്ക് ഒരു വിലാപത്തിന്റെ ആർദ്രതയുണ്ടായിരുന്നു. കാത്തുനില്ക്കാനുള്ള അയാളുടെ അപേക്ഷ വകവക്കാതെ അയാൾക്ക് വളരെ മുന്നിലായി നടന്നിരുന്ന സാറയും അപ്രത്യക്ഷയാവുന്നു.

ദുഃസ്വപ്നങ്ങളിൽ മനുഷ്യമനസ്സിനെ സംബന്ധിക്കുന്ന അഗാധമായ സത്യങ്ങൾ അടങ്ങിയിരിക്കുന്നു എന്നൊരു മനഃശാസ്ത്രവശമുണ്ട്. ഇവിടെ കഥാപാത്രം കാണുന്ന സ്വപ്നങ്ങൾക്ക് യുക്തിക്ക് നിരക്കാത്ത അന്തരീക്ഷവും ഉദ്ദേശം വെളിപ്പെടുത്താത്ത സംഭവഗതികളുമാണുള്ളതു്. ഒരു പ്രഹേളികയുടേതായ ആ ഇരുണ്ട സ്വഭാവംതന്നെയാണ് കഥാപാത്രത്തിന്റെ ഭൂതകാലത്തിലേക്ക് തുറക്കുന്ന വാതിലുകളാവുന്നതും, കഥാപാത്രത്തിലുണ്ടാകുന്ന വികാരവിക്ഷോഭങ്ങൾ പ്രേക്ഷകനിലേക്കുകൂടി പകർന്നുകൊടുക്കുന്നതിനുവേണ്ടിയാവണം ബർഗ്മാൻ ഇത്തരം ഒരു ടിറ്റ്മെ

ൻറ് അവലംബിച്ചിട്ടുണ്ടാവുക, ഭാവബന്ധുരപ്പിക്കുന്ന ബിംബങ്ങൾ എന്ന നിലയ്ക്കാണ് ആ സ്വപ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നത്, തൻെറ ഒരൊററ ഓർമ്മയിൽപ്പോലും ചെറുപ്പക്കാരനായ പ്രൊഫസർ പ്രത്യക്ഷപ്പെടുന്നില്ലെന്നതും ശ്രദ്ധേയമാണ്, യാഥാർത്ഥ്യത്തിൻെറയും [മതാതകതയുടേതുമായ തലങ്ങൾ അമ്പുഖമായിവരുന്ന സന്ദർഭങ്ങളും വിരളമല്ല. യന്ത്രസ്ലിടയിൽ തൻെറ അമ്മയെ പ്രൊഫസർ സന്ദർശിക്കുന്ന ഒരു രംഗമുണ്ട് അവിടെവച്ച് അമ്മയുടെ ഒരൊറ്റ കസപ്പായ ഗോൾഡൻവാച്ച് അവരയാൾക്ക് നൽകുന്നു. സ്വപ്നത്തിലയാൾ പുറത്തെടുക്കുന്ന വാച്ചിനെ അനുസ്മരിപ്പിക്കുന്ന ഈ വാച്ചിനും സൂചികളുണ്ടായിരുന്നില്ല. ഇങ്ങിനെ യാഥാർത്ഥ്യത്തെ അയഥാർത്ഥകല്പനകളിൽ സന്നിവേശിപ്പിച്ച് ദൃശ്യബോധത്തിൻെറ ഒരു 'റിഥം' സൃഷ്ടിക്കുകയും കാണ്ഡസൂക്ഷിക്കുകയുമാണ് ബർഗ്മാൻ. അതുവഴി പ്രൊഫസർ ഐസക് ബോർഗിൻെറ വെറും കഥയെന്ന പദിധിവിട്ട് ദർശനബോധത്തിൻെറ കലയെന്ന പദവിയിലേക്ക് 'കാട്ടുഞാവൽപ്പഴങ്ങൾ' ഉയരുന്നു.

കഥാസന്ദർഭങ്ങളെ അതിവസൂക്ഷ്മമായാണ് ബർഗ്മാൻ രൂപപ്പെടുത്തിയിട്ടുള്ളത്. (വിക്ടർ, ആൻഡേഴ്സ്, സാറ എന്നിവർ പ്രത്യക്ഷപ്പെടുന്ന സന്ദർഭം ശ്രദ്ധിക്കുക) സാദ്ധ്യമായ അർത്ഥങ്ങൾ കപ്പാറുള്ള ഗഹനതയിലേക്ക് കടന്നുചെല്ലാനും അതിലൂടെ ആ ഐറണിയുടെ അന്തരീക്ഷം സാന്ദ്രമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു. സാറ പ്രൊഫസറോട് വീടുവാങ്ങിക്കൊണ്ട് പറയുന്ന വാക്കുകൾ വർത്തമാനകാലത്തിൽനിന്നു ഭൂതകാലത്തിലേക്ക് പറന്നുപോകുന്ന അദൃശ്യമായ ഒരു പക്ഷിയുടെ ചിറകടിയായി നമ്മിൽ നിറയുന്നു. വെറും പ്രേക്ഷകൻ എന്ന നിലവിട്ട് നാം അനുകർത്താക്കൾ തന്നെയായിത്തീരുകയാണിവിടെ.

സ്വപ്നങ്ങളും ഫ്ളാഷ്ബാക്കുകളും ഇണക്കിച്ചേർത്തതിലെ പ്രത്യേകതവഴി ചിത്രത്തിൻെറ മൊത്തത്തിലുള്ള ദാർശനികസ്വഭാവത്തിന് ഇണങ്ങിയ ഭാഷയായി ശൈലി രൂപപ്പെട്ടിരിക്കുന്നു, ദൃശ്യബോധം ഒരു ഇരുണ്ട പേടിസ്വപ്നമായിത്തീരുന്ന ദൃശ്യബിംബങ്ങൾ നിരവധിയാണ്. വിജനമായ തെരുവ്, മുഖമില്ലാത്ത മനുഷ്യൻ, സൂചികളില്ലാത്ത വാച്ച്, സ്വന്തം ശവം, മേഘങ്ങൾക്കിടയിൽ മറയുന്ന നിലാവ്, തന്നെത്തന്നെ ഇറിച്ചുനോക്കുന്ന കണ്ണുകൾ എന്നിങ്ങനെ അവ അത്ഭുതത്തിൻെറയും ഭീതിയുടേയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്നു. കഥാപാത്രവുമായി ചെർത്തുന്ന് വേർപെടുത്താനാവാത്ത ഒരു വൈകാരിക ബന്ധം സ്ഥാപിച്ചെടുക്കാനുള്ള കരുക്കൾ എന്നനിലയിലും അവയുടെ പ്രസക്തി ചോദ്യംചെയ്യപ്പെടാനാവാത്തതാണ്.

മനുഷ്യാവസ്ഥയെ സംബന്ധിച്ച നഗ്നയാഥാർത്ഥ്യങ്ങൾക്ക് കലാപരമായ സംഗീതത്തിൻെറ താളം നൽകുകയെന്നതാണ് ഏതു മാധ്യമത്തിലായാലും കയ്യാളുന്ന കലാകാരൻ നേരിടേണ്ടിവരുന്ന വെല്ലുവിളിയാണ്. ഇതരയാളെ പരാജയത്തിൻെറ പടുകുഴിയാളം വലിച്ചിഴയ്ക്കുന്ന ഒരു പ്രതിസന്ധിയിൽകൊണ്ടുചെന്നു നിർത്താനുമതി. ഇടിവാൾപോലെ തൻെറ തലയിൽവന്നുപതിച്ച സ്വാതന്ത്ര്യത്തിൻെറ ഹർഷോന്മാദത്തിൽ പറന്നുനടക്കാൻ മോഹിച്ച ഹെല്ലിനിയുടെ 'എട്ടര'യിലെ ഗിഡോ എന്ന കഥാപാത്രത്തെപ്പോലെയാണയാൾ. സർഗ്ഗപ്രതിഭയുടെ, കരുത്തുറ്റ ഇച്ഛാശക്തിയുടെ, തീക്ഷ്ണമായ അവബോധത്തിൻെറ അഭാവത്തിൽ താഴേനിന്നും നിയന്ത്രിക്കപ്പെടുന്ന കയറിൻെറ അററത്തെ വെറും പട്ടമായി അയാൾക്ക് അധഃപതിക്കാം. പക്ഷേ, ഈ വെല്ലുവിളി ഏററെടുക്കുകയും വിജയിക്കുകയുംചെയ്തിരിക്കുന്നു. ബർഗ്മാൻ സങ്കീർണ്ണതയുടെ താളക്കേട്ടുകളിൽനിന്നും, ദൃശ്യങ്ങളുടെ നഷ്ടപ്പെടുത്തിയ പരിപ്രേക്ഷ്യത്തിൽനിന്നും തനിമയുടെ, പൂർണ്ണതയുടെ സംഗീതം സൃഷ്ടിക്കുവാൻ ബർഗ്മാന് കഴിഞ്ഞതിക്കുന്നു. ഒരുവേള ഇത്തരം മാന്ത്രികനിധികളുള്ള അപൂർവ്വം ചലച്ചിത്രകാരന്മാരിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം ബർഗ്മാനുമാത്രം അവകാശപ്പെടാനുള്ളതാണ്.

—•—

ഡോ വി.കെ.രാമചന്ദ്രൻ

മനോരോഗചികിത്സയിൽ അതീന്ദ്രിയധ്യാനത്തിനുള്ള സ്ഥാനം

[“അതീന്ദ്രിയധ്യാന”മെന്നതു് ഒരു മതമോ, തത്ത്വസംഹിതയോ, ഒരു പ്രത്യേക ജീവിതരീതിയോ അല്ല, മറിച്ച് ജീവിതത്തിൻെറ നാനാമുഖങ്ങളായ പുരോഗതിക്കും ഉത്കർഷത്തിനുമുള്ള ആയാസരഹിതമായ ഒരു ചര്യമാത്രമാണ്, ഉത്കണ്ഠ, മോഹഭംഗം, സമ്മർദ്ദം, സംഘർഷം ഇവയിൽനിന്നു ജീവിതത്തെ സ്വതന്ത്രമാക്കുന്നതിനുള്ള ഒരു ഉപാധിമാത്രമാണ് അതീന്ദ്രിയധ്യാനം]

അനന്തമായ പ്രപഞ്ചത്തിൻെറ നിഗൂഢരഹസ്യങ്ങൾ കണ്ടെത്താനുള്ള മനുഷ്യൻെറ പ്രയത്നം ഇന്നും അനസ്യൂതം തുടരുന്നു. തൻെറ വൈജ്ഞാനിക മേഖലയിലേക്ക് അറിവിൻെറയും കണ്ടുപിടുത്തത്തിൻെറയും ഒരു പുതിയ ചിത്രംകൂടി ചേർത്ത് ചേർക്കാൻ അവൻ വെമ്പൽകൊള്ളുന്നു. വിജ്ഞാനത്തിൻെറ സീമകളെ വികസിപ്പിച്ച് താൻ ഉൾക്കൊള്ളുന്ന വലിയൊരു സമൂഹത്തിന് ആനന്ദവും സുഖവും കൈവരുത്തുവാനുള്ള മനുഷ്യൻെറ യത്നം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അതിനു നൂററാണ്ടുകളുടെ പഴക്കമുണ്ട്. വനാന്തരങ്ങളിലെ ഇരുൾ നിറഞ്ഞ ജീവിതചര്യകളിലൂടെ ഗോളാന്തരയാത്രയിലേക്കു വ്യാപിക്കത്തക്കവിധം മനുഷ്യൻെറ സത്യാന്വേഷണകുതുകവും ബുദ്ധിയെവരെവും വികസ്വരമായിക്കഴിഞ്ഞിരിക്കുന്നു. സാങ്കേതികജ്ഞാനവും ശാസ്ത്രവിജ്ഞാനവും ഇന്ന് മനുഷ്യജീവിതത്തെ കൂടുതൽ സുഖകരവും സുഖപ്രദവുമാക്കിത്തീർത്തിട്ടുണ്ട്. മുൻപിൽ കാണുന്നതിനെ ചോദ്യംചെയ്തുകൊണ്ട് 'ശരി' കണ്ടെത്താനുള്ള അടങ്ങാത്ത തൃഷ്ണ മനുഷ്യമനസ്സിൽ ശ്രദ്ധാമൂലമായിത്തീർന്നതോടെ ഇന്നലത്തെ പല ശരി'കളും ഇന്നത്തെ 'തെററു'കളായി മാറിക്കൊണ്ടിരിക്കുന്നു. മാത്രമോ, ഇന്നത്തെ പല ശരികളുടേയും നിലനിൽപ്പുതന്നെ ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആത്യന്തികസത്യത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ, മനുഷ്യൻ ശ്രദ്ധചലുത്തിയതോടെ അവൻെറ മനസ്സിൽ സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നു പുരോഗതിയിൽനിന്നു് പുരോഗതിയിലേക്കു കുതിച്ചുപായുന്ന ആധുനികലോകത്തിൽ മനുഷ്യമനസ്സിനു ശാന്തിയും സമാധാനവുമെവിടെ? സ്വസ്ഥത എവിടെ? ശാസ്ത്ര–സാങ്കേതിക രംഗങ്ങളിൽ അത്ഭുതപൂർവമായ വളർച്ചനേടിയ അമേരിക്കയെപ്പോലുള്ള രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതരീതികൾ ഈ യാഥാർത്ഥ്യങ്ങളിലേയ്ക്കു വിരൽചൂണ്ടുന്നുണ്ട്. ഭൗതികജീവിതത്തിൽ അവർ അളവററ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സമ്മതിക്കാം. പക്ഷേ, അവരുടെ കുടുംബജീവിതത്തിൽ, വ്യക്തിജീവിതത്തിൽ, കുടുംബത്തിൻെറ കെട്ടുറപ്പിൽ ഭദ്രതയായ അവസ്ഥ സംജാതമാകുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ടോ? ഓരോ ദിവസം ചെല്ലുന്തോറും അതു് കൂടുതൽ കൂടുതൽ വഷളായിവരുന്നതിൻെറ ചിത്രങ്ങളല്ലേ നമ്മുടെ മുൻപിൽ നിന്നു കാണുന്നതു്? അസ്വസ്ഥതയും അസംതൃപ്തിയും സമൂഹത്തിൽ സൃഷ്ടിക്കുന്ന വിള്ളലുകളുടെ കഥകളാണ് നാം ദിനംപ്രതി ശ്രവിക്കുന്നതു്. വികസിതരാജ്യങ്ങളിൽ നടക്കുന്ന കൂട്ടക്കൊലകളുടെയും ആത്മഹത്യകളുടേയും വിവാഹമോചനങ്ങളുടേയും അസാന്മാർഗ്ഗിക പ്രവൃത്തികളുടേയും കഥകൾ അവിടത്തെ മനുഷ്യരുടെ ജീവിത

മനോരാശ്യത്തിന്റെ സൂചകങ്ങളായി നിലകൊള്ളുന്നു. ഹിപ്പിസം എന്ന ഒരു ജീവിതരീതിക്കുതന്നെ ജന്മംകൊടുത്തുകൊണ്ട് വികസിതമായ പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങൾ ആത്മനിവൃത്തിക്കുവേണ്ടിയുള്ള അടങ്ങാത്ത മോഹം പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നു. സർവവിധ സുഖസൗകര്യങ്ങളുള്ള ഒരു മനോഹരമായ മാളികയിൽ മനോരാശ്യത്തിന്റെയും അതൃപ്തിയുടേയും ഉഷ്ണക്കാററിൽ ഉഴറുന്ന ഒരവസ്ഥപോലെ ആയിത്തീർന്നിരിക്കുന്നു ആധുനികയുഗത്തിലെ പാശ്ചാത്യ മാനവസമൂഹം.

ഔഷധികളുടെ കൈവരിച്ച മനുഷ്യൻ, ആത്മസംതൃപ്തിക്കുവേണ്ടി എന്തുനേടി? ഈ ചോദ്യത്തിനു ഉത്തരമാണ്, ഈ ലേഖനത്തിനു ആധാരമായ വിഷയം. ജീവിതമനോരാശ്യത്തിന്റെ ചുഴലിക്കാററിൽ ലക്ഷ്യമില്ലാതെ അലയുന്ന മനുഷ്യരെ ആത്മസംതൃപ്തിയുടെ കടവിലെത്തിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഒരു പുതിയ മാർഗ്ഗം ഇതാ തുറക്കപ്പെട്ടിരിക്കുന്നു; അതീന്ദ്രിയധ്യാനം. ഈ മാർഗ്ഗത്തിന് പ്രചാരം കൊടുക്കുകയും അതുവഴി ഒട്ടേറെ ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്ത മഹത്വ്യക്തിയാണ് മഹർഷി മഹേഷ്യോഗി. തന്റെ ചിന്തകളെ സ്വയം ഉള്ളിലേയ്ക്കു തിരിച്ചുവിട്ട് ബാഹ്യവ്യാപാരങ്ങളിൽനിന്നും മനസ്സിനെ വിമുക്തമാക്കി കുറെ നേരത്തേയ്ക്ക് സ്വസ്ഥമായ ഒരു അവസ്ഥ സംജാതമാക്കുക എന്നതാണ്, ഈ ധ്യാനരീതിയിൽ അന്തർഭവിച്ചിട്ടുള്ള തത്ത്വം.

തപോധനന്മാരുടെ പുണ്യഭൂമിയായ ഭാരതം തന്നെയാണ് അതീന്ദ്രിയധ്യാനത്തിന്റെയും ജന്മഭൂമി, വൈദ്യശാസ്ത്രത്തിലും മനോരോഗചികിത്സയിലും ഇതിനു സ്ഥാനമുണ്ടായതു് ഈ അടുത്ത കാലത്താണെങ്കിലും സഹസ്രാബ്ദങ്ങളുടെ പഴക്കം ഇതിനുണ്ട്. മോക്ഷപ്രാപ്തിക്കുവേണ്ടി ഔഷധികസുഖങ്ങൾ ത്യജിച്ച് ഘോരവനങ്ങളിൽ തപസ്സനുഷ്ഠിച്ചിരുന്ന യതിവര്യന്മാർ ചെയ്തിരുന്നതും ഇതല്ലാതെ മറെറാന്നമല്ല.

അത്യുച്ചസ്വരമോ അമിതകർമ്മകോലാഹലമോ കൂടാതെ പ്രായോഗികമാക്കാവുന്ന ഈ ധ്യാനരീതി, അമേരിക്കയിൽ പ്രാബല്യത്തിൽ വന്നതു് 1959-ൽ ആയിരുന്നു. മഹർഷി മഹേഷ്യോഗിയാണ് ഇതിന്റെ പ്രചാരകൻ. ഏതെങ്കിലുമൊരു പ്രത്യേകജാതിക്കോ മതത്തിനോ ആദർശത്തിനോ തത്വചിന്തയ്ക്കോ വിധേയമായ യാതൊരു നിയമവും ഇതിനില്ല. സങ്കീർണ്ണപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സംഘർഷാവസ്ഥയിൽനിന്നും മനസ്സിനെ മോചിപ്പിച്ച് സ്വസ്ഥതയിൽ കുടിയിരുത്തുന്നതിനുള്ള ഒരു ചികിത്സാരീതിയാണ് ഇതു്.

ധ്യാനരീതി :–

ധ്യാനിക്കേണ്ട ആൾ കണ്ണുകളടച്ച് ഒരു സ്ഥലത്തിരിക്കുന്നു. മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങളെ അകററി നിറുത്തിക്കൊണ്ട് അതിനെ സ്വസ്ഥതയിലേയ്ക്കു നയിക്കുന്നു. മനസ്സിന്റെ സ്വസ്ഥതയ്ക്കു വിഘാതമുണ്ടാകാതിരിക്കാൻ വേണ്ടി മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയ ദിവസം പ്രതി 20 മിനിററോളം രണ്ടുനേരം നടത്തുന്നു. മനസ്സിനു വിശ്രമവും ഏകാന്തതയും ലഭ്യമാകുന്നു എന്നു മാത്രമല്ല, കിറാമുട്ടി പ്രശ്നങ്ങളുടെ പുകച്ചിലിൽ നിന്നുള്ള രക്ഷനേടലും ഇതുവഴി സാധിക്കുന്നു. മനസ്സിനു കൂടുതൽ ദാർഢ്യവും ചിന്തകൾക്ക് പക്വതയും കൈവരുന്നു.

ധ്യാനസമയത്തു് ഗുണപരവും പരിണാമപരവും ആയ മാററങ്ങൾ മസ്തിഷ്കത്തിലെ വിദ്യുത്പ്രകമ്പനങ്ങൾക്കുണ്ടാകുന്നുവെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. പല ദുഷിച്ച സ്വഭാവങ്ങളും നമ്മിൽ നിന്നും വിട്ടുപോകാൻ ഇതു സഹായിക്കുന്നു. അതീന്ദ്രിയധ്യാനംവഴി അമിത മദ്യപാനികളേയും, ലഹരിക്കടിമപ്പെട്ടവരേയും ഒരു പരിധിവരെ രക്ഷിക്കാൻ കഴിയും എന്ന് മനസ്സിലാക്കിയിട്ടുണ്ട്, ആസ്ത്മാ, വയററുവേദന, മാറാത്ത തലവേദന, തുടങ്ങി പല രോഗങ്ങൾക്കും ഈ ധ്യാനമുറ ഫലപ്രദമായ ഗുണങ്ങൾ പ്രദാനം ചെയ്തിട്ടുണ്ടെന്ന് പരീക്ഷണനിരീക്ഷണങ്ങൾ വ്യക്തമാക്കുന്നു. അകാരണമായ ചിന്ത, മുകത, ഉൽക്കണ്ഠ എന്നിവയ്ക്കെല്ലാം ഒരു പരിഹാരമാർഗ്ഗമായി അതീന്ദ്രിയധ്യാനം അംഗീകാരം ആർജ്ജിച്ചുവരുന്നു. മനോരോഗചികിത്സയിൽ അതീന്ദ്രിയധ്യാനം അതിവിശ്രദ്ധ ആകർഷിക്കുന്ന കാലം അതിവിദൂരത്തിലല്ലെന്ന് പ്രത്യാശിക്കാം. ◀▶

നഷ്ടബോധങ്ങൾ

പ്രമീളാനായർ

ഒരു ദിവസം മുത്തശ്ശിയോട് ചോദിക്കുമ്പോൾ മുത്തശ്ശി പറഞ്ഞു. "നിന്റെ കല്യാണം കഴിക്കാൻ ഞാനാരാളെ കണ്ടുവെച്ചിട്ടുണ്ട്. അവന്റെ അമ്മയും ഞാനും ചെറുപ്പം മുതലേ വലിയ സ്നേഹത്തിലാണ്."

പതിനഞ്ചു വയസ്സായിരുന്ന എനിക്ക് അന്നാരെക്കെ കല്യാണം കഴിക്കുക എന്നു വച്ചാൽ പ്രസവിക്കുക എന്നതായിരുന്നു. എനിക്കു പേടിതോന്നി. ചെറുപ്പക്കാരികളായ പെൺകുട്ടികളെ ആണുങ്ങൾ കഴുത്തിനുതാഴെ എവിടെ തൊട്ടാലും ഗർഭമുണ്ടാകുമെന്നായിരുന്നു അന്നത്തെ ധാരണ. ഇന്ന് പത്തുപന്ത്രണ്ടുവയസ്സാവുന്നതിനു മുമ്പുതന്നെ ബയോളജിയിൽ ഈ വക കാര്യങ്ങളെപ്പററിയെല്ലാം പഠിച്ച എന്റെ മകളെക്കാളും എത്ര അറിവു കുറവായിരുന്നു അന്നെനിക്ക്.

"വേണ്ട മുത്തശ്ശി. എനിക്കു പതിനഞ്ചു വയസ്സല്ലേ ആയുള്ളൂ."

"അതു കൊണ്ടെന്താ? നിൻറമ്മ നിന്റെ ഏട്ടനെ പ്രസവിച്ചതു പതിനഞ്ചു വയസ്സിലാ, ഈ ചെറുക്കൻ സുന്ദരനാ. നിനക്കിഷ്ടമാകും. അന്ന് നിന്റെ ചെറിയമ്മയുടെ കല്യാണത്തിനു വന്നതോർമ്മയുണ്ടോ?"

ഞാനയാളെ ഓർക്കാൻ ശ്രമിച്ചു. നല്ല ഉയരവും നിറവുമുള്ള തോളു അവ്യക്തമായി ഓർമ്മയിൽ വിളിച്ചുവരുത്തി പിന്നെ കുറെ ദിവസങ്ങളിൽ അയാളെ ഒരു ഭർത്താവായി സങ്കല്പിച്ചു ഭാവിയെപ്പററി സ്വപ്നങ്ങൾ നെയ്തു തുടങ്ങി. ഏതെങ്കിലും വിവാഹത്തിനു പോയാൽ ആ വരന്റെയും വധുവിന്റെയും സ്ഥാനത്തു എന്നെയും അയാളെയും ഞാൻ കാണും. ആത്മാഭിമാനിയായ ഒഴിഞ്ഞിരുന്ന സ്വപ്നം കാണാൻ ഒരു ബിന്ദുവായി എനിക്കജ്ഞാതനായ ആ മനുഷ്യനെ ഞാനെന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു. ആളുടെ വിവാഹമായിരുന്നു. അതിനുള്ളത്ത ബുധനാഴ്ച മനസ്സിൽ ദുഃഖമുണ്ടായിരുന്നുവോ? അതോ വെറും നഷ്ടബോധം മാത്രമോ? പക്ഷേ, ഒന്നെനിക്കു തോന്നിയിരുന്നു. എനിക്കു ജീവിതത്തിൽ ആഗ്രഹിക്കുന്നതൊന്നും കിട്ടുവാൻ പോകുന്നില്ല. അഥവാ വല്ലതും ആററുനോററു കിട്ടിയാൽ അതല്ലാം ഇന്ന

കുടിയിരുന്നു.

ഒരു ദിവസം വൈകുന്നേരം സ്കൂളുവിട്ടു വന്നപ്പോൾ മേശപ്പുറത്തൊരു കല്യാണക്കത്ത്. അച്ഛന്റെ. വെറുതെ ഇറന്നു നോക്കി. ഉള്ളിലൊന്നു ഞെട്ടി. മുത്തശ്ശി എ

തുടർ

കിനാവള്ളി വീണ്ടും

ല്ലെങ്കിൽ നാളെ നഷ്ടപ്പെടുന്നു. അവശേഷിക്കുന്നതെന്തായിരിക്കും. വേറും നഷ്ടബോധങ്ങൾ. ഇനി ഒരിക്കലും ഒന്നും ആഗ്രഹിക്കാതിരിക്കാൻ.

ഈ ഉറച്ച തീരുമാനത്തോടെ കോളേജിൽ ചേർന്നു. ഇടവും വലവും നോക്കിയില്ല. കൂടെ ആൺകുട്ടികളുമുണ്ട്, സൂക്ഷിക്കണം. നഷ്ടബോധമെന്ന എന്റെ നിരാളിസുഹൃത്തിന്റെ കൈകളപ്പാടി എപ്പഴും ഓർമ്മയുണ്ടായിരുന്നു. കൂടാതെ 'സ്നേഹം' എന്നതു് ഒരു ദൌർബ്ബല്യമായി മനസ്സിൽ തിങ്ങിവിങ്ങി വളരുകയായിരുന്നു. ആരെങ്കിലും ഒരു തുള്ളി സ്നേഹത്തോടെ തരുക്കാമാണെങ്കിൽ അവിടെ മുട്ടുകുത്തിനിന്ന് കൈകമ്പിൾനീട്ടിയേക്കും എന്ന പേടിയും. പതറാതെ, വീഴാതെ മുന്നോട്ടു പോകുവാൻ ഞാൻ ശ്രമിച്ചു. പക്ഷെ, പരാജയപ്പെട്ടു.

നഷ്ടബോധങ്ങൾകൊണ്ടു കനത്ത ഹൃദയവുമായി കോളേജ് വിട്ടു വീട്ടിലിരിപ്പായി. അടുക്കളയിൽ ജോലിചെയ്യുമ്പോഴും അലിയാട്ടുമ്പോഴും ഉദ്യോഗത്തിന്നായി പല സ്ഥലങ്ങളിലേക്കും അയച്ച ഹർജികളെപ്പാറിമാത്രമേ ചിന്തിച്ചിരുന്നുള്ളു.

അനവധി നാളുകളുടെ കാത്തിരിപ്പിന്നു ശേഷം ഒരു ഇന്റർവ്യൂകാർഡ് കിട്ടി. നീലഗിരിക്കുന്നുകളിലെ ഒരു പട്ടണത്തിലേയ്ക്ക്.

അച്ഛനും അനിയനുമൊത്ത് തീപ്പെട്ടിക്കൂടുപോലെയുള്ള വണ്ടിയിൽക്കയറി മലകളിലേക്കുള്ള യാത്ര സന്തോഷമായിരുന്നു.

പട്ടണത്തിലെത്തി. ഇന്റർവ്യൂ കഴിഞ്ഞു പുറത്തിറങ്ങി. ഈ ജോലിയും എനിക്കു കിട്ടില്ല. കാരണം മലയാളിയായ ആ ഉദ്യോഗസ്ഥൻ പറഞ്ഞു "നിങ്ങളെപ്പോലെയുള്ളവർക്കു പററിയ പണിയല്ലിതു്, വല്ല സ്കൂളിലും അദ്ധ്യാപികയാകാൻ നോക്കൂ. ഐ വിഷ് യു എവ്രിതിങ്ങ് ബെസ്റ്റ്."

ഒരു യാത്രമാത്രം മിച്ചം. ഇത്ര വർഷങ്ങൾക്കു ശേഷവും, ജീവിതത്തിന്റെ സായാഹ്നത്തിലെത്തിച്ചേർന്ന ഈ ഘട്ടത്തിലും ഞാനാ യാത്രയുടെ മാധുര്യം വീണ്ടും ആസ്വദിച്ചുപോവുന്നു. വയിലത്ത് കാഴ്ചകൾകണ്ടു നടക്കുമ്പോൾ അച്ഛൻ പെ

(ശേഷം 30-ൽ)

23

അമ്മായി ഇടുട്ടിലേക്ക് ഇറങ്ങി, ഇരുളിലലിഞ്ഞില്ലാതായി.

അശ്വതി ഇരുട്ടിലേക്കു നോക്കിയിരുന്നു അവളുടെ ഹൃദയം വിങ്ങാൻ തുടങ്ങി.

സഹോദരിയും സഹോദരനും. രണ്ടു വയസ്സിന്റെ വ്യത്യാസം. അതൊരു വ്യത്യാസമായിരുന്നില്ല, എന്നിട്ടു ഏട്ടന് ഗൗരിക്കുട്ടി ഒരു കുഞ്ഞിനെപ്പോലെയായിരുന്നു. കളിയ്ക്കാൻ പോകാൻ, അമ്പലക്കുളത്തിൽ കുളിയ്ക്കാൻ പോകാൻ, സ്കൂളിൽപ്പോകാൻ ഒക്കെ ഗൗരിക്കുട്ടിയുടെ കൈപ്പിടിച്ചു കൊണ്ടുപോവും. അച്ഛന്റെയും അമ്മയുടെയും ഒപ്പമുള്ള ദിവസങ്ങൾ മറക്കാൻ പററുന്നില്ല. അധികമൊന്നുമില്ല ഓർക്കാൻ, അധികം ഓർക്കാൻ ഇടനൽകാതെ അവരൊത്തുചേന്ന് മരിച്ചു. അന്ന് ഗൗരിക്കുട്ടി നാലിലാണ്, ഏട്ടൻ ആറിലും.

എം. ഡി. രത്നമ്മ

ഇരുട്ടിലേക്കു നോക്കിയിരുന്ന് അമ്മായി പഴയതൊക്കെ ഓർത്തു.

"നിക്ക് നല്ല ഓർമ്മതോന്നണിലൂ. ഏട്ടന്റെ നെലോളിപ്പഴം ചെവിലന് കേക്കുമ്പോലെ. ഒന്നു കെട്ടിപ്പിടിച്ച് ഏട്ടൻ കരയും. നിയ്ക്കും കരച്ചിലന്വരും."

അശ്വതി അമ്മായിയുടെ മുഖത്തേക്കു നോക്കിയിരുന്നു. അമ്മായി തുടരുകയാണ്,

പിന്നെ വളത്തിയ് മുഴുപ്പാനും അമ്മാവനാ, അച്ഛനും അമ്മേം മരിച്ചപ്പൊ അമ്മാവനും അമ്മായീം വന്നു. ദാക്ഷായണി അമ്മായി, അമ്മാവന്റെ ഭാര്യ. എന്തു ചന്താ കാണാൻ. പക്ഷെണ്ടല്ലോ ഇങ്ങനത്തെ ഒരു സ്വഭാവം അമ്മാവനുംകൂടി പേടുയായിര്ന്നു് ദാക്ഷായണി അമ്മായ്ക്കെ."

അച്ഛനും അമ്മയും മരിച്ചപ്പോൾ അമ്മാവൻ മക്കളെ നാലുകെട്ടിലേക്ക് കൂട്ടിക്കൊണ്ടുപോന്നു. കാരണം ദാക്ഷായണി അമ്മായിയാണ്. രണ്ടു കാതിലും വലിയ തോടുകളണിഞ്ഞു്, കഴുത്തിൽ ഇറുക്കമുള്ള നാഗപടത്താലിയുമണിഞ്ഞു് അമ്മായി അങ്ങിനെ നടക്കും. വേലക്കാരെയും, കൂലിക്കാരെയും അമ്മാവനെയും മരിച്ച്. ഒത്താവിന്റെ സഹോദരിയുടെ കുട്ടികളെ കൂട്ടിക്കൊണ്ടു വന്നപ്പോൾ അവർ എതിർത്തില്ല, അവർക്കു കഴിയാനുള്ളതിലധികം ഒപ്പം കൊണ്ടുപോന്നിരുന്നു. ഒരു പെണ്ണും ഒരാണും. ഇവിടെണ്ട് ഒരു പെണ്ണും ഒരാണും. അവരൊപ്പം അങ്ങ് കഴിഞ്ഞോട്ടെ.

ഗൗരിക്കുട്ടി വന്നയന്നുമുതൽ, ശാരദയുടെ ഒപ്പമായി. രണ്ടുപേരും ഒരു പ്രായം. ആങ്ങളയുടെയും പെങ്ങളുടെയും മക്കൾ. അന്നവരെ, ഗൗരിക്കുട്ടി ഏട്ടന്റെയൊപ്പമാണു കിടന്നിരുന്നതു്. അറപ്പുരയ്ക്കകത്തു കിടന്നപ്പോൾ ഗൗരിക്കുട്ടിയ്ക്ക് ശ്വാസംമുട്ടി. വേനലിലും വർഷത്തിലും ഒരു തുള്ളി കാററ്, ഒരു തുള്ളി പ്രകാശം എത്തിനോക്കില്ല. ഗൗരിക്കുട്ടിയ്ക്കു കരച്ചിൽവന്നു.

"ഞാൻ ഏട്ടന്റടുത്തു കെടക്കാ."

"അമ്മ ചിത്ത പറയുട്ടോ, നമ്ക്കിതിൻടുള്ളിലന് കെടക്കാം."

"നിയ്ക്കിവ്ടെ കെടന്നാ ഒറക്കവേരില്യ. പേടുയാവണു."

എലികൾ പാഞ്ഞുപോകുന്ന ശബ്ദം. തലയുടിപ്പുതച്ചാണു കിടക്കുക, എന്നിട്ടും ശരീരമാകെ ഇഴഞ്ഞുകയറുന്ന എലികളെ സ്വപ്നംകണ്ടു.

"സാലല്യ, കണ്ണടച്ചുകെടന്നോളൂ, അമ്പലൂവരെ എണ്ണം പറഞ്ഞു കെടന്നാമതി. അറിയാണ്ടെ ഒറങ്ങിക്കോളൂ, ഞാനങ്ങനെയാ."

ശാരദയുടെ വിദ്യ ഫലിച്ചു. അന്നുമുതൽ ഗൗരിക്കുട്ടിക്ക് പെട്ടെന്നുറങ്ങാൻ കഴിഞ്ഞു. വളരെവേഗം അവൾ പുതിയ അന്തരീക്ഷവുമായി അലിഞ്ഞുചേന്നു.

പകലാണ് ഏട്ടനെ കാണാൻ പററുക. "ആൺകുട്ട്യോളായിട്ട് അടുത്തു പെരുമാറൊന്നും വേണ്ട. അതാ നല്ലതു്, അമ്മാവനതൊന്നും ഇഷ്ടമല്ല."

സ്കൂളിൽപ്പോകുന്നതു് എല്ലാവരുംകൂടിയാണ്, ഏട്ടനും, ദാമുവേട്ടനും ഒരു ക്ലാസ്സിലാണു. വഴുതിക്കിടക്കുന്ന വരമ്പുകൂടിയാണ് യാത്ര. ഏട്ടൻ ഗൗരിക്കുട്ടിയുടെ കൈയിൽ പിടിച്ചിട്ടുണ്ടാവും. ശാരദ പലപ്പോഴും പിണങ്ങും.

"ദാമേട്ടാ, ന്റെ കൈയ്ക്കെ ഒന്നു പിടിക്കൂ, ഞാൻപ്പൊ വീഴും."

"നിയ്ക്കിപ്പൊ വയ്യ. മിണ്ടാണ്ടെ നടന്നാ." തരം കിട്ടിയാൽ ശാരദയുടെ തലയിൽ നല്ലതു കൊടുക്കും.

ദാമുവേട്ടൻ മുൻപിൽ നടക്കും. സ്കൂളിനടുത്തു ചെല്ലുമ്പോൾ, പുസ്തകക്കെട്ട് ശാരദയുടെ കൈയിൽ കൊടുത്തു് പറയും,

"നടന്നാ, ഞാൻപ്പൊ വരണ്."

ഒററ ഓട്ടമാണ്, സ്കൂളിനു പുറകിൽ, വിശാലമായ മൈതാനത്തിന്റെ മൂലയിൽ. പണംവെച്ചു ചീട്ടുകളിയുണ്ട്. അതു കാണാനുള്ള ഓട്ടമാണ്, ഏട്ടൻ ഒന്നും പറയില്ല, മിണ്ടാതെ നടക്കും.

ദാമുവേട്ടന് ഒരു ചട്ടമ്പിയുടെ മട്ടാണ്, ചെറിയൊരു മീശയും വെച്ച്, മുണ്ടും മടക്കിക്കുത്തി വലിയ ആളിന്റെ ഭാവത്തിലാണ്, ആരെയും ഒരു വകയില്ല. ദാക്ഷായണിയമ്മായിയെയും ദാമേട്ടന് പേടിയില്ല. അമ്മായി, ആത്മാഭിമാനിയാണെ, ദാമേട്ടന് ചീട്ടു കളിയ്ക്കാൻ പണം കൊടുക്കുകയില്ല.

ദാമേട്ടനും ഗൗരിക്കുട്ടിയുടെ ഏട്ടനും ഒന്നിച്ചാണു കളിപ്പ്. പുതുവയ്ക്ക്. പാവങ്ങൾ വിശപ്പാണ്. ചീട്ടു കളിയ്ക്കുമ്പോൾ കൈകൾച്ച, തലയിൽ സംസാരിക്കാറുതന്നെയില്ല.

ഏട്ടനെക്കാണുമ്പോൾ ഗൗരിക്കുട്ടിക്കു കരച്ചിൽ വരും. വല്ലാതെ ക്ഷീണിച്ചുപോയി, സ്കൂളിൽ പോകുന്നതുവരെ പിടിപ്പതു ജോലിയാണ്, കന്നുകാലികളെ അഴിച്ചുകെട്ടണം; തൊഴുത്തു വൃത്തിയാക്കണം, വളം ചുമക്കണം, കുളിയും തോട്ടവും തെങ്ങിൻതടവും നനയ്ക്കണം, വൈകിട്ട് സ്കൂളിൽ നിന്നെത്തിയാലും അങ്ങിനെതന്നെ, ദാമേട്ടനും ഉണ്ട്

പക്ഷേ, മുപ്പത് സൂത്രത്തിലു് മാറിക്കളയും.

ഗൗരിക്കുട്ടിയും ശാരദയും കൂടിയാണ് അടുക്കളപ്പണികൾ. ദാക്ഷായണിഅമ്മായിയിങ്ങനെ രോഗമാണ്, നടുവിനു വേദന, കാലിനു വേദന. ഏതെങ്കിലും ഒരിടത്തു മാറാതെ വേദന ഉണ്ടാവും. അമ്മാവൻ വിളിച്ചു കളിച്ച്, പുതിയ പുതിയ മനുഷ്യരും ലേഹ്യവും എണ്ണകളും കാച്ചി തൈലങ്ങൾ നിറച്ചുവെച്ചു. അതൊക്കെ കുന്നു തീർത്ത്, വായ്നിറയെ മുറുക്കാനുമിട്ട് കാലും നീട്ടി അമ്മായി ഇരിപ്പുണ്ട്.

ഉച്ചക്കം വരാതെ കിടക്കുമ്പോൾ ഗൗരിക്കുട്ടിക്കു കലിച്ചിൽ വരും. ഏട്ടനെ ഓർക്കും. അമ്മയെയും അച്ഛനെയും കാണണമെന്നു എന്നു പ്രാർത്ഥിക്കും.

ഏട്ടൻ ഉറങ്ങുന്ന സ്ഥലത്ത് പോയിരിക്കുന്നതെന്നു്. പക്ഷേ, അമ്മായി ശകാരിക്കും. ഊണു കഴിക്കാൻ തളത്തിൽ വരുമ്പോഴാണു ഏട്ടനെ കാണുക. അമ്മായിയാണ് വിളമ്പുക. തലയും താഴ്ത്തി ഇരുന്ന് ഉണ്ടിട്ട് മിണ്ടാതെ എഴുന്നേറ്റു പോവും. ശാരദ പറയും, നിന്നു് ഗൗരിക്കുട്ടിടെ ഏട്ടനോടാ ഇഷ്ടം."

അമ്മാവനെന്നും കേസ്സാണ്. എന്തു കേസ്സാണെന്നായില്ല. കാര്യസ്ഥൻ ശങ്കുണ്ണിനായർ കാലൻ കുടയും തൂക്കി പുറകെ ഉണ്ടാവും. 'ശങ്കുണ്ണ്യാരു് അച്ഛനെ പോലെ പറയിക്കണ്ണു്. അച്ഛനും അമ്മയും അയാളെ വല്യ വിശ്വാസാ, നിന്നെയല്ലെ കണ്ടുകൂടാ.' ശാരദ പറയും. പക്ഷേ, അമ്മായി കേൾക്കെ പറയാൻ പേടിയാണ്,

"അമ്മ ഭയങ്കരിയാ, അച്ഛനും കൂടി അങ്ങനെ പേടിയാ."

കേസ്സുകളെല്ലാം തോൽക്കുകയത്രെ. ശാരദ പറഞ്ഞു. നിലങ്ങളും പറമ്പുകളും ഒക്കെ വിൽക്കുകയും ചെയ്യുന്നുണ്ടായിരുന്നു, ഒന്നും ഗൗരിക്കുട്ടിക്കു് മനസ്സിലായില്ല.

ഗൗരിക്കുട്ടിയും ശാരദയും പ്രായമായതു് ഒന്നിച്ചാണ്. പേടിച്ചുപോയി കുളത്തിൽ കുളിക്കാൻ പോയിട്ടു വരുമ്പോൾ, പിന്നെ നാണം തോന്നി. ഒന്നിച്ച് നാലു ദിവസം, വടക്കുപുറത്തിൽ ഇരുന്നു. നാലാം ദിവസം കുളി കഴിഞ്ഞു വന്നപ്പോൾ രണ്ടു പേർക്കും പുതിയ പാവാടകളും ബ്ലൗസുകളും വയറുനിറയെ പലഹാരങ്ങളുംകിട്ടി, പിന്നെ ദിവസം സ്കൂളിൽപ്പോകാൻ പുറപ്പെട്ടപ്പോൾ അമ്മായി പറഞ്ഞു." പ്രായമായ പെങ്കുട്ടികളു് ഇനി പൊറത്തെങ്ങു് പോണ്ട. പഠിപ്പൊക്കെ മതി. പടിച്ചിട്ടെന്തു ചെയ്യാനാ?"

ഗൗരിക്കുട്ടി വളരെ നേരം കരഞ്ഞു. ഉണ്ണാതെ കുളിക്കാതെ മുറിക്കുള്ളിൽ കത്തിയിരുന്നു കരഞ്ഞു. പഠിക്കാൻ വലിയ മോഹമായിരുന്നു പഠിച്ച് ഉദ്യോഗസ്ഥയാകണമെന്നുണ്ടായിരുന്നു. അമ്മാവനോടോന്നു പറഞ്ഞിരുന്നെങ്കിൽ.

പിന്നീടറിഞ്ഞു ഏട്ടൻ അമ്മാവനോടു പറഞ്ഞു. ചാരുകസേരയിൽ കയറിക്കൂട്ടി നോക്കി, കാലുകൾ നീട്ടിവെച്ച് ശങ്കുണ്ണ്യാരോട് കാര്യം പറഞ്ഞു കിടക്കുമ്പോഴാണ് പറഞ്ഞതു്.

"ഗൗരിക്കുട്ടിക്കു പഠിക്കാൻ വലിയ മോഹണ്ട്."

അമ്മാവൻ തറപ്പിച്ചു നോക്കി, ഘനത്തിൽ പറഞ്ഞു.

"ഒക്കെ നിന്റെ അമ്മായി നിശ്ചയിക്കും. ഇന്നാതിരി കാര്യൊക്കെ അവളാണ് നിശ്ചയിക്കാ, ഇനി ജാതകം നോക്കി പററ്യാ അങ്ങനെ കണ്ടുപിടിച്ച് ചൊവ്വാദോഷം നടക്കാ അതേള്ളു.

ഏട്ടനോന്നും പറയാൻ പററിയില്ല. ഏട്ടനും അധികനാൾ സ്കൂളിൽപോയില്ല. ദാമോദരൻ, എട്ടിലെത്തിയപ്പോഴേക്കും രൊപ്പാറപ്പെട്ടുപോയി. പട്ടാളത്തിൽ ചേർന്നാണ് പിന്നെ കണ്ടതു്.

നാലുകെട്ടാഴിച്ച് എല്ലാം വിററു. എല്ലാക്കേസിലും അമ്മാവൻ തോററു. ഒരു സം അമ്മാവൻ മരിച്ച് കിടന്നു. ഒച്ചവെച്ചായിട്ടും എണീററില്ല.

"പാവം, അമ്മായിടെ പ്രൊഡ്യൂസ് മുഴുപ്പാനും പോയി. അതൊരു ബഹളായിരുന്നു. കടക്കാരണ്ടൊ വിടണ്ട. ഞായിരിന്നതൊക്കെ വിററു കടം തീർത്തു. ഒരു ചെറ്റ വീട്ടിലേക്കു താമസം മാററി. ശാരദേം ഞാനും ഒരുപോലെ, പതിനേഴ് തികഞ്ഞതല്ലേ നിക്കാ, അമ്മായിയ്ക്കു ഒറക്കല്ലാതായി."

അശ്വതി സങ്കല്പിക്കാൻ ശ്രമിച്ചു. മുന്നിലിരിക്കുന്നതു് ഭൂതമല്ല, നരച്ച ചകിരിത്തലമുടിയുള്ള, തുറിച്ചുനോക്കുന്ന അമ്മായിയല്ല. ഗൗരിക്കുട്ടിക്കന്നു പതിനേഴ് തികഞ്ഞ പുതിനിറഞ്ഞുനിൽക്കുന്ന, സൗവനയുക്തയായ പെൺകുട്ടിയാണ്, ധാരാളം തലമുടി. നെററിയിൽ ഇലക്കുറിയും ചാന്തുപൊട്ടും, കറുത്ത കരയൻ മുണ്ടും വേഷ്ടിയും ധരിച്ച്, ആതിരനിലാവിന്റെ ചന്തമുള്ള ഗൗരിക്കുട്ടി,

"കുട്ട്യേ മുഷിഞ്ഞോ? ന്റെ കഥ കേക്കാ ആർക്കാ രസം തോന്ന്വ. ഒരു രസോല്യാത്ത കഥ. ല്ലേ."

അശ്വതിക്ക് നല്ല രസംതോന്നി. അവൾ അമ്മായിടെ അടുത്ത് അലിഞ്ഞുചേരുകയായിരുന്നു. ഇടയ്ക്കിടെ നിർത്തി, ഓർത്തോർത്തു് ഏതോ മുത്തശ്ശിക്കഥപോലെ അമ്മായി പറഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ അവൾക്ക് ഭൂതമില്ല. ഒരു ചരടിൽ കോർത്തെടുക്കാൻ പാകത്തിൽ അടുക്കൊപ്പിച്ചു്...

"കുട്ടീടെ ഭർത്താവ് വരണ്ടാവും. അയാൾക്കെന്നു പിടുത്തല്ല."

അശ്വതിക്കു ചിരിവന്നു. രാജേന്ദ്രനെപ്പററി പറയുമ്പോൾ അമ്മായിയ്ക്കു വെറുപ്പാണ്. ഭയവും. ഈ ലോകത്തുള്ള മുഴുവൻ പുരുഷന്മാരോടും അമ്മായിയ്ക്കു വെറുപ്പാണ്.

"അമ്മായിക്കു ക്ഷീണമുണ്ടാവും. ഞാൻ കുറച്ചു കാപ്പിയുണ്ടാക്കട്ടെ?"

"വേണ്ട. നിക്ക് ഒട്ടും ക്ഷീണം തോന്ന്ണില്ല. നല്ല ഉത്സാഹം. പഴേതൊക്കെ ഓർക്കണതൊരു രസാ. ദുഃഖൊക്കെ മറക്കാൻ പററും."

അമ്മായി വീണ്ടും അറബിക്കഥയിലെ രാജകുമാരിയായി.

"രണ്ടു പെങ്കുട്ട്യോളു്. പ്രായായിട്ടങ്ങനെ നിക്കാ. നല്ല മനസ്സം. തലമുടി എല്ലായോഗ്യതണ്ട്. പക്ഷേ, മാരം പോരാ. എട്ടത്താൻ ഒപ്പാത്തതു മാരം വേണം. അമ്മായിയ്ക്കാധ്യായി. അമ്മായി പറഞ്ഞു. ശാരദക്കു ഗോപിമതി. ഗൗരിക്കുട്ടിക്കൊരാളിനെ കണ്ടുപിടിക്കണം."

ദാമോദരന്റെ ഒരു വിവരവുണ്ടായിരുന്നില്ല. യുദ്ധത്തിൽ മരിച്ചുന്നു, കാലൊടിഞ്ഞെന്നുള്ളതൊക്കെ അവിടവിടെ കാററിൽ വാർത്ത പറന്നുനടന്നു.

ഏട്ടൻ പഠിപ്പുനിർത്തി. ഒപ്പാലർച്ചെ പാടത്തുപോകും. കന്നുപൂട്ടാ, വിതക്കാരുകയാ. ഒന്നിനും മാററിനിർത്താൻ പററില്ല. നാലുകെട്ടും പടിപ്പുരയും നഷ്ട

കപ്പട്ടപ്പോൾ ആങ്ങളയും പെങ്ങളും ഒന്നായി. ഉറക്കവേളകളെ എല്ലാവരും ഒന്നിച്ചിരുന്ന് കഥകൾ പറയും. അമ്മായി പുറക്കാൻചെല്ലുവും ഉറക്കവെച്ച് ഇരിക്കും. അമ്മാവൻ മരിച്ചപ്പോൾ അമ്മായിയുടെ പത്തിരാണ്ടു. എല്ലാററിനും എട്ടൻ തന്നെ ആശ്രയം. അമ്മാവൻ മരിച്ചതു് നന്നായി എന്നുപോലും ഗൗരിക്കുട്ടിയ്ക്കു തോന്നി.

ശാരദയും ഗൗരിക്കുട്ടിയും ഒന്നിച്ചാണ് തിരുളഴ്ച മനായസ്വകളും തിരുവാതിര മനായസ്വകളും അനുഷ്ഠിക്കുക. അവർ കൂട്ടുകാരൊത്തു് ഇടിച്ചു കളിക്കുകയും, തിരുവാതിരകളിക്കുയും ചെയ്തു. നിലാവിന്റെ മാറിൽ ചുവിട്ടി സ്വയം മറന്ന് എന്തെന്ന ഹരത്തോടെയാണ് അന്ന് പാടിക്കളിച്ചിരുന്നതു്. നിഴലും നിലാവും കെട്ടിപ്പിണഞ്ഞുകിടക്കുന്ന ഇടവഴികളിലൂടെ ചുറ്റുമിന്നിച്ചുള്ള യാത്ര.

അമ്മാവനുണ്ടായിരുന്നപ്പോൾ അമ്മായി പുറത്തിറങ്ങാൻ സമ്മതിക്കില്ല. ഇടപ്പള്ളിക്കെ, അയൽപക്കത്തെ പെണ്ണുങ്ങൾ തറവാടിന്റെ മുററത്ത് ഒന്നിച്ചുകൂടും. അമ്മാവൻ മരിച്ചപ്പോൾപ്പിന്നെ അമ്മായി മുന്നിലും എതിർക്കാതായി.

എട്ടനാണ് കൂട്ടുപോവുക. തിരുവാതിരകളി പഠിപ്പിക്കുന്ന ഗോമതിയ ശാട്ടിയുടെ വീട്ടുമുററംവരെ. ഗോമതിയാശാട്ടിനല്ലണ്ണയുടെ നിറവും കൊഴുപ്പും ഉള്ള കരുത്തുള്ള ഗോമതിയാശാട്ടിയ്ക്കു വയസ്സെത്രയായി എന്നാർക്കുമറിയില്ല. അവരതു് ആരോടും പറയില്ല. പക്ഷേ, മുപ്പത്തിയാറ് ഇപ്പളും കളിക്കും. തിരുവാതി കളിയ്ക്കാനും തിരുവാതിരകളിയ്ക്കുനും അവരാണ് മുന്നിൽ. ഗൗരിക്കുട്ടിയെയും ശാരദയെയും ആശാട്ടിയെ ഏൽപ്പിച്ച് എട്ടൻ തിരിച്ചു പോരും. രാത്രിമുഴുവൻ ഗോമതിയാശാട്ടിയുടെ മുററത്തു പെൺകിടാങ്ങൾ കൈകൊട്ടിപ്പാട്ടും കളിയുമാണ്. ചിലപ്പോൾ എല്ലാവരുംകൂടി അടുത്തുള്ള ഇല്ലങ്ങളിൽപ്പോകും. പ്രായംചെന്ന ആത്തേലത്തമാരും തിരുമേനിമാരും കളികാണാൻ ഉറക്കമൊഴിഞ്ഞു കാത്തിരിപ്പുണ്ടാവും, ജാതിയും മതവും എല്ലാം മറന്ന്, പെൺകിടാങ്ങൾ ചുവടുവെച്ച് നേരം പുലരുംവരെ കളിയ്ക്കും. ചെമ്പകശ്ശേരി ഇല്ലത്താണ് സായാഹ്നം തിരുവാതിരകളിയ്ക്കു പോവുക

മലയാളനാട് വാരിക

വരിസംഖ്യാനിരക്ക്

മുപ്പവർഷത്തേക്ക്	52.00 രൂ.
ആറുമാസത്തേക്ക്	26.00 രൂ.
ഒററപ്രതി	1.00 രൂ.

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാനിരക്കുകൾക്ക് ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാട് വാരിക,
കൊല്ലം—691015.

അവിടെ തിരുമനിമാർ, കുടവയറിനു മീതെ, മുണ്ട് അയച്ചുടുത്ത്, മാറു തുള്ളിച്ച് പത്തായപ്പുരയ്ക്കു മുന്നിൽ ഇരിക്കുണ്ടാവും, പെൺകിടാങ്ങളുടെ തിരുവാതിരകളി ആസ്വദിക്കാൻ.

അമ്മായി കുറേനേരം മൂകയായിരുന്നു. എന്തോ ഓർത്ത്, അയവിറക്കിക്കൊണ്ട്. കഴിഞ്ഞ ചുണ്ടുകളുടെ കോണിലെങ്ങോ മധുരം നിറഞ്ഞ ഓർമ്മകളുണർത്തുന്ന മന്ദഹാസം.

'അന്ന് തിരുവാതിരകളിയ്ക്കാൻ പോയിരാണ്. ചെമ്പകശ്ശേരി ഇല്ലത്ത്. പിന്നൊരിക്കലും പോയിട്ടില്ല. തിരുവാതിരകളിയ്ക്കാൻ. അതവസാനത്തെ പോക്കായിരുന്നു, അമ്മായി ദീർഘമായി നിശ്വസിച്ചു. പിന്നെ, അശ്വതിയെനോക്കി ചിരിച്ചു. അമ്മായിയുടെ കവിളുകൾ ചുവന്നുവന്നു തോന്നി. (തുടരും)

(26-ൽ നിന്നും തുടർച്ച)

ടുന്നു നിന്നു. എന്റെ മുഖത്തുനോക്കി— "മതി! നമ്മൾക്കു ഹോട്ടലിലേക്കു മടങ്ങാം"

"എന്താണച്ഛാ സംഗതി?"

"നിന്റെ മുഖം തക്കാളിപോലെ ചുമന്നിരിക്കുന്നു. ആളുകൾ കണ്ടാൽ കണ്ണുതട്ടും. വേയിലുട്ടി വാടുന്നതുപോലും സഹിക്കാൻവയ്യ. എന്റെ പൊന്നച്ഛ! ഈ ശൂലാകം മുഴുവനും മുങ്ങാൻമാത്രം കണ്ണുനീർ ഞാൻ എന്റെ ഇതുവരെയുമുള്ള ജീവിതത്തിൽ ചൊരിഞ്ഞതു് അറിഞ്ഞിരുന്നുവോ?

◀ ▶

പകലൊക്കെ സഹിക്കാനാവാത്ത ചൂടായിരുന്നു.

ഫാനിന്റെ താഴത്തുനിന്ന് ഒരുനിമിഷം മാറിയാൽമതി അപ്പോൾ വിയർക്കാൻതുടങ്ങും.

അതുകൊണ്ട് ചൂടിന്റെ ശക്തിയൊന്നു കുറച്ചപ്പോൾ വേഗംതന്നെ കളികഴിച്ച് സാരി മാറി നനഞ്ഞ തലമുടിയിലെ ഉടക്കെടുത്തുകൊണ്ട് അമ്മു ബാൽക്കണിയിൽ നിൽക്കുമ്പോഴാണ് മിസ്റ്റർ പിള്ള എത്തിയതു്.

മണിയടിച്ചപ്പോൾ കൊച്ചുട്ടൻ ഓടിച്ചെന്ന് കതകുതുറന്നു.

കറുത്ത പാൻറും വെളുത്ത ജുബ്ബയുമാണ് മിസ്റ്റർ പിള്ള ധരിച്ചിരുന്നതു്—അയാളുടെ പൊക്കത്തിനും വണ്ണത്തിനും

"എന്താ ഇങ്ങനെ മിഴിച്ചുനോക്കുന്നതു്. വീട്ടിനകത്തു് ഞാൻ ബ്രേസിയർ ധരിക്കാറില്ല...വരൂ, ഇരിക്കൂ," അയാൾ പറഞ്ഞു.

അവളുടെ മാറത്തു് തറച്ചുനിന്നിരുന്ന തന്റെ ദൃഷ്ടികളെ പൊടുന്നനെ വലിച്ചുതിരിക്കാൻകൊണ്ട് മിസ്റ്റർ പിള്ള അവളോടു ചോദിച്ചു് ആ സോഫയിൽത്തന്നെ ഇരുന്നു.

"മിസ്റ്റർ മേനോൻ എത്തിയില്ലേ?" അയാൾ തിരക്കി.

"ഇല്ല"

"കഴിഞ്ഞപ്രാവശ്യം വന്നപ്പോഴും കാണാൻ സാധിച്ചില്ല. ടൂറിലായിരുന്നു."

"ഇന്ന് തീർച്ചയായും കാണാം. ആറുമണിക്കുമുമ്പ് എത്തും. അയാൾ അല്പംകൂടി അവളുടെ അടുത്തേയ്ക്ക് ചേർന്നിരു



നോവൽ 49

പത്മൻ

രിച്ചും അനുരൂപമായ വേഷം.

അകത്തേയ്ക്കുകടന്നപാടെ അമ്മുക്കുട്ടിയെ അത്ഭുതത്തോടെ തുറിച്ചുനോക്കിക്കൊണ്ട് അയാൾ ഒരു നിമിഷം നിന്നുപോയി—എന്നിട്ട് പറഞ്ഞു.

"എന്താ അമ്മുക്കുട്ടി ആകെ മാറിപ്പോയല്ലോ. കണ്ടുതിരിച്ചറിയില്ല. കഴിഞ്ഞപ്രാവശ്യം കണ്ടതിലും ഒരു പത്തുവയസ്സ് കൂടുതലായതുപോലെ."

"ഇരിക്കൂ" അവൾ പറഞ്ഞു. എന്നിട്ട് നനഞ്ഞ തലമുടി മാറത്തേക്കിട്ടുകൊണ്ട് അവൾ സോഫയിൽ ഇരുന്നു.

മിസ്റ്റർ പിള്ള അപ്പോഴും അവളിൽനിന്നും കണ്ണെടുക്കാനാവാതെ തുറിച്ചുനോക്കി നിന്നതേയുള്ളു.

"എന്താ ഇങ്ങനെ മിഴിച്ചുനോക്കുന്നതു്. വീട്ടിനകത്തു് ഞാൻ ബ്രേസിയർ ധരിക്കാറില്ല...വരൂ, ഇരിക്കൂ," അയാൾ പറഞ്ഞു.

അവളുടെ മാറത്തു് തറച്ചുനിന്നിരുന്ന തന്റെ ദൃഷ്ടികളെ പൊടുന്നനെ വലിച്ചുതിരിക്കാൻകൊണ്ട് മിസ്റ്റർ പിള്ള അവളോടു ചോദിച്ചു് ആ സോഫയിൽത്തന്നെ ഇരുന്നു.

"മിസ്റ്റർ മേനോൻ എത്തിയില്ലേ?" അയാൾ തിരക്കി.

"ഇല്ല"

"കഴിഞ്ഞപ്രാവശ്യം വന്നപ്പോഴും കാണാൻ സാധിച്ചില്ല. ടൂറിലായിരുന്നു."

"ഇന്ന് തീർച്ചയായും കാണാം. ആറുമണിക്കുമുമ്പ് എത്തും. അയാൾ അല്പംകൂടി അവളുടെ അടുത്തേയ്ക്ക് ചേർന്നിരു

"കഴിഞ്ഞപ്രാവശ്യം വന്നപ്പോഴും കാണാൻ സാധിച്ചില്ല. ടൂറിലായിരുന്നു."

"ഇന്ന് തീർച്ചയായും കാണാം. ആറുമണിക്കുമുമ്പ് എത്തും. അയാൾ അല്പംകൂടി അവളുടെ അടുത്തേയ്ക്ക് ചേർന്നിരു

യും അനുഭവിക്കാനില്ല. ആക്കം എഴുതാനുമില്ല."

"പോട്ടെന്ന്" അവളുടെ കണ്ണുകൾ നിറയുന്നതു അയാൾ ശ്രദ്ധിച്ചു.

നിറയുന്ന കണ്ണുകൾ തുടച്ചുപിടിക്കാൻ വേണ്ടി അവൾ ഇറയത്തേക്കിറങ്ങുന്ന ജാലകത്തിൻകൂടി പുറത്തേയ്ക്കു നോക്കി. മുഖം കനച്ചിരുന്നു.

കതകിന്റെ പിന്നിൽവന്ന് കൊച്ചുട്ടൻ കരഞ്ഞാളിഞ്ഞുനോക്കിയിട്ട് വേഗം മാറിക്കളഞ്ഞു.

അപ്പോഴേയ്ക്കും അവളുടെ കൈപ്പടം തന്റെ കൈകൾക്കുള്ളിലാക്കി പതുക്കെ തലോടിക്കൊണ്ട് അയാൾ വാത്സല്യത്തോടെ പറഞ്ഞു.

"കുറച്ചുദിവസം അമ്മുക്കുട്ടി എന്റെകൂടെ നാട്ടിലേയ്ക്കുപോരെ. ഒരു ചെയ്ഞ്ജാവട്ടെ...എന്താ?"

"ആലോചിക്കാം."

"ഇതാ ഇത്രയ്ക്ക്" ആലോചിക്കാമെന്നതിരിക്കട്ടെ...ഉം... എന്താ അപ്പേട്ടൻ അനുഭവിക്കില്ലേ?"

"ങ ഹ !! ആ കാര്യമൊക്കെ എന്നേ കഴിഞ്ഞു."

"എന്നാൽ പിന്നെ എന്താ പ്രയാസം. വേണമെങ്കിൽ ഞാൻതന്നെ അപ്പേട്ടനോടു ചോദിക്കാം."

"വേണ്ട വേണമെന്നു തോന്നുമ്പോൾ ഞാൻ അറിയിക്കണ്ടേ?"

"അതുശരിക്കാണ്ട് ഒരുകാര്യവും സ്വയം തീരുമാനിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല എല്ലാം മററാരെങ്കിലും നിർബ്ബന്ധിച്ചു ചെയ്യണം. ഇങ്ങനെയായാൽ എങ്ങനെയാ ജീവിക്കാൻ പററുക. കുറച്ചാക്കെ അനുഭവിക്കാനുള്ളതു നോക്കാൻകൂടെ പഠിക്കണ്ടേ.

അവളുടെ നനഞ്ഞകണ്ണുകൾക്കു താഴെ വിറയ്ക്കുന്ന ചുണ്ടുകളിൽ ഒരു നേരിയ പുഞ്ചിരി.

അവൾ പറഞ്ഞു.

"ഒക്കെ പഠിച്ചുകഴിഞ്ഞു. എന്നെ ഇനി ആക്കം ഒന്നു പഠിപ്പിക്കാൻ പററില്ല."

മിസ്റ്റർ പിള്ളയുടെ കൈയ്യുള്ളിൽ അവളുടെ കൈപ്പടം ഞെരിഞ്ഞു.

അവളുടെ നിറഞ്ഞുതുളുമ്പിയിരുന്ന കണ്ണുകളിൽ പിന്നെ മണ്ണുതുള്ളി കണ്ണുനീർ അടർന്നുവീണു. ആ ചിന്നിച്ചിതറിയ കണ്ണുനീർത്തുള്ളികളിൽ എത്രയോ ചെറുകഥകളുടെ ബീജങ്ങൾ ശ്വാസംമുട്ടി പിടഞ്ഞു

"അതിരിക്കട്ടെ...നോവൽ എത്രത്തോളമായി" വിഷയംമാററാനുള്ള ഒരു ഒഴികഴിവന്നോണം മിസ്റ്റർ പിള്ള ചോദിച്ചു.

"ആയിക്കൊണ്ടിരിക്കുന്നു" അവൾ പറഞ്ഞു.

"അങ്ങനെ പറഞ്ഞു ഒഴിഞ്ഞുപോകരുത്. കുറേനാളായി പ്രസിദ്ധീകരണം തുടങ്ങിയിട്ടുള്ളതല്ലേ തീർത്തുതരണം"

"തീർന്നാൽ തരാം. എനിക്കൊന്നും ഒരിക്കലും മററാരാൾക്കുവേണ്ടി ചെയ്തു തീർക്കാൻ ഇന്നോളം കഴിഞ്ഞിട്ടില്ല. എനിക്കുവേണ്ടിപ്പോലും..."

"വേണമെന്നുവെച്ചു" മനസ്സിരുത്തിയാൽ എല്ലാം നടക്കും"

"മനസ്സാണ്ന്ന് അടങ്ങിയിരിക്കണ്ടേ?"

പെട്ടെന്ന് ഡോർബെല്ല് ശബ്ദിച്ചു.

"അപ്പട്ടനാവും" അമ്മു പറഞ്ഞു.

പിള്ള വേഗം അവളുടെ കൈവിട്ടിട്ട് അല്പം അകന്നിരുന്നു. കൊച്ചുട്ടൻ വാതിൽ തുറന്നപ്പോൾ ക്ഷീണിച്ചവശനായമട്ടിൽ അപ്പേട്ടൻ അകത്തേയ്ക്കു കടന്നു.

കെട്ടുയഞ്ഞുപോയിരുന്ന ഒരു അയാളുടെ കഴുത്തിൽനിന്നും തൂങ്ങിമരിച്ചപോലെ ഞാന്നുകിടന്നിരുന്നു. ഉപാക്കിളുന്നു മുകളിലേയ്ക്കു" വലിച്ചുകയററിയിരുന്ന ടൈസറിന്റെ താഴത്തു" തുളവീണ പഴഞ്ചൻ സോക്സ്" കാണാം.

"എത്തി, അല്ലെ" മിസ്റ്റർ പിള്ളയെ കണ്ടപ്പോൾ അപ്പേട്ടൻ ചോദിച്ചു.

"അതെ" എഴുന്നേററുനിന്ന് കൈകൂപ്പി കൊണ്ട് പിള്ള സവിനയം പറഞ്ഞു.

"എത്തിക്കാണുമെന്ന് ഞാനും കരുതി. ഇരിക്കൂ. ഇരുന്ന് സംസാരിച്ചോളൂ. ഞാൻ ഇതാകെ ഒന്നു മാററിട്ട് വരാം" അപ്പട്ടൻ അകത്തേയ്ക്കുപോയപ്പോൾ മിസ്ററർ പിള്ള പഴയപടി അമ്മുവിനോടു ചേർന്ന് അവിടത്തന്നെ ഇരുന്നു.

"രണ്ടുപേരും പണ്ടു കണ്ടതിലും വളരെയധികം മാറിയിട്ടുണ്ട്. കൌമാരത്തിൽനിന്ന് നേരെ വാർദ്ധക്യത്തിലേക്കാണോ നീക്കം"

അപ്പേട്ടൻ കണ്ണിൽനിന്നും മറഞ്ഞപ്പോൾ പിള്ള തിരക്കി. "രണ്ടിനും തമ്മിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യാസമില്ല" അമ്മു പറഞ്ഞു.

"ഞാൻ കവിയും കഥാകൃത്തുമാണല്ലോ. എനിക്കിത്തരം കാര്യങ്ങളെപ്പററി വലിയ പിടിയില്ല കണ്ടോ" പറയുന്നതുമാത്രം ...ആട്ടെ നോവൽ എന്നാത്തക്ക് റേഡിയോ

യാവും. എനിക്കതാണ് അറിയേണ്ടതു്, അതുടനെ കിട്ടിയില്ലെങ്കിൽ ഞാനിവിടെത്തെ പടിക്കൽ സത്യഗ്രഹമനുഷ്ഠിക്കും, അയാൾ പറഞ്ഞു.

"ആരാ ... ആരാ എന്റെ പടിക്കൽ സത്യാഗ്രഹമനുഷ്ഠിക്കാൻ പോകുന്നതു" കാഫിസുവേഷം മാറി മുണ്ടുചുററി ഒരു തോർത്തുമുണ്ടുകൊണ്ടു് മുടിപ്പുതച്ചു് പുറത്തേക്കുവന്ന അപ്പുട്ടൻ ചിരിച്ചുകൊണ്ടു് ചോദിച്ചു.

അപ്പുട്ടന്റെ രംഗപ്രവേശം കരുതിയതിലും നേരത്തെ ആയിത്തീരുകയുണ്ടായി എസ്. കെ. പിള്ള വേഗം തെട്ടിമാറി,

"വേണ്ട, വേണ്ട, മാറണ്ട, അവിടത്തന്നെ ഇരുന്നാൽമതി," അവരുടെ എതിർവശത്തായി മററൊരു കസേരയിൽ ഇരുന്നുകൊണ്ടു് അപ്പുട്ടൻ പറഞ്ഞു.

"ഞാൻ 'കേരളനാട്ടി'ലേക്കുള്ള നോവലിന്റെ കാര്യം പറയുകയായിരുന്നു" തെല്ലാന്തം പതറിപ്പോയ പിള്ള വേഗം പറഞ്ഞു.

"ഒ്ഹാ, അതന്നു എഴുതുന്നുണ്ടു് ... പക്ഷെ എവിടെയാ അവൾക്കതിനൊക്കെ സമയം, പാവം ചെറിയ കുട്ടിയല്ലേ അവരുടെ കാര്യം നോക്കാൻതന്നെ സമയമില്ല. പണിക്കാരത്തി നോക്കിയതൊന്നും അമ്മ നോക്കുംപോലെ ആവുന്നില്ലല്ലോ അപ്പോൾ പിന്നെ എവിടെയാ നോവലും കഥയുമൊക്കെ എഴുതാൻ സമയം ... പിന്നെ ഇല്ലാത്ത സമയത്തു് ഇങ്ങനെ കഷ്ടപ്പെട്ടു് എഴുതിട്ടും എന്താ ഒരു പ്രയോജനം. എന്തെങ്കിലും പ്രതിഫലംകിട്ടുന്ന കാര്യമാണെങ്കിൽ പോട്ടേന്നു് വയ്ക്കാമായിരുന്നു. ഈ തൊഴിലിൽ അതുപിച്ചു."

"അതിനാണോ പ്രയാസം. എന്താ പ്രതിഫലം വേണ്ടതന്നുവെച്ചാൽ അതങ്ങു പറഞ്ഞാൽമതി. അമ്മുക്കുട്ടിടെ നോവലിന്നു് എത്ര പ്രതിഫലംകൊടുത്താലും അതധികമാവുകയില്ല."

"അതു ശരിയാണു്. ഞാനും സമ്മതിക്കുന്നു. അവളെപ്പോലെ കഴിവുള്ള മററൊരു സ്ത്രീയെ മലയാളത്തിലെന്നല്ല മററു ഭാഷകളിൽപോലും കണ്ടെത്തുവരില്ല. ഇത്രയൊക്കെ കഴിവുണ്ടായിട്ടും എന്താ ഫലം. സത്യം പറഞ്ഞാൽ അവൾക്കു പുറത്തു പോകുമ്പോൾ ഉടുക്കാൻപററിയ നല്ലൊരു സാരിപോലും വാങ്ങിക്കൊടുക്കാൻ എനിക്കു് സാധിച്ചിട്ടില്ല. എവിടെങ്കിലും പോകണമെങ്കിൽ പഴയ കീറിപ്പറിഞ്ഞ തേരെങ്കിലും ഉടുക്കണം. എനിക്കാണെങ്കിൽ ഇതിനിടക്കുടുക്കലൊന്നും വാങ്ങിക്കൊടുക്കാനുള്ള വരവുമില്ല. അതുകൊണ്ടെന്താ ഞാനവളെ എന്റെകൂടെ വെളിയിലെവിടെയും കൊണ്ടുപോകാറുമില്ല..."

"പ്രതിഫലത്തിന്റെ കാര്യത്തിൽ മേനോൻസാറു് വിഷമിക്കണ്ട. എത്രയാ വേണ്ടതെന്നുവെച്ചാൽ ഒരൊററ വാക്കു പറഞ്ഞാൽമതി..." മിസ്റ്റർ പിള്ള പറഞ്ഞു.

"എനിക്കു് സത്യം പറഞ്ഞാൽ സാഹിത്യത്തിന്റെ വിലയിരുത്താൻവേണ്ട അറിവും അർഹതയുമില്ല." അപ്പുട്ടൻ ഇടർന്ന "സാഹിത്യത്തിനെന്തെങ്കിലും വിലയുണ്ടോ എന്ന കാര്യംപോലും എനിക്കറിഞ്ഞുകൂടാ. പക്ഷെ ഒരു കാര്യമാത്രം എനിക്കു് നല്ലപോലെ അറിയാം സമയത്തിന്നു് വിലയുണ്ടു്, അതാരുടേതായാലും ... അതുകൊണ്ടു്..." അപ്പുട്ടൻ അമ്മുവിന്റെ നേക്കു തിരിഞ്ഞുകൊണ്ടു് ചോദിച്ചു. "എന്താ അമ്മു നിനക്കതന്നെ അങ്ങനെ് പറഞ്ഞൂടെ. എന്താ ഇത്രമായിട്ടോന്നും യാതൊരു ബന്ധവുമില്ലാത്തതട്ടിൽ മിണ്ടാതിരിക്കുന്നതു്?"

"ഞാനൊന്നും പറയുന്നില്ല. ഒക്കെ അപ്പേട്ടൻതന്നെ പറഞ്ഞാൽമതി" അമ്മു പറഞ്ഞു.

"കണ്ടില്ലേ ഇതാ അമ്മുവിന്റെ മട്ടു്. ഒരു കാര്യത്തിലുമല്ല ഒരു ശ്രദ്ധ്ക്കുന്നു. എല്ലാ കാര്യങ്ങളും ഞാൻതന്നെ നോക്കണം. അത്യാവശ്യത്തിനുടുക്കാൻവേണ്ട സാരിവാങ്ങാപ്പോലും ... ശരി ... തല്ക്കാലം മിസ്റ്റർ പിള്ള ഒരു കാര്യം ചെയ്യണം." ഇതിനിടയ്ക്കു് എന്തോ ഒന്നു് ചിന്തിച്ചുപോയ മിസ്റ്റർ പിള്ള വേഗം മുഖമുയർത്തി നോക്കി.

"മിസ്റ്റർ പിള്ള ഒരു കാര്യംചെയ്യു" അപ്പേട്ടൻ തുടർന്നു. "തല്ക്കാലം ഒരു രണ്ടായിരം ഉറുപ്പിക അഡ്വാൻസായിട്ടു് അവൾക്കു് കൊടുക്കൂ. പാവത്തിന്നു് സാരിവാങ്ങാനെങ്കിലുമാവട്ടെ ... എന്നാൽപിന്നെ ഉടൻതന്നെ ഇവിടെ സത്യാഗ്രഹം അനുഷ്ഠിക്കേണ്ട ആവശ്യവും വരാതെ ഞാൻ നോക്കിക്കൊള്ളാം ... എന്താ പോരെ—"

"മതി ... മതി — ധാരാളം — ധാരാളം" മിസ്റ്റർ പിള്ളയുടെ പതറിയ ശബ്ദം

ഇന്നോളം ഒരു നോവലിന്നു നൂറുരൂപയിൽക്കൂടുതൽ അഡ്വാൻസുകൊടുത്തിട്ടില്ലാത്ത പിള്ള ഒന്നു വിയർത്തു.

"ചെക്കബുക്കുണ്ടെങ്കിൽ ഇപ്പത്തന്നെ എഴുതിക്കോളൂ— പിന്നത്തേക്കു് വയ്ക്കണ്ട — അവളുടെ പേരിൽത്തന്നെ എഴുതിയാൽമതി — ഈ ഇൻകംടാക്സിന്റെ പ്രശ്നം—! അതുകൂടെ നോക്കണമല്ലോ —"

"ഓ."

ഓ. എന്നു പറയുന്നതിനിടയിൽ പിള്ള ബാഗുതുറന്നു ചെക്കുബുക്കു് പുറത്തെടുത്തു് ഒരായിരം രൂപക്കു് അമ്മുവിന്റെ പേരിൽ ചെക്കെഴുതി.

"ഇനി പാവം അമ്മുവു് കുറച്ചുദിവസത്തേക്കെങ്കിലും നല്ല സാരി ഉടുത്തോണ്ടു് പുറത്തിറങ്ങാം" ചെക്കു് കൈനീട്ടി വാങ്ങിക്കൊണ്ടു് അപ്പേട്ടൻ പറഞ്ഞു.

അമ്മു നന്ദിശൂന്യയായി നിശ്ശബ്ദത പാലിച്ചു.

"എന്നാലിനി നിങ്ങളുടെ സാഹിത്യചർച്ച നടക്കട്ടെ ഞാൻ സർവ്വാർത്ഥിലെ കളുമ്പാവാൻ നിൽക്കുന്നില്ല — ഒ്ഹാ ഒരു കാര്യം ആ കടപ്പുറത്തുപോയിരുന്നു് സംസാരിക്കാം. ഇവിടാകുമ്പോൾ നിങ്ങൾക്കു് ശല്യമില്ല. ആരെങ്കിലുമൊക്കെ എന്നെ കാണാൻ വന്നെന്നിരിക്കും എന്താ— അതല്ലേ നല്ലതു്" അപ്പേട്ടൻ അഭിപ്രായപ്പെട്ടു.

"അതെ — അതെ" അല്പനേരത്തേക്കു് സ്ഥിതിഗതി പിടികിട്ടാതെപോയ മിസ്റ്റർ പിള്ള പറഞ്ഞു.

"എന്നാൽ അമ്മു പോയ്ക്കോ സാഹിത്യത്തെപ്പററി സംസാരിക്കാൻ അതിനു ചേന്ന — അതിനുചേന്ന — എന്താവാക്കു് — സാഹചര്യം — അതെ — സാഹചര്യംവേണം — വേണ്ടെ. അതുകൊണ്ടു് കല്ലുത്തുപോയിരുന്നു് സംസാരിച്ചോളിൻ — മിസ്റ്റർ പിള്ള അതാഴത്തിന്നു് ഉണ്ടാവില്ലല്ലോ — എന്താ അമ്മു അത്താഴത്തിന്നു് പിള്ളയേം വിളിക്കാനുദ്ദേശമുണ്ടോ."

അമ്മു എന്തെങ്കിലും പറയുന്നതിനുമുമ്പേ പിള്ള തുടർന്നു.

"വേണ്ട വേണ്ട, അതിനി ഒരിക്കലാവാം."

(തുടരും)

നിങ്ങൾ ഉദരം കൊണ്ടു് ചിന്തിച്ചു ശീലിച്ചവരാണു്, തല നിങ്ങൾക്കെല്ലാം ഒരുതരത്തിലുള്ള ഭാരമാണു്,

* * *

ഭൂമിയിൽ മനസ്സു് മരവിച്ചവർക്കു് സമാധാനം.

* * *

"നിങ്ങൾ ഇങ്ങനെ പിടിവാശി പിടിക്കുന്നതു്. തൽക്കാലത്തേക്കു് ചില വിട്ടുവീഴ്ചകളൊക്കെ ചെയ്യണം."

"തല്ക്കാലത്തേക്കു് വിട്ടുവീഴ്ച ചെയ്യാനോ? നിങ്ങൾ, തല്ക്കാലത്തേക്കു് ഒന്നു് ആത്മഹത്യ ചെയ്തു കാണിക്കുമോ? ഹേ,

സുരാസു

ഹേ, മനുഷ്യ! Temperary Suicide പോലത്തന്നെയാണു് Temperary Adjustment ഉം. ഒരിക്കൽ വിട്ടുവീഴ്ച ചെയ്തുവൻ വീണവനാണു്, അവനു് പിന്നെ ഒരിക്കലും എഴുന്നേൽക്കാൻ കഴിയില്ല."

* * *

അവനവന്റെ കാര്യം കഴിഞ്ഞിട്ടു മതി ബാലാ രാഷ്ട്രീയമൊക്കെ, നമ്മൾ മാത്രം വിചാരിച്ചാൽ സോഷ്യലിസം വരോ? സോഷ്യലിസമൊക്കെ അങ്ങനെ വന്നോളട്ടെ. അതിനിപ്പു് ആദ്യം നമ്മുടെ കാര്യം കാണണം."

"നിങ്ങൾ ഇപ്പോൾ ചൊല്ലുന്നു."

"ഞാനോ—? അതെന്തോ?"

"നമ്മളിവിടെ നിന്നാൽ ഞാൻ കൊല്ലും! നിങ്ങളെ പ്ലാവിലാക്കാനുള്ള കുക്കുമക്കുഞ്ഞിലറുത്തതു് എനിക്കിഷ്ടമല്ല. ചൊല്ലുന്നു."

* * *

നിയമങ്ങൾക്കുവേണ്ടി ജീവിക്കുന്നതു്. നിയമങ്ങൾ വേണ്ടിവരാത്ത ഒരവസ്ഥ വരുത്തിത്തീർക്കാൻവേണ്ടി ജീവിക്കുക.

* * *

"പുതിയൊരു മുദ്രാവാക്യം കിട്ടിട്ടുണ്ടു്."

"കേൾക്കട്ടെ."

വരുന്നേടത്തുവച്ചു് കാണാം."

* * *

ഇറക്കു് വേണ്ടതു് വിവരമല്ലാ! വെടിയുണ്ടയാണു്.

* * *

സമയം ചെയ്യുന്നതു് തുണികൊണ്ടല്ലാ തോക്കു കൊണ്ടാണു്.

* * *

"എന്തുകൊണ്ടു്?"

"എന്തുകൊണ്ടു് എന്ന ചോദ്യം ഇന്നലെ വരെ ആരും ചോദിച്ചില്ല— അതുകൊണ്ടു!"

"ഗോർക്കി പറഞ്ഞതു്: മനുഷ്യനിൽ എത്ര സുന്ദരമായ പദം!" ഈ മനുഷ്യനിൽ എവിടെയാണു് സൗന്ദര്യം?"

"ഗോർക്കി ഈ മനുഷ്യരെയൊന്നും കണ്ടു കാണില്ല. വരൂ, നമുക്കു് ഊണു കഴിക്കാം."

"വടിയെടുത്തു് ചുഴററൂ."

"പററില്ല. ഞങ്ങൾ അഹിംസക്കാരാണു്."

"എങ്കിൽ വടി പിടിച്ചോളൂ."

* * *

നിർജ്ജീവമായ പടങ്ങൾക്കു മുന്നിൽ ചന്ദനത്തിരി കത്തിച്ചുവച്ചു് ഭക്തിപാരവശ്യം പ്രദർശിപ്പിക്കുന്നവർ, ജീവനുള്ള മാംസവുമുള്ള മനുഷ്യരെ വൃഥാ വേദനിപ്പിക്കാൻ ശ്രമിക്കുന്നു.

* * *

തിരിച്ചു നടക്കാൻ ഒരിക്കലും കഴിയാത്ത വഴികളിലൂടെ ഞാൻ ഏറെ ദൂരം നടന്നു കഴിഞ്ഞിരിക്കുന്നു. ഇനി തിരിഞ്ഞു നോക്കാതെ കൈവീശി നടക്കുകയേ മാർഗ്ഗമുള്ളൂ.

ഇവിടെ മീശക്കനാവാൻ എളുപ്പമാണു്. കാരണം 99 ശതമാനവും ഇവിടെ വിഡ്ഢികളാണു്. സ്വയം സൂക്ഷിക്കാനറിയാത്ത മററുള്ളവരെ സൂക്ഷിച്ചു് നടക്കുന്നവരെ, നമുക്കു് സൂക്ഷിക്കാം.

ഏതോ ഒരു ചേർക്കുക്കാരൻ പറഞ്ഞതത്രേ: "ആദ്യത്തെയും അവസാനത്തെയും പേജുകൾ നഷ്ടപ്പെട്ട ഒരു പ്രാചീന കൈയെഴുത്തു ഗ്രന്ഥമാണു്. പ്രപഞ്ചം" എന്നു്.

ഒരു ചുക്കും നഷ്ടപ്പെട്ടിട്ടില്ല. ആദ്യത്തെയും അവസാനത്തെയും പേജുകൾ എന്റെ പെട്ടിക്കുള്ളിലുണ്ടു്. അതുകൊണ്ടു് ആദിയും അനാദിയും, അന്തവും, അനന്തവുമെല്ലാം ഞാൻ തന്നെയെന്നു് എനിക്കറിയാം.

ഇതു് ഞാൻ പറയുന്നതു്, കാരണം, ഞാൻ ഭാരതീയൻ മാത്രമല്ല! കേരളീയൻ കൂടിയാണു്.

ശ്രീ ഗുരുജിയുടെ വിചാരധാര വായിച്ചപ്പോൾ ഉന്മേഷം തോന്നി.

"അശ്വം നൈവ ഗജം നൈവ
വ്യാഘ്രം നൈവച നൈവച
അജാ സുതം ബലിം ദദ്യാത്
ദൈവോ ദുർബ്ബല ഘാതക"

ഒരു കുതിരയേയോ ആനയേയോ ആടിനെ ബലി കൊടുക്കുന്നില്ല. ഒരു പുലിയെ ആടിനെ ഒരിക്കലും ബലി കൊടുക്കുന്നില്ല. ബലി അർപ്പിക്കപ്പെടുന്നതു് ആടാണു്, ദേവതകൾ പോലും ദുർബ്ബലമായാണു് സ്വീകരിക്കുന്നതു്.

നമുക്കും ശക്തി മതി.

സന്തു് ഇക്കാലത്തിനെ പരിചയപ്പെടുമ്പോഴും സുഖം തോന്നി.

"ദയാ നിചേ നാപേ ഗുണാചേ—
പാലൻ
ആണിക്കു് നിർദ്ദയൻ കണ്ടകാംചെ

എത്ര ശരി! എല്ലാ ജീവജാലങ്ങൾക്കും സംരക്ഷണം നല്കലും, ദുഷ്ടന്മാരെ വകവരുത്തലുമാണു് യഥാർത്ഥ ദയ, കുററവാളിയെ ശിക്ഷിക്കാത്തവനാണു് യഥാർത്ഥ കുററവാളി.

ഒരിക്കൽക്കൂടി:—

"വടിയെടുത്തു് ചുഴററൂ."

"പററില്ല. ഞങ്ങൾ അഹിംസക്കാരാണു്."

"എങ്കിൽ വടി പിടിച്ചോളൂ!"

—o—

ഒരമ്പലത്തിൽ ഒരുസന്ധ്യ

വിജയൻകരോട്ടു്

ഗോപി ജയിലിൽനിന്നും വന്നിട്ടു് ആറുമാസമേ ആയിട്ടുള്ളൂ. നൊക്കേപാക്കത്തെ കുമപ്പൻസ്മൃതിയിലെ ഒരു പ്ളാററിൽ ഒരു സന്ധ്യക്കു് യാദൃച്ഛികമായി ഞാൻ ഗോപിയെ പരിചയപ്പെട്ടു. ധാരാളം ദേവിമാരുള്ള ഒരു അമ്പലം * ! ആയിരുന്നില്ല, ആ പ്ളാററു്, ഒരു ദേവി, വത്സലമാത്രം.

ഗോപിയുടെ കാര്യമാണു് വത്സല എന്നു കേട്ടപ്പോൾ എനിക്കു് അമ്പരപ്പുണ്ടായില്ല. അമ്പലങ്ങളിൽ ദേവിമാർ ഭർത്താക്കന്മാരെ വാടകയ്ക്കെടുക്കുകയുണ്ടായിട്ടു്. ഗോപിയും ഒരു വാടക ഭർത്താവാകുമെന്നു കരുതിയ ഞാൻ വിഡ്ഢിയാവുകയായിരുന്നു. എന്നെ കൊണ്ടുപോയ എക്സ്സൈസ് സബ്ളേയർ കോതണ്ഡരാമൻ പറഞ്ഞു.

"സാറ—നിങ്ങളാ ഞങ്ങ അമ്മായുടെ 2 പുരുഷനാകും. ഗോപിസ്സാർ—"

സത്യത്തിന്റെ മുഖംമൂടി നീങ്ങിയപ്പോൾ ഞാനൊന്നുപകച്ചു. എന്റെ പകപ്പു കണ്ടിട്ടാകാം, ഗോപി കയ്യിലിരുന്ന മദ്യം ഒററവലിക്കു് അകത്താക്കിയിട്ടു് ഒരു വയസ്സൻ മൃഗത്തെപ്പോലെ അമറാൻ തുടങ്ങി!

"ഞാൻ പറിച്ചു — എല്ലാം സഹിക്കാൻ ... സാറു് കേൾക്കണം, നിങ്ങൾ വലിയ സിനിമാക്കാരല്ലേ? ആത്മഹത്യ ചെയ്യാനുള്ള ധൈര്യം എനിക്കു് ജയിലിൽവച്ചേ കൈമോശംവന്നു — പിന്നെ ഇവളെക്കൊന്നിട്ടു് ജയിലിൽപ്പോകണം —" വത്സലയുടെ നേർക്കു് കണ്ണുകൾ ചാട്ടുളിപോലെ പാഞ്ഞു, "അതിനെന്റെ മനസ്സു മരവിച്ചു."

"കാര്യമെന്തായാ?"

"അതേ — ചെറിയൊരു കാര്യം..."

ഗോപി അരയിൽനിന്നു ഒരു കാശു എടുത്തു് കുളിക്കു് എന്നു നിവർത്തി, എന്റെ കഴുത്തിനുനേർക്കുയർത്തി—

"ഒരു ഒസ്സക്കന്റു വേണം..."

ഗോപി കരച്ചിൽ നിറുത്തി.

"സാറു് കേൾക്കണം — കേട്ടേ മതിയാവൂ — ചിലപ്പോൾ ഒരു സിനിമ എടുക്കാൻ കഴിഞ്ഞേക്കും — കഥകൾ ക്ഷാമമുള്ള കാലമല്ലേ?"

ഞാൻ കാതുകൾ കൂർപ്പിച്ചു. തുടങ്ങു, പറയൂ — എന്നു് കല്ലു പോലെ കണ്ണുകൾ ഗോപിയുടെനേർക്കുയർത്തി. ഗോപി ജീവിതത്തിന്റെ പിൻനിലാവിലേക്കു് ഊളിയിട്ടു.

ഗോപി പറഞ്ഞകഥ:

ഒരു സഹകാര്യസ്ഥാപനത്തിലെ ഒരു ക്ലർക്കായിരുന്നു, ഗോപി.

ഇച്ഛാശമ്പളം.

അതുകൊണ്ടു് ജീവിക്കുക അസാധ്യം.

വട്ടിപ്പലിശക്കു — കററിറു് ചാർജ്ജു് — വെള്ളം കൂടുതൽ ഉപയോഗിക്കുന്നതിനു് ചാർജ്ജു്— കുഴക്കുവെള്ളം മുന്നിസ്സിപ്പാലിററിക്കാർവന്നു കൊണ്ടുപോകുന്നതിനു് ചാർജ്ജു്—

ഓഫീസിലേക്ക് ബസ്സിനുപോകണം.
സിഗററ്റ് വാങ്ങണം.
വീട്ടുചിലവുകൾ—
വത്സലയുടെ അനിയത്തി രാധ കോളേജിൽ ബി എ വരെയായി.
ഫീസ്, പുസ്തകങ്ങൾ, ബസ്സുകൂലി—
എല്ലാം ചേർന്നൊരു വലിയഭാരം,
ലതിക്കുന്ന ശമ്പളം പോര—
ഓഫീസ്സിലേക്ക് നടന്നു.
സിഗററ്റുവലി നിറുത്തി,
പുറത്തുനിന്നുചായപോലും കഴിക്കില്ല
രണ്ട് ജോഡി വസ്ത്രത്തിൽ തൃപ്തനായി.
മക്കളും കടംവാങ്ങാതെ ജീവിക്കണേ
എന്ന പ്രാർത്ഥനയോടെ കഴിഞ്ഞുപോരുന്നു.
"ആൾക്കും മനസുഖവും വരുത്തല്ലേ? ഡോക്ടറുടെ അടുത്തുപോകാതെ കഴിയ്ക്കണേ — മരുന്നുകൾ വാങ്ങി കടംവരുത്തരുതേ—"
ഗോപിയുടെ പ്രാർത്ഥനയായിരുന്നു.
പക്ഷേ, ഒരു രാത്രി വത്സല ഗോപിയുടെ കൈ എടുത്ത് വയ്സലയുടെ തണുത്തവയറിന്മേൽവച്ചു. ഒടവി. ലജ്ജയിൽ കുതിർന്ന ആഹ്ലാദത്തോടെ പറഞ്ഞു.
"നമുക്കൊരുണ്ണിയുണ്ടാകാൻ പോകുന്നു."
"എന്തു?" ഗോപ ഇരുട്ടിൽകുന്നു് സന്തോഷിച്ചുവെങ്കിലും നിമിഷത്തിനകം ആ സന്തോഷത്തിന്നലമാഞ്ഞു.
പ്രസവം അടുക്കുമ്പോൾ, ഗർഭം വളരുമ്പോൾ, ഡോക്ടറെ കാണിയ്ക്കണം; മരുന്നുകൾ വാങ്ങണം. പ്രസവത്തിന് ചിലവുകളുണ്ട്—എല്ലാം ആലോചിച്ചാലോചിച്ച് ഗോപി ദുഃഖിതനായി.
മൂന്നുമാസങ്ങൾ ദുഃഖത്തിന്നു് ഗോപി ജീവിച്ചു. വത്സല വയററിൽ വളരുന്ന കുഞ്ഞിന്ന് എന്തു പേരു വിളിയ്ക്കണമെന്നാലോചിച്ചു കഴുകുകയായിരുന്നു—ആണൊ പെണ്ണോ എന്നറിയാത്ത ബുദ്ധിമുട്ട്!
ആ ബുദ്ധിമുട്ടുകളുടെ കരുക്കിലൊരു മിന്നൽ പോലെ ഫാക്ടറി മാനേജർ ഗോപിയോട് പറഞ്ഞു:
"ഗോപി... താനി ഉദ്യോഗം വിടുകയാണ്. എനിക്ക് ഗൾഫിൽ ഒരോഫർ വന്നിട്ടുണ്ട്. കഴിയുന്നതും ഈ മാസം തന്നെ എൻമാസിവരും. ഞാൻ പോകും"
ഗോപിയുടെ മുന്നിലൊരു ഗോപുരം ഉയർന്നു; ഗോപുരത്തിൽ ആയിരം തിരിയിട്ട വിളക്കുകൾ കത്തിനിന്നു,
ആ പോസ്റ്റ് തനിക്കു കിട്ടിയാൽ?
പ്രാരാബ്ധങ്ങൾ നീങ്ങും.....ശമ്പളം കൂടും...സ്റ്റാററസ്സ് വർദ്ധിക്കും.
ഗോപി മാനേജരുടെ ചെവിയിലതു് ഒരു മന്ത്രംപോലെ ഉരുക്കഴിച്ചു:
"എൻെറ ഇന്നത്തെ സ്ഥിതികൊണ്ട് പറഞ്ഞുപോവുകയാണ്. ഒന്നു സഹായിച്ചാൽ നന്ന്."
മാനേജർ തല ഉയർത്തി:
"മനസ്സിലായില്ല."
"സാറിൻെറ ഒഴിവിൽ എന്നെ നിയമിച്ചാൽ—"
"അതിന്ന് മുതലാളി സമ്മതിയ്ക്കുമോ?"
"സാറ് പറഞ്ഞാൽ സമ്മതിയ്ക്കും."
"ശരി ഞാനൊന്നാലോചിക്കട്ടെ." മാനേജർ പ്രതീക്ഷയുടെ പൂക്കൾ വിടർത്തി;
"ഗോപിയ്ക്ക് ഒരു നല്ലകാര്യം വരുന്നതിൽ എനിക്ക് സന്തോഷമേയുള്ളു..."
മാസം പിറന്നു ശനിയാഴ്ചവന്നു. ഓഫീസ്സിൽനിന്നിറങ്ങാൻ തുടങ്ങുമ്പോൾ മാനേജർ ക്യാബിനിലേക്ക് ക്ഷണിച്ചു!
"മുതലാളിയെ ഞാൻ ചാക്കിട്ടിട്ടുണ്ട് എന്നുപറഞ്ഞാൽ ഗോപിയ്ക്കുതന്നെ ആ പോസ്റ്റ് തരണമെന്ന് നിർബ്ബന്ധിച്ചുപറഞ്ഞിട്ടുണ്ട് മുതലാളി മുളയിട്ടുണ്ട്, നമുക്ക് ഒരു കാര്യം ചെയ്യാം, നാളെ മുതലാളിക്ക് ശ്രദ്ധ കൊടുക്കാം. മുതലാളി കഴിക്കുന്ന മദ്യം ഞാൻ ഗോപിയ്ക്കുവേണ്ടി വാങ്ങിവരുന്നാളാം. ഫുഡ് ഗോപി ഒരുക്കിയാൽ മതി."
ഗോപി തലകുലുക്കി ഉയർന്നു, "ശരി, എല്ലാം ഞാൻ തയ്യാറാക്കാം."
മാനേജർ അറിയിച്ചു: "ഉച്ചയ്ക്ക് ഞാൻ മുതലാളിയേയുംകൂട്ടി വീട്ടിൽ വരും...തീർച്ചയാണ്."
ഗോപി വത്സലയോടു പറഞ്ഞു: വത്സല രാധയോടു പറഞ്ഞു.
രാത്രിമുതൽ മുതലാളിയെ സംതൃപ്തിപ്പെടുത്താവുന്ന ഭക്ഷണങ്ങളൊരുക്കുന്ന തിരക്കിൽ ലയിച്ചു മുന്നുപേരും. ഗർഭാലസ്യം മറന്ന് വത്സല പണിയെടുത്തു.
ഞായറാഴ്ച,

ഗോപിയുടെ കണ്ണുകൾ നിലത്തിലേക്ക് നീണ്ടുകിടന്നു.
എവിടെ മുതലാളി? എവിടെ മാനേജർ?
കാത്തു കാത്ത് കണ്ണുകഴച്ചപ്പോൾ കാറ് പടിയ്ക്കൽവന്നു, ഗോപി ഓടിയിറങ്ങി മുതലാളിയെ സ്വീകരിച്ചു. മാനേജരെ സ്വീകരിച്ചു. അകത്തേക്ക് ആനയിച്ചു മാനേജർ കൊണ്ടുവന്ന ബാഗ്വാങ്ങി മുറിയിൽ വച്ചു. അയല്ക്കത്തുനിന്നും കടംവാങ്ങിയ ടേബിൾഫാനിൻെറ സ്വിച്ചിട്ടു. ഗ്ലാസ്സുകൾ നിരത്തി, സോഡകൾകൊണ്ടുവന്നു. മീൻ പൊരിച്ചതും ഇറച്ചി വറുത്തതും മുതലാളിയ്ക്കിഷ്ടപ്പെട്ട

* 1 അമ്പലം: വേശ്യാലയം.
* 2 പുരുഷൻ: ഭർത്താവ്

കപ്പ്സ്സോത്തോമനും കട്ടമാങ്ങയും മുന്നിൽ നിന്നു. ഗ്ളാസ്സ് നിറഞ്ഞു. ഒഴിഞ്ഞു. നിറഞ്ഞു. മുതലാളി ഗോപിക്ക് നീട്ടിയ ഗ്ളാസ്സ് ഗോപി വാങ്ങിയില്ല.

"ഞാൻ കഴിച്ചിട്ടില്ല ഇനി കഴിക്കുകയുമില്ല."

"ഇഡ്!" മുതലാളി ചുണ്ടുകൾ കോട്ടി ചിരിച്ചു.

ചിരി നിറുത്താതെ നിന്നു. മുതലാളിക്ക് ലഹരി കയറുകയാണ്. ലഹരിപ്പുറത്തിരുന്ന മുതലാളി ചിരിക്കുകയാണ്.

പെട്ടന്നതാ അകത്ത് നിന്നൊരു തേങ്ങൽ. വത്സലയാണ്, ഗോപി കാതോർത്തു. രാധ ചോദിക്കുന്നു:

"ചേച്ചിക്കെന്തു പററ ?"

"വയ്യ...വയ്യ...ങ്ഹാ...ചേട്ടനെ വിളിയ്ക്കൂ..."

രാധ വരും മുമ്പ് ഗോപി ധൃതിയിൽ, കാററുപോലെ, അകത്തേക്കു ചെന്നു.

എങ്ങ്?

വത്സല ചോരയിൽ കുളിച്ചു കിടക്കുന്നു.

ബ്ളീഡിംഗ്...

ഈശ്വരാ, എന്തിററ കുഞ്ഞ്...

വത്സല കരയുകയാണ് ഉറക്കെ.

അപ്പുറത്തെ മുറിയിൽ മുതലാളി എന്തോ പറഞ്ഞ് ചിരിക്കുകയാണ്, ലഹരിപ്പുറത്ത്.

എന്തു ചെയ്യും? നല്ലൊരു ദിവസം. ഉദ്യോഗക്കയറ്റം കിട്ടുന്ന ദിവസം ആദ്യത്തെ കണ്മണി ചോരയായി,

"അമ്മേ—ഗോപ്യേട്ടാ... വയ്യാ... വേഗം ഡോക്ടറെത്തു കൊണ്ടു പോവൂ..."

ഗോപി അപ്പുറത്തെ മുറിയിലേക്ക് സാവധാനം ചെന്നു. മുതലാളിയുടെ മുന്നിൽ ഗ്ളാസ്സ് ഒഴിയുകയും നിറയുകയുമാണ്. ഗോപി മാനേജരെ തൊക ഉയർത്തി, ആംഗ്യം കാണിച്ച് വിളിച്ചു. മാനേജർ പതുക്കെ എഴുന്നേററ് പുറത്തു വന്നു, ഗോപി പറഞ്ഞു:

"വത്സലക്ക് ബ്ളീഡിംഗ്... ഡോക്ററുടെ അടുത്തു കൊണ്ടു പോയില്ലെങ്കിൽ—"

"ഏങ്ങ്? ഒരു കാര്യം ചെയ്യ്... മുതലാളിയുടെ കാറിൽ കൊണ്ടു പോകാം." മാനേജർ പറഞ്ഞു! "താമസിയ്ക്കണ്ട...വേഗമാകട്ടെ."

ഗോപിയും രാധയും ചേർന്ന് വത്സലയെ താങ്ങി കാറിൽ കയററി. ഭാഗ്യവശാൽ ഡ്രൈവറുണ്ടായിരുന്നു, മാനേജർ തന്റെ കാറോടിയ്ക്കുന്നു. ഒരു നിമിഷം ആലോചിച്ചു നിന്ന് മാനേജർ പറഞ്ഞു:

"ശരി...വേഗം പോയിവരാം, മുതലാളി അവിടിരിയ്ക്കട്ടെ."

മാനേജർ കാറിൽ കയറി.

ഗോപി രാധയോട് പറഞ്ഞു.

"മുതലാളിയ്ക്ക് എന്താ വേണ്ടതെന്നവച്ചാൽ കൊടുക്കണം, ഞങ്ങൾ വേഗം വരാം"

"ശരി, ചേട്ടാ."

കാറ് നീങ്ങി. രാധ അകത്തേക്കു കയറിയപ്പോൾ ഒരു വിളികേട്ടു! "ഗോപി ഒരു മീൻവറുത്തതു കൊണ്ടുവാ..."

രാധക്ക് ഭയമായി ലഹരിപ്പുറത്തിരിക്കുന്ന മുതലാളി. മീൻവറുത്തതുമായെങ്ങിനെ ചെല്ലും?. കൊണ്ടുചെന്നില്ലെങ്കിൽ മുതലാളി ദേഷ്യപ്പെട്ടാലോ? ദേഷ്യപ്പെട്ടാൽ ചേട്ടന് മാനേജർ പദവി നഷ്ടപ്പെട്ടാലോ?

അവൾ വറുത്തമീൻ പ്ളേയിററുമായി അകത്തേക്കുചെന്നു. മുതലാളിയുടെ കണ്ണുകൾ രാധയുടെ മുഖം ചുഴിഞ്ഞു. രാധയെ ആകെച്ചുഴിഞ്ഞു. അവൾ മീൻപ്ളേയിററ് മുന്നിൽ വച്ചപ്പോൾ ഇരുമ്പുപോലുള്ള കരങ്ങളവളെ ചുററിയതും പ്രയാസപ്പെടുത്തിയതും.

അവൾ കരിനോക്കി, പക്ഷെ, മുതലാളി വിട്ടില്ല! അവൾക്ക് രക്ഷപെടാൻ കഴിഞ്ഞില്ല.

രാധ തേങ്ങിക്കൊണ്ടിരുന്നപ്പോൾ മാനേജർ കാറുമായിവന്നു.

മുതലാളി കയറിയിരുന്നു. കാറ് നീങ്ങി. വത്സലയേയോ ഗോപിയേയോ മുതലാളി അന്വേഷിച്ചില്ല. മാനേജരവരെപ്പററി പറഞ്ഞതുമില്ല.

ഗോപി ആശുപത്രിയിൽനിന്നു വന്നു, ചേച്ചിക്ക് എങ്ങിനെയിരിക്കുന്നവൾ ചോദിച്ചില്ല. 'സുഖമുണ്ട്' എന്ന് ഗോപി പറഞ്ഞതവൾ കേട്ടില്ല, മൗനത്തിന്റെ ഗുഹയിൽ തളർന്നുകിടന്ന ഒരു മാൻകുട്ടിയായി, രാധ.

വത്സല ആശുപത്രിയിൽനിന്നും വന്ന അന്ന് ആ വീട്ടിൽ ആഹ്ളാദം തിരതല്ലി ഗോപിക്ക് ഉദ്യോഗക്കയററം കിട്ടിയ വാർത്തയും കൂട്ടുണ്ടായിരുന്നു,

രാധ പിന്നെ ഒരുനിമിഷം അവിടെ

നിന്നില്ല. സാരിയും ജാക്കറും പുസ്തകങ്ങളും ഒരു പ്ളാസ്റ്റിക്ബാഗിൽ കുത്തിനിറച്ചു. ബാഗും തൂക്കി ഇറങ്ങി! "എന്തായിത് രാധേ," വത്സല ചോദിച്ചു. രാധ മിണ്ടിയില്ല.

"എങ്ങോട്ടാണ് രാധേ."

"എനിയ്ക്കിഷ്ടമുള്ളിടത്തേക്ക്—" രാധയുടെ ശബ്ദം അവരെ നടുക്കി. അവളുടെ രൂപം ഈററപ്പുലിയുടേതായിരുന്നു.

അവൾ, രാധ എന്ന ഈററപ്പുലി എല്ലാം മറന്ന് നടന്നകന്നു.

വഴിക്ക്. കോളേജ്ഹോസ്റ്റലിലേയ്ക്ക് ബസ്സുകാണുന്നില്ലെന്നപ്പോൾ അവളുടെ മുന്നിൽ സോമൻ നിന്നു. അവൾ ഞെട്ടി. സോമനെ കാണുമെന്നവൾ പ്രതീക്ഷിച്ചില്ല. ഗോപിയുടെ ഫാക്ററിയിലെ ഒരു തൊഴിലാളിയാണെങ്കിലും സോമൻ മനസ്സിൽ രാധയെ പൂജിച്ചു. രാധ സോമനെ പൂജിച്ചു.

"എങ്ങോട്ടാ ബാഗുമായി യാത്ര?"

അവൾക്കത്തരം മുട്ടി, എന്തു പറയും? അവളാലോചിച്ചു. പെട്ടന്നു പറഞ്ഞു!

"ഹോസ്റ്റലിലേക്ക്... ഒരു കൂട്ടുകാരി നാട്ടിൽപ്പോകുന്നു. കാണാൻ പോവുകയാണ്."

"അതിനു ബാഗെന്തിനാണ്?"

"ബാഗ്...ബാഗ്..." രാധ പതറി,

"എന്തോ ഒരു നല്ല ഒപ്പാളിയാൻപോവുന്നു." സോമൻ സന്തോഷിച്ചു, ചിരിച്ചു! "നേരേ പറയൂ..."

രാധയുടെ മുഖം ജ്വലിച്ചു.

"മനസ്സില്ല. എനിക്കിഷ്ടമുള്ളിടത്തു് ഞാൻ പോകും."

"രാധേ—" അവനാദ്യം കേൾക്കുന്ന ശബ്ദം. അവനാദ്യംകാണുന്ന ജ്വലിക്കുന്ന മുഖം... "നിനക്കെന്തു പററി... പറയൂ... എന്നോട്ടു് പറയൂ."

രാധ വിഷമവൃത്തത്തിൽ നിന്നു.

ബസ്സുകൾ വഴിക്കുവഴി വന്നു, പോയി, അവൾക്കു കയറണമെന്നുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞില്ല. ഒരു മതിൽ മുന്നിലുള്ളതുപോലെ, ഇരുട്ടിൻെറ ഒരു കോട്ട കെട്ടപ്പെട്ടതുപോലെ.

"എന്തുണ്ടായിട്ടെന്നു് പറയൂ, രാധേ..."

മേഴുകുപ്രതിമപോലെ രാധ ഉരുകി, വിയർത്തു.

"ചേട്ടനു് ഉദ്യോഗക്കയററം കിട്ടി—"

പറഞ്ഞുതീരുമുമ്പു് ഒരു ബസ്സു് ഇഴഞ്ഞു് മുന്നിൽ വന്നുനിന്നു. അവൾ ചാടിക്കയറി. മാറാനും കയറാനില്ലാത്തതുകൊണ്ടു് താമസിച്ചില്ല. ബസ്സു നീങ്ങി. ഉദ്യോഗക്കയററം എന്ന മുള്ളു് മനസ്സിൽ കുത്തങ്ങിയതുകൊണ്ടു് സോമനു് കയറാനും കഴിഞ്ഞില്ല.

സോമൻ ഗോപിയുടെമുന്നിൽനിന്നും ചീററി. ഗോപി നിസ്സഹായനായിരുന്നു. വത്സലയും അതുതന്നെ പറഞ്ഞു സോമൻ വിശ്വസിച്ചില്ല. രണ്ടുപേരെയും കുററപ്പെടുത്തി, അലറി:

"ഈ നാടകം ഇവിടെ അവസാനിച്ചു എന്നു കരുതണ്ട." ഒരു ചുഴലിപോലെ സോമൻ അല്പനേരം ചുഴററിയടിച്ചിറങ്ങിപ്പോയി.

ഹോസ്റ്റലിൽ. ഒരു കൂട്ടുകാരിയുടെ മുറിയിൽകയറിച്ചു് സോമനും രാധയും വീണ്ടും മുഖാമുഖം നിന്നു. രാധ കരഞ്ഞു:

"പോകൂ... സോമേട്ടാ... എന്നെ വിഷമിപ്പിക്കല്ലേ... എന്നെ മറന്നേക്കൂ."

"ഞാനാണതു തീരുമാനിക്കേണ്ടതു്, നീയല്ല."

സോമൻെറ കനത്ത ശബ്ദം ഒരു ചങ്ങലപോലെ രാധയെ വരിഞ്ഞുമുറുക്കി:

"സോമേട്ടൻ പോകൂ... ഞാൻ ചീത്തയായി."

"ചീത്തയാക്കി എന്നു പറയൂ."

"എന്നാലങ്ങനെ—"

"രാധ മനഃപൂർവ്വമല്ലല്ലോ?"

"അല്ല."

"എന്നാൽ നീ ചീത്തയായിട്ടില്ല. ചീത്തയാവാൻ ഞാൻ സമ്മതിക്കുകയുമില്ല."

"സോമേട്ടാ—?"

"നീ എൻേറതാണു്—എന്നും..."

രാധ ഒരു മുല്ലവള്ളിപോലെ അവൻെറ മാറിലേക്കു ചാഞ്ഞു്, പടർന്നുകയറി.

വത്സല വന്നു് രാധ കാണാൻ സമ്മതിച്ചില്ല വാതിൽ കൊട്ടിയടച്ചു് അകത്തിരുന്നു.

ഗോപി വന്നു. രാധ കാണാൻ നിന്നില്ല് ഇറങ്ങി പുറത്തേക്കുപോയി. മാനത്തു

കേരള
ദിനേശ് ബീഡി
കണ്ണൂർ

പ്പിലലഞ്ഞുനടന്നു.

സോമൻ വന്നുപോയതിനുശേഷം. ഒഴിവുദിവസങ്ങളിലവർ സിനിമകണ്ടു. ബീച്ചിൽപോയി, കാററുകൊണ്ടു് തിരകളുടെ കരിച്ചുവരവും കരപ്പററുന്നു് തലതല്ലി മരിക്കുന്നതുംകണ്ടു് മടങ്ങി.

ഗോപി സ്വന്തമായി ഒരു സ്ഥലംവാങ്ങി. വീടുവെയ്ക്കാനുള്ള പ്ലാനുകൾ തയ്യാറാക്കുകയാണു്. വത്സല തടിച്ചു. നിറംവെച്ചു. മുഖക്കുരുക്കൾ മുളച്ചു പൊന്തിത്തിളങ്ങി.

സോമൻ രാധയെ രജിസ്റ്റർചെയ്തു. വാടകവീടിൽ താമസമാക്കി. അതറിഞ്ഞു് വൽസലയും ഗോപിയും ചെന്നു. ഒരു സമ്മാനമെന്ന നിലയിൽ കുറച്ചു പണവും ഒരു സ്വർണ്ണമോതിരവും നീട്ടി.

"ഞാൻ ജോലിചെയ്യുന്നതുകൊണ്ടു് ഞങ്ങൾ ജീവിച്ചോളാം."

സോമൻെറ കാർക്കശ്യമേറിയ സ്വരം ഗോപിയെ നടുക്കി, വൽസലയെ തളർത്തി: "രാധ."

വൽസല വിളിച്ചു. രാധ മുഖംവെട്ടിച്ചു:

"എന്നെ വിററാണു് ചേട്ടൻ വലിയവനായതു്. എന്നെ വിററു് സമ്പാദിച്ച പണം എനിക്കാവശ്യമില്ല."

പിന്നെ അവരവിടെ നിന്നില്ല് വാക്കുകളുടെ വാൾത്തല കൂട്ടിയുരസി തീപ്പറപ്പിച്ചുണ്ടാകുന്ന കരുതി നടന്നു.

ഫാക്ടറിയിൽ അവകാശങ്ങൾ സമരം ചെയ്യാൻ തൊഴിലാളികൾ സന്നദ്ധരായി, സോമനായിരുന്നു മുന്നിൽ. ഗോപി അവകാശങ്ങൾക്കെത്തപ്പററി സംസാരിക്കാൻ സോമനെ ക്ഷണിച്ചു. സോമൻ പോയില്ല. വീണ്ടും വിളിച്ചപ്പോൾ ചെന്നു. "ഒരൊത്തുതീർപ്പു തയ്യാറല്ല. അവകാശങ്ങൾ തന്നേ മതി."

ഗോപി ഒന്നും പറഞ്ഞില്ല. മുതലാളിയെ വിവരം അറിയിച്ചു മുതലാളി വന്നപ്പോഴേക്കും ഫാക്ററിപ്പടിക്കൽ സത്യാഗ്രഹംതുടങ്ങി. പ്ലക്കാർഡുകൾ ഉയർന്നു. പോസ്ററുകൾ ചുമരുകളിലലങ്കരിച്ചു. കൊടികൾ കാററിൽ പറന്നുകളിച്ചു.

ലേബർ ഓഫീസറും തൊഴിലാളിപ്രതിനിധികളും മുതലാളിയും ഒപ്പമിരുന്നു സംസാരിച്ചു് ഒത്തുതീർപ്പു വ്യവസ്ഥകളുണ്ടാക്കാൻ തീരുമാനിച്ചു. മുതലാളി നഗരത്തിലെ ഹോട്ടലിൽ താമസിച്ചു.

രാത്രി.

ഗോപിയും വത്സലയും ഇരുട്ടിൽ ഉറങ്ങാതെ കിടന്നു.

സോമനും രാധയും തെററിദ്ധരിച്ചു് ജീവിക്കുന്നതിൽ ദുഃഖം പങ്കിട്ടു് കിടന്നു.

"ഠും... ഠും..."

വാതിലിൽ മുട്ടു്.

"ക്രീ... ക്രീ..."

ക്വാളിംഗ്ബെൽ കരയുന്നു.

ആരായിരിക്കും.

വത്സല എഴുന്നേററു. ഗോപി എഴുന്നേററു. സ്വിച്ചിട്ടു. വാതിൽ തുറന്നു.

മുതലാളി!

ചുവന്ന കണ്ണുകളിൽ ലഹരി. നിലത്തുറയ്ക്കാത്ത കാലുകൾ...

"മുതലാളി... ഈ നേരത്തു്..."

"ഞാൻവന്നു." അകത്തേക്കു കടന്നു. ഗോപി വാതിൽ ചാരി. രാത്രി ഏറെയായിട്ടുണ്ടല്ലോ... ശബ്ദം അധികം പുറത്തേക്കു് ഒഴുകണ്ട

"എവിടെ?"

വത്സലയുടെ മുഖത്തേക്കുററുനോക്കി മുതലാളി ചോദിച്ചു.

"ആരു്?"

"മററെപ്പെണ്ണു്... നിൻറനിയത്തി?"

മദ്യഗന്ധത്തിൽ പുരണ്ട വാക്കുകൾ പിടിച്ചെടുത്തു് രോഷത്തിൻെറ തീക്കത്തി ഉയർത്തി, ഗോപി നിശ്ശബ്ദനായിനിന്നു.

"എവിടെ?" മുതലാളിയുടെ ക്ഷമയററു തുടങ്ങി.

"മുതലാളി..."

"ഓ... നിയ്യാണു മിണ്ടാതിരിക്കു് ഗോപി... ഇതൊക്കെ സാധാരണയല്ലേ... ഒരു സഹായം, നിന്നെ ഞാൻ മാനേജരാക്കി—നിയ്യാണു് എന്നെസഹായിക്കുന്നു."

"മുതലാളി..."

മുതലാളി ആ വിളി കേൾക്കുന്നുണ്ടായിരുന്നില്ല് കണ്ണുകൾ ചുമരോരത്തു് പതുങ്ങിനില്ക്കുന്ന വത്സലയുടെ മുഖത്തായിരുന്നു.

"ആ... ഇവളെങ്കിലിവൾ."

"മുതലാളിയുടെ കൈകൾ നീണ്ടു. വത്സലയെ ചുററിപ്പിടിച്ചു.

ഗോപി ഇരുട്ടിലകപ്പെട്ടു

ഉദ്യോഗം?— വത്സല?

അധികനേരം ചിന്തിക്കേണ്ടിവന്നില്ല.

ഇതിൽ കിടന്നേ ഗോപി മുരണ്ടു:

എന്റെ വത്സല...

പിന്നെ തലചുറ്റൽ—

"മു...ത...ലാ...ളീ..."

കോടതിക്ക് തെളിവുകളാണാവശ്യം.

തെളിവുകൾ ഗോപിക്ക് എതിരായി നടന്നു.

ജീവപര്യന്തം കിട്ടി.

തടവുകഴിഞ്ഞെത്തിയപ്പോൾ കേട്ടതു്— വത്സല ജീവിക്കാൻ മറ്റൊരു വഴി തിരഞ്ഞെടുത്തിരിക്കുന്നത്രേ! മാസങ്ങൾ തുടങ്ങിയിരിക്കുന്നു!

ഗോപി കയ്യിലിരുന്ന ഗ്ളാസ്സ് ചുണ്ടോടുപ്പിച്ചു. ഒറ്റവലി. ഒരു ഇപ്പ്, എന്നിട്ടാണ് ചരിഞ്ഞിരുന്നു.

"കേട്ടോസ്സാറേ... ഞാനാദ്യം ഓർത്തു— തിരിച്ചുപോയാലോ! പിന്നെയല്ലേ ചിന്ത്യ. മുതലാളിക്കുവേണ്ടി മനം കണ്ണടച്ചിതന്നേങ്കിൽ ഞാനിന്നാരാകുമായിരുന്നു. പക്ഷെ, അതിനെന്റെ മനസ്സ് സമ്മതിച്ചില്ല എന്നാലിന്ന്... എന്റെ മനസ്സിന്നൊരു കുഴപ്പവും ഇല്ല... എന്തുകൊണ്ടാണന്നാണ് സാറ് കരുതിയതു്...?"

"എനിക്കെങ്ങിനെ അറിയാം"

"എന്നാലെനിക്കറിയാം, സാറിന് കേക്കണോ? എന്നാല് കേട്ടോ..." ഗോപിയുടെ നാവ് കുഴഞ്ഞു!

"എന്റെ മാതൃയുടെ ദേഹത്ത് അനുപുരുഷന്റെ കൈ തൊടരുതെന്നു കരുതി ഞാൻ ജേലിപ്പായി. വന്നപ്പോഴോ... ഹ ഹ ഹ... ഹാഹാ... അഞ്ചുപത്തുപേരുടെ കയ്യും തലയും കാലും പ്പൊമാണവളുടെ ദേഹത്ത് എന്തൊരു സുഖം അല്ലസ്സാറേ..."

ഗോപിയുടെ ശബ്ദം പെട്ടെന്നടിലച്ചു.

ബൂട്ടിട്ട കാലുകൾ പ്ളാററിൽ നിന്നു

വത്സല മുന്നിൽനിന്നു:

"സാറ് പേടിക്കണ്ട."

വത്സല അതിയിൽനിന്നും നോട്ടുകെട്ടു് കാക്കിക്കുപ്പായങ്ങൾക്കരികെ നീട്ടി. ബൂട്ട്സുകളുടെ ശബ്ദം താഴെക്കിഴക്കു പോയി.

—o—

സന്ദർശിക്കുക!

GEMINI STORES!! ABUDHABI!!! TEL: 333181

IMPORTERS - DEALERS: House hold apliances, Indian stainless steel wares, Highclass crockeries, Cutleries, Electric apliances etc. etc.

അബുദാബി സുഹൃത്തുക്കളെ!

ഞങ്ങളുടെ ഷയിക്ക് സായിദ് 2-ാം തെരുവ് (എലക്ട്രോറോഡ്) ഷയിക്ക് അഹമ്മദ് ബിൻ ഹാമദ് ബിൽഡിങ്ങിൽ (ബാങ്ക് സാദ്ദാത്തു് ഇറാന് സമീപം) ഉള്ള **ജെമിനി സ്റ്റോർ**സിൽ നിങ്ങൾക്കാവശ്യമുള്ള എല്ലാ വീട്ടുപകരണങ്ങൾ, അസ്സൽ സ്റ്റെയിൻലസ്സ് സ്റ്റീൽപാത്രങ്ങൾ, മേത്തരം പിഞ്ഞാണങ്ങൾ, ഡിന്നർ സെററുകൾ, എലക്ട്രിക് ഉപകരണങ്ങൾ, മുതലായവ അത്യാധുനിക തരങ്ങളിൽ മിതമായ വിലയ്ക്ക് വിററുവരുന്നു.

ടെലഫോൺ: 333181

സന്ദർശിക്കുക!

സന്ധ്യയിലെ മേഘസ്തംഭങ്ങൾക്കരികിലെ അഗ്നിതുണ്ടുകൾക്കിടയിലൂടെ മേടമഴുപോലെ ചുവന്ന ചിറകുകൾ ആഞ്ഞുവീശി ആകാശമാധ്യത്തിലൂടെ അകലേയ്ക്കുകലേക്ക് നീന്തിപ്പോകുന്ന ഒരു കറുത്ത പക്ഷിയെ ആരാനും കണ്ടിട്ടുണ്ടോ? കടൽക്കാക്കയല്ല, കരിം കൊക്കല്ല,

കഴുത്തിലൊരു സഞ്ചിയുണ്ട്. തിവിഴുങ്ങിപ്പക്ഷിയുമല്ല.

ഒരു വെറും പക്ഷി, ജടായുവിന്റെയും സമ്പാതിയുടെയും വലിപ്പമുള്ള ഒരു കാക്കിളി. ഏകാന്തങ്ങളായ സന്ധ്യകളിലും മൗനമുദിതങ്ങളായ കൃഷ്ണപക്ഷരാത്രികളിലും മഹാകാശങ്ങൾക്കപ്പുറത്തോളം ഉള്ള ഏതു ബോധിവൃക്ഷച്ചില്ലയിലേക്ക് പാളിപ്പാളിപ്പോകുന്ന ഒരു ദിനവിലാപത്തിന്റെ ഒററപ്പെട്ട, വളരെ ഒററപ്പെട്ട ചിറകടികൾ ആരാനും കേട്ടിട്ടുണ്ടോ, ഉണ്ടോ!

സിദ്ധൻ എന്ന പക്ഷിയുടെ ചിറകടി,

പകലും ഇരവും സംഗമിക്കുന്ന ഒരു പ്രത്യേകനിമിഷത്തിൽ കൊക്കു നീണ്ടു, വാലുരുളച്ചു; പുപ്പും പൂയും വളർന്ന് പൊട്ടുന്നതു ഒരു പക്ഷിയായിത്തീർന്ന സിദ്ധന്റെ പക്ഷതാഡനം.

നഗരവൃക്ഷത്തിന്റെ അത്യുന്നതമായ ഒരു കൊമ്പിലിരുന്ന് തന്നക്കരുതാഴെ ഭൗതികമോഹങ്ങളുടെ ബന്ധനങ്ങളിൽപ്പെട്ടുഴലുന്ന അന്നേരത്തെ പ്രതിച്ഛായയെ ഒരു പുഞ്ചിരിയോടുകൂടി മാത്രം വീക്ഷിക്കുകയും സത്യമാകുന്ന വിചിത്രപക്ഷിയായി തീരുകയും ചെയ്ത സിദ്ധന്റെകഥ ആരാനും വായിച്ചറിഞ്ഞിട്ടുണ്ടോ? ഉണ്ടായിരിക്കാനിടയില്ല. കാരണം സിദ്ധൻ പൂർണ്ണമായും ഒരച്ചുബിരുദമഹാസ്യമാണ്, സിദ്ധനു മാത്രമറിയാവുന്ന ഒരു മഹാരഹസ്യം.

കഥയാരംഭിക്കുമ്പോൾ സിദ്ധൻ ഒരു പക്ഷിയല്ല. നാലുകാലും, നട്ടെല്ലിന്റെ അഗ്രത്ത് നിന്നുതെരപരിണാമംമൂലം ലോപിച്ചുപോയ കോസിക്സ് എന്ന വാലും ശ്രമവും പരസ്യോന്മുഖതയുമില്ലാത്ത മററവയവങ്ങളുമെല്ലാമുൾക്കൊണ്ട ഒരു പരമകാഷ്ഠാരൂപം, ഹോമോ സേപ്പിയൻ ഒരു കുട്ടിദൈവം, സൂപ്രാമെൻറൽ ഇൻഡിവിജ്വൽ എന്നൊക്കെ വിളിക്കപ്പെടാനാഗ്രഹിച്ചിരുന്നതിനേക്കാൾ ക്ഷുത്പിപാസകളും കാമക്രോധലോഭമോഹങ്ങളുമെല്ലാമുള്ള ഒരു നാണംകെട്ട ജീവി എന്നു വിശേഷിപ്പിക്കപ്പെടാനാണ് സിദ്ധൻ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതു്.

ഹിരണ്മയപാത്രത്താൽ മൂടപ്പെട്ട, പ്രാകൃതമായ ജന്തുവാസനകളുടെ ആധുനികസങ്കേതമായ ഒരു ഗുഹയിന്റെ പക്ഷിയിലേക്കുള്ള നിഷ്ക്രമണം പരിണാമത്തിന് ആരുചമായി ഇത്രയേ പറയുവാനുള്ളൂ! സിദ്ധൻ ഒരു കടങ്കഥയോ കേട്ടുകൾവിയോ അല്ല. കേവലമായ, പാരുഷികമായ പ്രപഞ്ചസത്യം മാത്രം. വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാം. അവിശ്വസിക്കുന്നതാണ് കൂടുതൽ നല്ലതു്. എന്തുകൊണ്ടെന്നാൽ കാലം കണ്ടിട്ടുള്ള ഏററവും വലിയ അവിശ്വസനീയത സിദ്ധനാണെന്നത്രേ.

▲

ഭൂമിയുടേയും സൂര്യചന്ദ്രന്മാരുടേയും ഉല്പത്തിക്കുമുൻപ്— ഗ്രഹതാരകളുടേയും നക്ഷത്രരാശികളുടേയും ആവിർഭാവത്തിനുമുൻപ് ഇടക്കുവുമോടുക്കുവുമററ ഗഗനനീലയുടെ നാഭിപീഠത്ത് ഒരു മഴുണ്ടായി. നാല്പതും നാനൂറും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന, ഇടിയുക്കങ്ങളുടേയും മിന്നൽപ്പിണരുകളുടേയും അകമ്പടിയോടെയുള്ള ഒരു കാലവർഷം. 'പൂച്ചയേയും പട്ടിയേയും പോലെ കോരിച്ചൊരിയുന്ന' പേമാ

രി. ആ മഴയടങ്ങുമ്പോഴോ ആകാശിക്കാം ശ്രുതിയുടെ കോർപ്പസ്ലൂട്ടിയം സിദ്ധന്റെ ആഗമനത്തിനു വഴിയൊരുക്കിയതു്, അല്ലെങ്കിൽ മഴയത്തു് അനാഥിയായ ഇരട്ടിൽനിന്നു് ഒരു കുഞ്ഞപോലെ മുളച്ചുപൊന്തിയതാവാനും മതി. സിദ്ധന്റെ പുരാവൃത്തമന്വേഷിക്കുന്ന ഓരോരുത്തരോടും സിദ്ധൻ പറഞ്ഞിട്ടുള്ളതിങ്ങനെയാണു്.

ഏതായാലും സിദ്ധന്റെ ജനനത്തോടെ മഴയൊന്നു, ആകാശം ശാന്തമായി, പ്രളയജലം പിൻവലിക്കുകയും സമയത്തിന്റെ നിത്യമായ മൗനത്തിൽ സിദ്ധന്റെ കരച്ചിൽ ഒരുപസ്വരമായി പടർന്നുകയറുകയും ചെയ്തു.

ആരുടേയും നാവുകൾ അവന്റെ പിഞ്ചുശരീരം നക്കിനനച്ചില്ല. ആരും അവന്റെ പുൽക്കൂട്ടിൽ മുറുകെ കന്തിരിക്കുവാൻ പൊന്നും കാഴ്ചവച്ചില്ല. ആരുടേയും മുലഞെട്ടുകൾ അവനു സ്നേഹം പകർന്നുകൊടുക്കാനുമുണ്ടായില്ല. അങ്ങിനെ സിദ്ധികളൊന്നുമില്ലാത്ത സിദ്ധൻ പിറന്നുവീണപ്പോൾ മുതൽ എന്നും തനിച്ചായിരുന്നു. തനിച്ചു്. ബാഹ്യപ്രപഞ്ചത്തിന്റെ ശബ്ദകോലാഹലങ്ങളൊന്നുമില്ലാത്ത ആരുടേയോ താവളങ്ങളിൽനിന്നു് യാത്രയാകുമ്പോൾ മുതൽ മാത്രമല്ല. പൂർജന്മങ്ങളുടെ വഴിത്താരകളിലൊക്കെയും സിദ്ധനെ ഒരു നിഴൽപോലെ അതു പിൻതുടർന്നിരുന്നു— അവന്റെ ഏകാകിത, ഘോഷയാത്രകളുടെ തിരക്കിലൂടെ ഒരു മിന്നൽക്കൊടിപോലെ പാഞ്ഞുപോകുമ്പോഴാകട്ടെ, വനനിബിഡതകളുടെ ഗൂഢരഹസ്യങ്ങളിലൂടെ ഊളിയിട്ടിറങ്ങുമ്പോഴാകട്ടെ— ഒരു സന്തതസഹചാരിയേപ്പോലെ പിന്തുടർന്നിരുന്ന അവന്റെ ഓരോയാത്രയും ഒരേയൊരു ശത്രുവും അതു മാത്രമാണു്. ഗർഭാശയത്തിലെ ഇരുണ്ട ഭീകരതയിൽ തലകീഴായ്കിടക്കുമ്പോൾപോലും പ്രകൃതിയുമായി തന്നെ ബാധിക്കുന്ന പ്ലാസന്റയിലൂടെ, അംബിലിക്കൽ ക്കോർഡിലൂടെ തന്റെ സിരാധമനികളിലേക്കൊലിച്ചിറങ്ങുന്നതും ഏകാന്തതമാത്രമാണെന്നവനറിഞ്ഞിരുന്നു.

എന്നിട്ടും താഴ്വരകളിൽനിന്നു് താഴ്വരകളിലയ്ക്കു്, പർവ്വതങ്ങളിൽനിന്നു് പർവ്വതങ്ങളിലേക്കു് കാലത്തെ തന്റെ കാൽവിരലുകൾക്കിടയിലാക്കി ചവിട്ടിമെതിച്ചുകൊണ്ടു് മലർക്കെ സഞ്ചരിക്കുമ്പോലെ അവൻ തന്റെ പ്രയാണം തുടർന്നു. കാററായി, മഴയായി, ഋതുഭേദകങ്ങളായി.

എല്ലാ യാത്രകളും പൂജ്യത്തിൽനിന്നു തുടങ്ങി പൂജ്യത്തിൽത്തന്നെ തിരിച്ചെത്തുകയാണല്ലോ പതിവു്. സിദ്ധനും സംഭവിച്ചതു മറെറാന്നല്ല, പകൽ കടവാതിലുകളെപ്പോലെ കായലോരത്തെ അമ്പലക്കൊടിമരത്തിന്റെ കടിച്ചുതൂങ്ങി മദ്ധ്യാഹ്നപ്രാർത്ഥനയുമവിടുന്ന ഒരു വൈകിയവേളയിൽ തന്റെ പ്രയാണചക്രമങ്ങളെല്ലാം ഇവിടെ അവസാനിക്കുകയാണെന്നറിയാതെ കൈതോലകളുടേയും തൊണ്ടുകളുടേയും ചിരപരിചിതമായ ഗന്ധത്തിത്തിലേക്കു്, ഭൂതകാലത്തിന്റെ ശവപുഷ്പങ്ങൾ വിരിയുന്ന ഒരു സ്ഥലരാശിയിലേക്കു് എല്ലാമെല്ലാം മറന്നുപോയ ഏകാകിയുടെ നൊമ്പരംകൊണ്ടിരിക്കുന്ന നിരാലംബഭാവത്തോടെ സിദ്ധൻ തോണിയിറങ്ങി.

ജനസ്രുതിയുമായ തീരം സിദ്ധനെ പ്രതീക്ഷിച്ചിരുന്നില്ലെന്നു വ്യക്തം. പൂർവ്വചണ്ഡകളുമായി കാത്തുനിൽക്കുന്നവരെയൊന്നും സിദ്ധൻ കണ്ടില്ല. തീരത്തുകണ്ട ഒരു കടക്കല്ലിൽ യാത്രാക്ഷീണം ഇറക്കിവച്ചു് അവൻ അല്പം വിശ്രമിച്ചു.

പൊടുന്നനെ മദ്ധ്യാഹ്നത്തിന്റെ കൊമ്പിലിരുന്നു് ഒരു ചെമ്പോത്തു ചിലച്ചു!

ഉക്...ഉക്...ഉക്...

സിദ്ധന്റെ കണ്ണുകൾ അവന്റെ ശിരസ്സിനുചുററും തലങ്ങുവിപ്പറന്നു. ഉപ്പൻപക്ഷിയെ കണ്ടില്ല. അജ്ഞാതന്റെ ആദ്യത്തെ വരവേൽപ്പു്! സിദ്ധൻ കരുതി. ഒരുപക്ഷേ, കഴിഞ്ഞജന്മങ്ങളിലേതെങ്കിലുമൊന്നിൽ തങ്ങൾ ആത്മാർത്ഥസുഹൃത്തുക്കളായിരുന്നിരിക്കാം, അല്ലെങ്കിൽ അമ്മയുടെ ആത്മാവു് ഒരു ചെമ്പോത്തായി രൂപപുണ്ടു് സ്വന്തം മകനെ ആയിരമർത്ഥങ്ങളുള്ള ശബ്ദങ്ങളിൽ വിളിക്കുകയാവാം! അജ്ഞാതനല്ലിക്കുകയാവാം, സിദ്ധന്റെ മനസ്സിൽനിന്നു് ഒരു നെടുവീർപ്പുയർന്നു.

പൂഴിക്കരയ്ക്കുകളുടെ കയത്തിൽനിന്നു് കാലുകൾ വലിച്ചെടുത്തു് അവൻ സ്വയം മുന്നിലേക്കെത്തിച്ചുകൊടുത്തു.

സഹസ്രബ്ദങ്ങൾക്കുശേഷം ഒരിക്കൽക്കൂടി ആദ്യമായി വലിച്ചറിയപ്പെട്ട പ്രപഞ്ചധൂളികളുടെ ചൂടും കുളിർമ്മയുമറിഞ്ഞു. മൺകൂനകളിൽനിന്നു് ആത്മാവിലേയ്ക്കു തുളഞ്ഞുകയറുന്ന കാമുശ്രുതുമ്പുകളുടെ സ്പർശനസുഖമറിഞ്ഞു. സിദ്ധന്റെ മനസ്സു തുളുമ്പി.

"അമ്മേ, നിയതമായ യാതൊരു രൂപസങ്കല്പങ്ങളുമില്ലാത്ത സിദ്ധനജ്ഞാതയായ എന്റെ അമ്മേ, ഞാൻ വീണ്ടും നിങ്കലേക്കു വന്നിരിക്കുന്നു. മടങ്ങിപ്പോകാൻ, കുറച്ചുനേരത്തേക്കെങ്കിലും ഇവനെ സ്വീകരിക്കുക." തന്റെ അനുവാദംകൂടാതെതന്നെ തെഞ്ചിൻകൂട്ടിലിരുന്നു് ഗുഹാമുഖം ഗുദ്ദവായി കുറുകിക്കൊണ്ടിരിക്കുന്നതവനറിഞ്ഞു. സിദ്ധന്റെ കണ്ണുകളുടെ കാണാമറയത്തിരുന്നു് ഒരിക്കൽക്കൂടി ചെമ്പോത്തു ശബ്ദിച്ചു:

ഉക്...ഉക്...ഉക്...

അവൻ മുന്നോട്ടുനടന്നു. ഒരു യാത്രയെന്ന വിശേഷണമൊന്നും ഈ വരവിനു നൽകാനില്ല. എങ്കിലും മറെറതൊരു സഞ്ചാരത്തേയുംപോലെ ഇതും ഒരു യാത്രതന്നെ. ചൊസ്സസിംഗ് ബോക്കാഗ്നി ടൃഡ് ആൻഡ് ഡയറക്ഷൻ, വെക്കൽ—സിദ്ധനോർത്തു. ഈ വരുന്നതു് തന്നല്ല, സിദ്ധന്റെ രൂപണിഞ്ഞ മറെറാരാണെന്നു് അവനു തോന്നി.

പൂഴിമണ്ണിന്റെ അറിയപ്പെടാത്ത ആഴങ്ങളിൽ - സിദ്ധത്താളത്തേക്കയായിരുന്ന സിദ്ധന്റെ താടിരോമങ്ങളിലമ്പാടും അകാലവാർദ്ധക്യത്തിന്റെ പാടുകൾ വീണിരുന്നു. ചക്രവാളങ്ങളാകും നീണ്ടുപടന്ന മുടിയിഴകൾ കാററിലു് ആകാശത്തിന്റെ അനാദ്യന്തതയിൽവീണലഞ്ഞുകൊണ്ടിരുന്നു. അവന്റെ അയഞ്ഞുതുങ്ങിയ അങ്കികളോ വ്യോമഗംഗയ്ക്കുതന്നെ മറക്കുടയായി. സിദ്ധന്റെ കരങ്ങളുകൂട്ടജ്ഞാനകൽപ്പാധിച്ച രണ്ടുയാൾക്കൊമ്പുകളായി ദൃശ്യവും വളഞ്ഞുപിരിഞ്ഞതുമായ വാനരേഖകൾപോലെ തോളിൽനിന്നു് താഴേക്കു തൊങ്ങുകിടന്നോടി കണ്ണുകളിൽ കത്തിയെരിയുന്ന ദാഹത്തിന്റെ കരയിലും വൈശാഖസൂര്യനാർ, അങ്ങനെ ആകാശവും ഭൂമിയും നിറഞ്ഞു്. ഈ

പ്രപഞ്ചമാകെ നിറഞ്ഞു്, സ്വന്തം മനസ്സും ആത്മാവും നിറഞ്ഞുകവിഞ്ഞു് മൂലപ്രകൃതിയുടേയും ഗുണസാമ്യത്തിന്റെയും മുകളിലൂടെ വെയിൽത്തിരകളെ ഇരുവശത്തേക്കും വകഞ്ഞുമാററി അതീതലോകങ്ങളിൽനിന്നുള്ള ഒരു സഞ്ചാരിയെപ്പോലെ, ഒരു ഭിക്ഷാടനക്കാരനേപ്പോലെ സിദ്ധൻ നഗരത്തിലേക്കു കടന്നു.

അനേകജന്മങ്ങളുടെ പഴക്കമുള്ള ഒരു കിഴവൻ സസ്യമാണു താനെന്നു് സിദ്ധനു തോന്നി. തെയ്‌വാനിലെ ഒരു മുത്തുമുളക്കൻ വൃക്ഷം. നഗ്നമായ കൈപ്പത്തികൾ ആകാശത്തിലേക്കുയർത്തി ശൂന്യതയോടു് അറിയപ്പെടാത്തതെന്തോ യാചിക്കുന്ന ഒരു ബവ്‌ബാപ്‌മരം. മരത്തിന്റെ ഇവരുകൾ മണ്ണിനു മുകളിലൂടെ ഇഴഞ്ഞിഴഞ്ഞു മുന്നേറുകയാണു്; മടങ്ങിപ്പിവുകയാണു്—മൂലലോകങ്ങളിൽ അറിയപ്പെടാത്തതെന്തിനോ വേണ്ടിയുള്ള വനവ്യഥയുമായി.

വെറുംകൈയോടെയായിരുന്നു പുറപ്പാടു്, അപ്രതീക്ഷിതമായ ഈ വരവും വെറുംകൈയോടെതന്നെ, ഏററുമാന്നുപ്പന്റെ കൈകൾ പക്ഷേ, സമ്പന്നതിനോ പണത്തിനോവേണ്ടിയല്ല സിദ്ധൻ കൈനീട്ടുന്നതു്.

സിദ്ധൻ നാർസിസ്സാണു്, നചികേതസ്സാണു്, പ്രപഞ്ചത്തിന്റെയും തന്റെയും രഹസ്യമറിയാനാണു്, യജ്ഞവല്ക്യനപ്പോലെ അവൻ തപസ്സിരിക്കുന്നതു് അറിവിന്റെ പ്രസാദത്തിനായിമാത്രം; വരദാനങ്ങളുടെ സൂര്യസാഫല്യത്തിനായിമാത്രം. അനേകജന്മങ്ങളായി സിദ്ധനന്വേഷിക്കുകയായിരുന്നു. ഏതാണന്വേഷിക്കുന്നതെന്നറിയില്ല. അറിയപ്പെടാത്തതെന്തോ ഒന്നു്.

കണ്ടെത്തിയോ?

സിദ്ധനതറിയില്ല.

ബ്രഹ്മാവിന്റെ യാത്രയായിരുന്നു സിദ്ധന്റേതു്, എന്നും തുന്നപ്പുററി അജ്ഞാതനായിരിക്കുക എന്ന വിധിശാപവും പേറി ആദിയതെന്നറിയാതെ താമരയല്ലികൾക്കിടയിലെങ്ങോ ഉള്ള സ്വന്തം പണിപ്പുരയിലേക്കു മടങ്ങിപ്പോരേണ്ടിവന്നു. പക്ഷേ, സിദ്ധൻ ഒരു തോൽവികൊണ്ടു് യാത്രയവസാനിപ്പിക്കുന്നില്ല. കൊട്ടാരവീഥികളന്വേഷിച്ചിറങ്ങിയ ഒരു പ്രാചീനസർപ്പത്തെപ്പോലെ ഉടഞ്ഞിടത്തു നിന്നുതന്നെ വീണ്ടും വീണ്ടും തുടങ്ങുന്നു.

സിദ്ധൻ ഒടുവസാനമല്ല; ആദിയുമല്ല. പ്രപഞ്ചമുണ്ടായ കാലംമുതൽ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കർമ്മപ്രക്രിയയാണു്. എന്നെന്നും തുടർന്നുകൊണ്ടിരിക്കുന്ന, എന്നാൽ ഒരിക്കലുമൊരുത്തനും കണ്ടെത്താനാകാത്ത മഹാസമസ്യ, സമയംപോലെ, കാലംപോലെ,

ഈ ദൃശ്യതയിലൂടെയുള്ള തന്റെ പ്രയാണത്തിന്റെ ഒരു നക്ഷത്രബിന്ദുവിൽവച്ചു് സിദ്ധൻ ഒരാളെക്കണ്ടെത്തി—ഭൂമിതലങ്ങളുടെ കടക്കിഴിൽനിന്നുകൊണ്ടു് വ്രീളാവനമുഖിയായി സിദ്ധനെ ഉററുനോക്കുന്ന ഒരു പെൺകുട്ടിയെ—ഭൂമിതപ്പുവിനേ: മഹോഗണിമരങ്ങൾക്കടിയിൽ മകരവയലിന്റെ തുരുത്തിൽ ഏകാകിനിയായി അവൾ വിശ്രമിക്കുകയായിരുന്നു.

സിദ്ധനെ കണ്ടപ്പോൾ അവൾ മാദകമായി പുഞ്ചിരിച്ചു.

"ഞാൻ കാത്തുനിൽക്കുകയായിരുന്നു"—അവൾ പറഞ്ഞു.

"ആരെ?" സിദ്ധനു് മനസ്സിലായില്ല.

"ഇതാ ഈ ആളുതന്നെ." അവൾ സിദ്ധന്റെ നെറുകയിൽത്തൊട്ടു.

"ഞാൻ വരുമെന്നു് നീ എങ്ങിനെയറിഞ്ഞു?" സിദ്ധന്റെ സംശയമടങ്ങിയില്ല.

"ഏഴു ജന്മങ്ങൾക്കുമുമ്പുതന്നെ എനിക്കു് ഈ വരവിനേക്കുറിച്ചു വെളിപാടുണ്ടായതാണു്." അന്നു മുതൽ അദൃശ്യതയായി ഞാനിവിടെ കാത്തുനിൽക്കുന്നു." അവൾ വാചാലയായി.

"എന്നാൽ വരൂ...നടക്കാം."

അവൾ സിദ്ധനോടൊപ്പം നടന്നുതുടങ്ങി.

നടത്തയുടെ താളം ഉച്ചസ്ഥായിയിലെത്തവേ സിദ്ധന്റെ ആത്മാവിൽനിന്നു് ഒരു ചോദ്യമുയർന്നു:

"കൈതപ്പൂവേ, കൈതപ്പൂവേ, ഏഴാം കടലിനക്കരെ ഏഴുനിലമാളിക മുകളിൽ ഏഴാം ഗോപുരച്ചില്ലയിൽ പൂക്കുന്ന പൊൻനാരകം നീകണ്ടോ? കണ്ടിട്ടുണ്ടോ? പൊൻനാരകത്തിലെ പൊൻനാരങ്ങയിൽ മുത്തും പവിഴവുമുണ്ടോ, രണ്ടും കണ്ണുമടച്ചാൽക്കാണുന്ന ഇന്ദ്രനീലക്കല്ലു നീ കണ്ടോ, എനിക്കു കാട്ടിത്തരാമോ?"

ഏകദേശത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു: "ഞാനും അതുതന്നെയാണു തേടിക്കൊണ്ടിരിക്കുന്നതു്."

സിദ്ധൻ വിശ്വസിച്ചു. എന്നാൽ തങ്ങളുടെ പ്രയാണപഥങ്ങൾ വേറെയാണെന്നു് വളരെ വൈകിമാത്രമേ സിദ്ധനു മനസ്സിലായുള്ളു.

മുകളിലേ മററപ്പെട്ട ഒരു സന്ധ്യയിൽ അന്തിയുറങ്ങാനെത്തിയ ഗ്രീഷ്മനിലാവു് അന്ധകാരത്തിന്റെ ഉടുവസ്ത്രങ്ങൾ അഴിച്ചെറിയവേ സിദ്ധനു് തൈകതപ്പൂവിനെ മനസ്സിലായി.

അവൾ ഒരു വെളുത്ത പെണ്ണു മാത്രമായിരുന്നു. മർത്യനായുടെ കരളുള്ള ഒരു പുരുഷനിൽ തന്റെ ജന്മസാഫല്യം കണ്ടെത്തുന്ന ഒരു സാധാരണക്കാരി മാത്രമായിരുന്നു.

സിദ്ധൻ മറുതൊന്നും പറഞ്ഞില്ല.

സന്ധ്യാരാഗം ഒരു നാൽക്കവലയിലൂടെ കടന്നുപോകുമ്പോൾ അവൻ തന്റെ ഔദാര്യത്തിന്റെ ഭാണ്ഡക്കെട്ടു തുറന്നു

"ഇനി നമുക്കു പിരിയാം. ഒരിക്കലുമൊന്നാകാൻ കഴിയാത്ത രണ്ടു സമാന്തരരേഖകളാണു് നാം. മരയവായി എന്നെ തനിച്ചു പോകാനനുവദിക്കുക."

കാമം ജ്വലിക്കുന്ന അവളുടെ മിഴികളിലേക്കു നോക്കാതെ, മറുപടിയ്ക്കായി കാക്കാതെ കർണ്ണപുടങ്ങൾ അടച്ചുപൂട്ടി സിദ്ധൻ നടന്നുകൊണ്ടേയിരുന്നു. എന്നിട്ടും താനന്വേഷിക്കുന്ന ചിരന്തന സത്യം സിദ്ധനു കണ്ടെത്താനായില്ല.

ദ്യുതിസന്ധ്യകൾ മുട്ടയിട്ടു പെരുകുന്ന വഴിത്തിരികളിൽ സിദ്ധന്റെ പ്രലോഭനങ്ങൾക്കായി കാത്തുകിടക്കുന്ന പലതരത്തിലുള്ള സിദ്ധൻ കാണുകയുണ്ടായി. അവരെല്ലാം ലൗകികസുഖങ്ങൾ മാത്രം തേടുന്നവരായിരുന്നു. കുറേ നാൾ സിദ്ധനോടൊപ്പം നടന്നതിനുശേഷം ആവശ്യത്തിലധികം ആഹാരസാധനങ്ങൾ ശേഖരിച്ചുകൊണ്ടു് സിദ്ധനോടു തെ വാക്കുകൾമുഴുവിയാടാതെ അവർ വന്ന വഴികളിലേക്കു തന്നെ മടങ്ങിപ്പോയി.

ചുഴലിൽ മായാത്തതു ചിരിയുമായി സിദ്ധൻ തന്റെ അയനം തുടർന്നുകൊണ്ടിരുന്നു.

△

അന്വേഷണത്തിനിടയിൽ ഒരിക്കൽ കൂടി സിദ്ധനു് തന്റെ 'ജന്മഭൂമി'യിലേക്കു തിരിച്ചു വരേണ്ടിവന്നു. മകരനിലാവിന്റെ കളിത്തുള്ളൽ മന്ദാകിനി എന്ന പെൺകുട്ടിയോടൊപ്പം മധുവിധു കൊണ്ടാടുവാൻ, ജന്തുവികാരങ്ങൾ പങ്കിടുകയും സംഭോഗത്തിലൂടെയുള്ള സാധാരണക്കാരന്റെ തേടൽ എങ്ങിനെയന്നറിയുകയും ഭൂചയ്യാൻ ശിശിരത്തിൽ തൂന്നുകിടക്കുന്ന നഗരസന്ധ്യയിലേക്കു് അവൾ വണ്ടിറങ്ങി.

അന്നു് സിദ്ധനു് തിരെ ചെറുപ്പമായിരുന്നു. ഇരുപത്തൊന്നു വയസ്സു്, സിദ്ധന്റെ സർട്ടിഫിക്കററുകളിലെങ്ങോ നിന്നു മന്ദാകിനി തേടിയെടുത്ത കുറിവായിരുന്നു അതു്.

ഒരു പുരുഷന്റെ ജീവിതത്തിലെ ഏററവും നിർണ്ണായകമായ പ്രായം ഇരുപതിലേയാണാണെന്നു, അതൊരു ശുഭസംഖ്യയാണെന്നു മന്ദാകിനി പറഞ്ഞു. കുറേ സംഖ്യ. മൂന്നിന്റെയും ഏഴിന്റെയും ഗുണിതം. ഒന്നും രണ്ടുമായുള്ള സംഭോഗം.

എന്നാൽ സിദ്ധനെ സംബന്ധിച്ചിടത്തോളം ശുഭമായാലും അശുഭമായാലും കുറേയായാലും ഇല്ലയായാലും സംഖ്യകൾക്കൊന്നിനും യാതൊരു പ്രാധാന്യവുമില്ല. എന്നു അവൻ അക്കങ്ങളുടെ ഒരു ബന്ധവൈരിയായിരുന്നു.

ഇപ്പോൾ പ്രായമേറിയായി. എന്നു സിദ്ധനോടു് ഒരു ചോദിച്ചുനോക്കൂ. അവൻ കൈമലർത്തുകയേയുള്ളു. ശരീരം നഷ്ടപ്പെട്ടവരുടെയിടം മന്ദാകിനി ചിത്രഗുപ്തനെപ്പോലെ ആ കണക്കു സൂക്ഷിക്കുന്നുണ്ടാവും. അതിരുലോകങ്ങളിലിരുന്നു് സിദ്ധന്റെ ജന്മദിനമാലോചിക്കാൻ. സിദ്ധനറിയില്ലല്ലോ.

സിദ്ധനു പ്രായമില്ല. സിദ്ധനു കാലമില്ല. അവൻ സമയസ്ഥലികളുടെ തടവുകാരനല്ല, വർഷങ്ങളുടെ കൂടാരത്തിൽ, അക്കങ്ങളുടെ വൈദികകർമ്മങ്ങളിൽ സിദ്ധാർത്ഥനെ തളച്ചിടാൻ ആർക്കും സാദ്ധ്യമല്ല. മന്ദാകിനിക്കു പോലും. തേജോഗോളങ്ങൾക്കിടയിലെ സ്വതന്ത്രനായ ഏകാകിയായ സഞ്ചാരിയാണവൻ. അനന്തതയുടെ നാഭിയ്ക്കുള്ളിലെ പാളിപ്പോകുന്ന ഒരു നക്ഷത്രവേഗയാണവൻ. ഭൂകമ്പത്തിനു മുമ്പു് കൃഷ്ണശിലകളുടെ അഗാധനിലവറയിൽ നിന്നയർക്കൊള്ളാറുള്ള ഒരു കറുത്ത വരയാണവൻ. ഗ്രഹണവെളിച്ചം

ഒരു പിന്തുടർന്നോടുന്ന ഒരു വിചിത്ര ജന്തുവാണവൻ.

ജോലി രാജിവച്ചു മുമ്പായിരുന്നുവെങ്കിൽ ആണുങ്ങളുടെ ഉള്ളിലും അല്ലാതും അറിയാൻ കഴിഞ്ഞേനേ. എന്നാൽ അദ്ധ്യാപകവൃത്തിയോടു തനിക്കു നീതി പുലർത്താൻ കഴിയില്ലെന്നു ബോദ്ധ്യമായപ്പോൾ ആദ്യമായി സിദ്ധൻ ചെയ്തതു് ഏതു് നാവുകളിൽ ഒരു രാജിക്കത്തെഴുതി ഡിപ്പാർട്ടുമെന്റിലേയ്ക്കു മാത്രമാണു്. പ്രഥമൻ, അതു സ്വീകരിച്ചുവോ എന്നുപോലും അവൻ തിരക്കിയില്ല. സ്വീകരിച്ചില്ലെങ്കിലും സിദ്ധനെന്തുവില്ല. യൂനിവേഴ്സിറ്റിയുടെ കോംപൗണ്ടിനുള്ളിൽ ഒരു പൈതലായിട്ടു യപ്പോലെ ഇഴഞ്ഞു തിർക്കാനുള്ളതല്ല സിദ്ധന്റെ ജന്മം. ഒരു ദേശത്തിനോടുത്തിൽ സൂര്യനെപ്പോലും തോല്പിക്കുവാനുള്ള ചലനശക്തിയാണവനു വേണ്ടതു്.

"ദേ, ഈ കണ്ണാടിയെടുത്തു്" ഒന്നുനോക്കൂ, എത്ര സുന്ദരമായ മുഖമായിരുന്നു, കോലം കെട്ടു്. വയസ്സായിന്നു് പറഞ്ഞാലും മനസ്സിലാവുന്നില്ല. എനിക്കു വയ്യാണ്ടായി. ഇനിയെങ്കിലും സൂര്യനാരെപ്പോലെ ചുററിത്തിരിയാണ്ടു് വീട്ടിലിരിക്കൂന്നേ..." പ്രശാന്തമായാൽ സ്നേഹപൂർവ്വം ശാസിക്കുന്ന ഈ സ്വഭാവം മന്ദാകിനിയുടെ നൃത്തകർമ്മങ്ങളിലൊന്നു മാത്രമായിട്ടേ സിദ്ധൻ കരുതിയിട്ടുള്ളു. പ്രപഞ്ചമാണു് സിദ്ധന്റെ കണ്ണാടി. അലഞ്ഞുതിരിയുക എന്നതു മാത്രമാണു് അവന്റെ വിധി. ചുട്ടുവെയിലുമേൽക്കാതെ സൗന്ദര്യത്തിന്റെ ചില്ലുകൂട്ടിലിട്ടു സൂക്ഷിച്ചു വരുന്നതല്ല സിദ്ധന്റെ മുഖം. ലോകം കാണാൻവേണ്ടി സിദ്ധൻ ഗൗതമമഹർഷിയോടു കടം വാങ്ങിയതാണതു്.

ഇതൊന്നും മന്ദാകിനിയോടു പറയാറില്ല. അവൾ പറയുന്നതല്ലാതെ കേൾക്കാറുമില്ല. മിക്കപ്പോഴും ബാധ്യതയിന്റെ കർണ്ണപടമെടുത്തണിഞ്ഞു് മററെന്തെങ്കിലുമോർത്തിരിക്കയാവും സിദ്ധൻ.

സ്ഥിരം പല്ലവികൾ കേട്ടു്കേട്ടു് ഒരുപ്രതിസന്ധിപ്പെട്ട ഒരു വെളിപ്പെടുത്തൽ അക്ഷമനായി സിദ്ധൻ മന്ദാകിനിയോടു ചോദിക്കുകതന്നെ ചെയ്തു. "ആരുടെ വീടു്? ഏതേതോ, ധനികരും സ്വത്തുക്കളുള്ള നിന്റെ പൊന്നും കൊടുത്തപ്പൻ തലയിലെഴുത്തു പിന്തുടർന്നോടുന്ന ഒരു വിചിത്ര ജന്തുവാണവൻ.

ജോലി രാജിവച്ചു മുമ്പായിരുന്നുവെങ്കിൽ ആണുങ്ങളുടെ ഉള്ളിലും അല്ലാതും അറിയാൻ കഴിഞ്ഞേനേ. എന്നാൽ അദ്ധ്യാപകവൃത്തിയോടു തനിക്കു നീതി പുലർത്താൻ കഴിയില്ലെന്നു ബോദ്ധ്യമായപ്പോൾ ആദ്യമായി സിദ്ധൻ ചെയ്തതു് ഏതു് നാവുകളിൽ ഒരു രാജിക്കത്തെഴുതി ഡിപ്പാർട്ടുമെന്റിലേയ്ക്കു മാത്രമാണു്. പ്രഥമൻ, അതു സ്വീകരിച്ചുവോ എന്നുപോലും അവൻ തിരക്കിയില്ല. സ്വീകരിച്ചില്ലെങ്കിലും സിദ്ധനെന്തുവില്ല. യൂനിവേഴ്സിറ്റിയുടെ കോംപൗണ്ടിനുള്ളിൽ ഒരു പൈതലായിട്ടു യപ്പോലെ ഇഴഞ്ഞു തിർക്കാനുള്ളതല്ല സിദ്ധന്റെ ജന്മം. ഒരു ദേശത്തിനോടുത്തിൽ സൂര്യനെപ്പോലും തോല്പിക്കുവാനുള്ള ചലനശക്തിയാണവനു വേണ്ടതു്.

"ദേ, ഈ കണ്ണാടിയെടുത്തു്" ഒന്നുനോക്കൂ, എത്ര സുന്ദരമായ മുഖമായിരുന്നു, കോലം കെട്ടു്. വയസ്സായിന്നു് പറഞ്ഞാലും മനസ്സിലാവുന്നില്ല. എനിക്കു വയ്യാണ്ടായി. ഇനിയെങ്കിലും സൂര്യനാരെപ്പോലെ ചുററിത്തിരിയാണ്ടു് വീട്ടിലിരിക്കൂന്നേ..." പ്രശാന്തമായാൽ സ്നേഹപൂർവ്വം ശാസിക്കുന്ന ഈ സ്വഭാവം മന്ദാകിനിയുടെ നൃത്തകർമ്മങ്ങളിലൊന്നു മാത്രമായിട്ടേ സിദ്ധൻ കരുതിയിട്ടുള്ളു. പ്രപഞ്ചമാണു് സിദ്ധന്റെ കണ്ണാടി. അലഞ്ഞുതിരിയുക എന്നതു മാത്രമാണു് അവന്റെ വിധി. ചുട്ടുവെയിലുമേൽക്കാതെ സൗന്ദര്യത്തിന്റെ ചില്ലുകൂട്ടിലിട്ടു സൂക്ഷിച്ചു വരുന്നതല്ല സിദ്ധന്റെ മുഖം. ലോകം കാണാൻവേണ്ടി സിദ്ധൻ ഗൗതമമഹർഷിയോടു കടം വാങ്ങിയതാണതു്.

ഇതൊന്നും മന്ദാകിനിയോടു പറയാറില്ല. അവൾ പറയുന്നതല്ലാതെ കേൾക്കാറുമില്ല. മിക്കപ്പോഴും ബാധ്യതയിന്റെ കർണ്ണപടമെടുത്തണിഞ്ഞു് മററെന്തെങ്കിലുമോർത്തിരിക്കയാവും സിദ്ധൻ.

സ്ഥിരം പല്ലവികൾ കേട്ടു്കേട്ടു് ഒരുപ്രതിസന്ധിപ്പെട്ട ഒരു വെളിപ്പെടുത്തൽ അക്ഷമനായി സിദ്ധൻ മന്ദാകിനിയോടു ചോദിക്കുകതന്നെ ചെയ്തു. "ആരുടെ വീടു്? ഏതേതോ, ധനികരും സ്വത്തുക്കളുള്ള നിന്റെ പൊന്നും കൊടുത്തപ്പൻ തലയിലെ

ഒരു ഭാരമൊഴിയട്ടെന്നു കരുതി ഇഷ്ടദാനം തന്ന ശവകുടീരമല്ലേ ഇതു്, സിദ്ധന്നു് ഇതിന്റെ ആവശ്യമില്ല."

അവന്റെ പുരാവൃത്തങ്ങളെല്ലാമറിയാവുന്ന മന്ദാകിനി മൗനമവലംബിക്കുക മാത്രം ചെയ്തു.

സിദ്ധന്നു് വീടില്ല. കൂടില്ല. നാടും നഗരവുമില്ല. സ്വന്തക്കാരോ ബന്ധുക്കളോ ആരും തന്നെയില്ല. സിദ്ധന്റെ താവളം ഇവിടെയെങ്ങുമല്ല. ഋതുഭേദങ്ങളും സുഖദുഃഖങ്ങളുമില്ലാത്ത, മനുഷ്യസ്പർശമേതുമായ ആർക്കും ഭാവനയിൽപ്പോലും കാണാനാവാത്ത ഉദയനക്ഷത്രങ്ങൾ മാത്രമുള്ള ശൂന്യതയിന്റെ ഏതോ ഒരു സമാഗമനക്ഷേത്രം അതിരപ്രപഞ്ചത്തിലെങ്ങോ ഉണ്ടു്. അതാണു് സിദ്ധൻ പ്രതീക്ഷിച്ചു കാത്തിരിക്കുന്നതു്. ജനിച്ചവരുടെയെല്ലാം മോഹിതവലയത്തിൽ നിന്നകലെ പൂത്തുനിൽക്കുന്ന ആരുടേയോ ഒരു ബോധിവൃക്ഷം, അതാണു് സിദ്ധന്റെ അന്തിമതാവളം, അതിന്റെ കുളിരിലാണു് സിദ്ധന്റെ ഉപാക്കിൽക്കൊടിയുടെ നാരായവേരു്. അവന്റെ ഇഹപരജന്മങ്ങളുടെയെല്ലാം ആലയം. ഇതൊന്നും മന്ദാകിനിയോടു പറഞ്ഞാൽ മനസ്സിലാവില്ല. ആർക്കുമറിയില്ല. സിദ്ധന്റെ മനസ്സിൽ നടക്കുന്ന മഹാപ്രളയങ്ങളുടെ ഉപാന്തർ, ആരോടും വിശദീകരണം ചെയ്യാനാവാത്ത ഒരു സമസ്യയായി ജീവിക്കുക എന്നതാണു് ഈ ലോകത്തിലെ ഏററവും വലിയ ശാപമെന്നു് സിദ്ധനു തോന്നാറുണ്ടു്.

പക്ഷേ, സിദ്ധനു പലതും മറന്നു പോയി. അതു സിദ്ധനു മാത്രം നന്നായിട്ടറിയാം.

അഥവാ സ്വന്തം പ്രശ്നങ്ങളിൽ ആണ്ടുമുങ്ങിപ്പോയതിനിടയിൽ ആരെയും ശ്രദ്ധിക്കാൻ സിദ്ധനു നേരം കിട്ടിയില്ല. അതാണു് സത്യം.

ആണോ?

അല്ലെങ്കിലല്ല.

വാവട്ടത്ത ദിനങ്ങളിൽ മന്ദാകിനി ഉണർന്നിരുന്നു് പ്രാണവായുവിനു വേണ്ടി പ്രകൃതിയോടു മല്ലിടുമ്പോഴും കാസത്തിന്റെ ശബ്ദങ്ങളൊന്നുമില്ലാത്ത ഒരു താഴ്വരയിലൂടെ ഒരുപോലെ ഒഴുകുന്നു. തോളിൽ തൂക്കി വെറുതേ നടന്നലയുകയാവും സിദ്ധൻ. യൂക്കാലിപ്റ്റസ് മരങ്ങളുടെ താളത്തിനൊപ്പം വസന്ത സംഗീതങ്ങൾ പാടി ശൂന്യതയുടെ മുനമ്പിലൂടെ ഒഴുകിയൊഴുകിപ്പോവുകയാവും നാടോടി. വനദേവതകളുടെ ശീലുകൾക്കൊപ്പം മലകയറുമ്പോലെ തുള്ളിച്ചുവരുകയാവും പരദേശി. ഒരിക്കലെങ്കിലും മന്ദാകിനിയുടെ പുറമൊന്നു തടവി നോക്കുക്കണമെന്നതോന്നിയിട്ടില്ല. അവൾ ആവശ്യപ്പെട്ടുമില്ല. എന്തെങ്കിലും ആവശ്യപ്പെടുന്ന സ്വഭാവമാണതിന്റെ ഇഷ്ടത്തിൽ കവിഞ്ഞു് എന്തെങ്കിലും ഒരിഷ്ടമോ മന്ദാകിനിക്കുണ്ടായിരുന്നില്ല. ആലോചിക്കുന്തോറും താനെന്തു ക്രൂരനായിപ്പോയെന്നു് സിദ്ധനു ബോദ്ധ്യമാവുന്നുണ്ടു്. ഇപ്പോൾ തോന്നുന്നു എല്ലാം അറിഞ്ഞു തന്നെ ചെയ്യേണ്ടതായിരുന്നുവെന്നു്. കടമകൾ എന്നും കടമകൾ തന്നെയാണെന്നു്. പിന്നെ എന്തേ ഒന്നും ഓർത്തിച്ചില്ല! അഥവാ സിദ്ധൻ ഓർത്തിക്കേണ്ടതൊന്നും ഓർത്തിച്ചില്ലെന്നുണ്ടോ. സിദ്ധനെ തനിച്ചു് ഈ ലോകത്തിന്റെ കണ്ണഞ്ചിക്കുന്ന വെളിച്ചത്തിലേക്കു വലിച്ചെറിഞ്ഞിട്ടു കടന്നുപോയ പിതൃത്വം പോലും സിദ്ധനു് ഒരു പരിചിതപ്രപഞ്ചമാത്രം.

സിദ്ധൻ ഒരു തികഞ്ഞ പരാജയമായിരുന്നു. ഒരു മകനെന്നനിലയിൽ, ചിററമ്മയുടെ സേവകനെന്നനിലയിൽ, മനുഷ്യനെന്നനിലയിൽ, അദ്ധ്യാപകനെന്നനിലയിൽ, ഭർത്താവെന്നനിലയിലും. അവൾ എന്നും ജീവിതം പഠിക്കുന്ന, അതിന്റെപരീക്ഷകളിലെല്ലാം

പൂജ്യംമാർക്കു വാങ്ങിത്തോല്ക്കുന്ന ഒരു വിദ്യാർത്ഥിമാത്രമായിരുന്നു. അതെല്ലാം സഹിച്ചുവുന്നതാണെന്നവസ്ഥാം, എന്നാൽ തന്നെത്തന്നെയും മറന്നുപോവുക എന്ന സാഹസം മററാരുടേയും ശാപമായിരിക്കാനിടയ്ല്ല. താനാണ് ഈ ലോകത്തിലെ ഏററവും വലിയ അസംഭാവ്യത എന്നായിരുന്നു അവന്റെ വിശ്വാസം. ഇന്നും മാററമില്ല ഉള്ളിന്റെ ഉള്ളിൽ സ്ഥായിയായി ഓർമ്മിച്ചു വയ്ക്കേണ്ടതൊന്നും ഈ ലോകത്തിലില്ലെന്ന് അവൻ കരുതി.

സിദ്ധന്റെ ചുവടുകൾ ഒരിക്കലും ഭൂമിയിലായിരുന്നില്ല. ആകാശത്തുമായിരുന്നില്ല. ഭൗമാകാശങ്ങൾക്കിടയിലോ അതിനപ്പുറത്തോ എങ്ങോ ഉള്ള ഒരു വ്യൂഹപ്രഭയിലായിരുന്നു അവനപ്പോഴും. സ്വയം കൃതാനർത്ഥം, അവിശ്വസനീയമായ ഓർമ്മപ്പിശക്, അതുതന്നെ. സത്യത്തിൽ ഈ യാത്രയും ഒരു മനുഷ്യനു പററാവുന്ന ഏററവും വലിയ ഓർമ്മക്കേടല്ലേ?

ക്ഷണക്കത്തിൽ ആദ്യമായി ഈ നഗരത്തിന്റെ പേരുവായിച്ചറിയുമ്പോൾത്തന്നെ ഇതു താൻ ജനിച്ചുവളർന്ന നഗരമാണെന്നോർമ്മിച്ചെടുക്കാൻ കഴിഞ്ഞതേയില്ല. ചിരപരിചിതമായ ഇവ്വീടുത്തെ പുഴയിലേക്ക് കാലെടുത്തുവയ്ക്കുമ്പോഴെങ്കിലും അറിഞ്ഞുവോ? ഇല്ല. ജാംബവാനെപ്പോലെ സിദ്ധൻ തന്റെ പുരാവൃത്തമോതിക്കൊടുക്കാൻ ഒരു കുടക്കല്ലോ ചങ്കോപ്പക്ഷിയോ വേണ്ടിവന്നു. പൊട്ടന്നെന്നെ താൻ വന്നിറങ്ങിയതു് തന്റെ പൊക്കിൾത്തൊട്ടിന്റെ ഉറവിടത്തിലേക്കാണെന്നറിയവേ അവന്റെ മനസ്സിലിൽനിന്ന് ഭൂതകാലം പുറത്തേയ്ക്കുന്തിനോക്കി. കാററ്ററ്ത് ആളിപ്പടരാനാരംഭിച്ച പ്രണിതാഗ്നിയെ അവൻ ഉള്ളിലേക്കുതന്നെ വലിച്ചുകളഞ്ഞു. ഭൂതകാലത്തിന്റെ ചീഞ്ഞ ശവംതൊണ്ടി പുറത്തിടാൻ സിദ്ധനതിരെയിഷ്ടമില്ല! അവൻ ചിന്തകളെ മന്ദാകിനിയുടെനേർക്കു തിരിച്ചുവിട്ടു. അവന്റെ അതിതകാലങ്ങളുടെ നിശ്ശബ്ദമായ നിലവിളികളവസാനിക്കുന്നതു് മന്ദാകിനിയിലാണല്ലോ. അതുകൊണ്ടുമാത്രം, പുറപ്പെട്ടുമുമ്പ് ബോധപൂർവ്വമായോ അബോധപൂർവ്വമായോ സിദ്ധൻ മന്ദാകിനി വിശ്രമിക്കുന്ന ചതുപ്പുകുട്ടിനരികിലേക്കു ചെല്ലുകയുണ്ടായി. വിഷാദത്തിന്റെ മുദ്രയുള്ള അവളുടെ നയനങ്ങളിൽ സിദ്ധന്റെ മുൻചിൽമാത്രം ഒരിക്കലും മാഞ്ഞുകണ്ടിട്ടില്ലാത്ത ഒരു മന്ദസ്മിതത്തിന്റെ അപൂർവ്വനാളങ്ങളുണ്ടായിരുന്നു. "മന്ദാകിനി ഞാൻ പോകുന്നു...നിന്റെ സപ്തപുണ്യങ്ങളിലൊന്ന് നാളെ സാക്ഷാത്ക്കരിക്കപ്പെടുകയാണ്, നാളെ."

കണ്ണാടിക്കൂടിനുമപ്പുറത്തെങ്ങോയുള്ള ഒരു ലോകത്തിലെന്നപോലെ മന്ദാകിനി തലയാട്ടി. "പോയി വരൂ...വേഗം, ഞാനിവിടെ കാത്തിരിക്കുമെന്നെങ്കിലും ഓർമ്മവേണം."

സിദ്ധൻ ഇതിനുമുമ്പ് ഒരിക്കലും അവളോടു യാത്രചോദിച്ചിട്ടില്ല. പക്ഷേ, ഈ യാത്ര മററു യാത്രകളിൽനിന്നെല്ലാം വ്യത്യസ്തമായതുകൊണ്ടാവാം ഈ ഔദ്ധത്യം, മുൻപൊക്കെ ഭാണ്ഡമെടുത്ത് തോളിൽ തൂക്കിയിടുന്നനിമിഷം അവൾ ഫ്ളാസ്ക്കുമായി മുമ്പിൽ പ്രത്യക്ഷപ്പെടും. അവളുടെ കണ്ണുകൾ അവന്റെ വാചാലമായ മൗനം കൊത്തിയെടുത്തിട്ടുന്നോണം ഓരോന്നുവണ്ണം പറയും, "പോയ്വരൂ... വേഗം, ഞാൻ കാത്തിരിക്കും." എന്നാൽ ഈ സ്ഥലരാശിയിൽ ആർക്കും ആരെയും കാത്തിരിക്കാനാവില്ലെന്ന് സിദ്ധൻ അവളോടു പറയാറില്ല. കാരണം അത്തരം നിമിഷങ്ങളിൽ നിയന്ത്രണംവിട്ടുയരുന്ന ഒരോ വാക്കും അവളെ ഒരു പൊട്ടിക്കരച്ചിലിന്റെ വക്കത്തു് കൊണ്ടെത്തിച്ചേക്കുമെന്ന് സിദ്ധൻ എന്നും ഭയപ്പെട്ടിരുന്നു.

സിദ്ധനറിയാതെയെന്ന അവന്റെ കണ്ണുകൾ നിറഞ്ഞുപോയി.

സിദ്ധൻ കരയുകയോ!!

നൂറ്റാണ്ടുവർഷങ്ങളിലെ നിർവ്വികാരതയ്ക്കു ശേഷവും ഇങ്ങിനെയൊരു ദുർബ്ബലവശം തന്റെ ജീവിതത്തിലിനിയും ശേഷിക്കുന്നുവെന്ന് സിദ്ധൻ അറിഞ്ഞു. സിദ്ധന്റെ കണ്ണീർഗ്രന്ഥികൾ ഇനിയും ലോപിച്ചില്ലായിട്ടില്ല. യു ബ്ഡി സെൻറിമെൻറൽ ഡുക്കായ്സിനോ!!

പൊട്ടന്നെന്നെ സ്വയം നിയന്ത്രിച്ച് അവൻ മുറ്പ്പുട്ടി പുറത്തേയ്ക്കിറങ്ങി.

(തുടരും)

—o—

സഞ്ചാരവിവരക്കുറിപ്പിനു കസവുനൂൽ ശ്രീ. പി. ടി. ഇന്ദുചൂഡൻ തന്റെ പുതിയ കൃതിയിൽ— പരശുരാമന്റെ നാട്ടിൽ— പുരാണസഞ്ചാരശകലങ്ങൾ സ്പർശിച്ചത് ഉചിതമായി. നർമ്മദാതീരങ്ങളിലെ കഥകളെക്കുറിച്ച് പലതും അജ്ഞതയല്ല. കേട്ടും കണ്ടും വായിച്ചറിഞ്ഞുള്ള അറിവ് പലക്കുമുണ്ട്. അപ്പോൾ വി. ടി. യുടെ കണ്ണുകൾ പഴമയുടെ അടിവേരോളമെത്തിയത് വായനക്കാർക്ക് അനുഗ്രഹമായി. ഇന്നും നമ്മുടെ മാതൃഭൂമിയുടെ രോമാഞ്ചം, കാലംചെയ്ത പുണ്യാത്മാക്കളുടെ അനുചിന്തകളിലും വിശ്വസാഹസിക കർമ്മങ്ങളിലും ദൈത്രയാത്രകളിലും ഹോമധൂമങ്ങളിലുമായി ലയിച്ചുകിടക്കുകയാണ്, അതിനെ വിഗണിച്ചുകൊണ്ടുള്ള ഈ മണ്ണിനുമനസ്സുള്ള കഴക്ഷാ ഭൗതികമായ സത്യമായേ കലാശിക്കൂ. അതറിഞ്ഞുകൊണ്ടുതന്നെയാവണം ശ്രീ. ഇന്ദുചൂഡൻ ഈ രീതി അവലംബിച്ചത്.

പുരാണേതിഹാസ സമ്പത്തുകളിൽ ആഴമുള്ളവയ്ക്കു ദൃഷ്ടിക്ക് ആവിധമായല്ലാതെ ഭൗതികപിണ്ഡങ്ങൾക്കും വിഷയമാകുകയില്ല. എന്നാൽ അതല്ലാതെ മറാറാന്നും ഉണ്ടായാവില്ലെന്ന വിചാരഗതിയുക്തിക്കു നിരക്കുന്നതുമല്ല. സ്ഥലപുരാണത്തെ പുരാണകഥനം വിഴുങ്ങിയതിൽ മാത്രമല്ല, അനൗചിത്യം, ഇന്ത്യയിൽ ഈ കഥകൾ അറിയാത്തവരായി ആരുണ്ട്?— അവരുടെ മുമ്പാകെ ഈ കഥകൾ വലിച്ചുനീട്ടുണ്ടായില്ലായിരുന്നു, ഇന്ത്യയുടെ ചരിത്രസംഭവങ്ങളുടെ ഇന്നിച്ചേർക്കലുണ്ടായതുമെപ്പററി, ആർക്കും ഇത്രയുംകൂത്ത പരിഭവമുണ്ടാകാനിടയ്ല്ല. അറംഗസിബിന്റെ നിഷ്ഠുരതകളെപ്പററി പറയുന്ന കൂട്ടത്തിൽ, "അവരുടെയെല്ലാം ശിരസ്സിന്റെ വളരെവളരെ മുകളിൽ മേഘങ്ങൾക്കും അപ്പുറത്ത് ഇരിക്കുന്നുണ്ടായിരുന്ന കരാൾ ഇതെല്ലാം നോക്കിക്കണ്ടിരുന്നുഎന്ന് ഈ കൃതിയ്ക്കു ചെയ്തിച്ചവരും കൈകൊട്ടിച്ചിരിച്ചവരും അവരുടെ വിജയലഹരിയിൽ ഓർമ്മിച്ചില്ല", എന്നു വായിച്ചു. ഇത്തരം ചില വാക്കുകൾ വായിച്ച് ഞാൻ, പഴയ ശ്രീ ഇന്ദുചൂഡനേയും അദ്ദേഹത്തിന്റെ അക്കാലത്തെ ശാസ്ത്രീയവീക്ഷണങ്ങളിൽനിന്ന് ഉത്തരിച്ചതെ സിദ്ധാന്തങ്ങളേയും ഓർത്ത് ആശ്ചര്യപ്പെട്ടുപോയി, ഇത് മനുഷ്യന്റെ ആയുസ്സിന്റെ പക്വതയോ അതോ അറിവിന്റെ പക്വതയോ എന്ന് സ്വയം ചോദിച്ചുപോകുകയും ചെയ്തു.

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, സോഷ്യലിസം—സാങ്കല്പികവും ശാസ്ത്രീയവും, എന്തുചെയ്യണം, മണക്കുടവും വിപ്ലവവും —എന്നീ സോഷ്യലിസത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് ആധികാരികമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെപ്പററിയുള്ള, കാര്യമാത്രപ്രസക്തമായ കുറിപ്പുകളാണ് ശ്രീ. ഇ. കെ. നായനാരുടെ 'നാലു താത്വികഗ്രന്ഥങ്ങളി'ലെ ഉള്ളടക്കം. പ്രസിദ്ധങ്ങളും മൗലികങ്ങളുമായ ഈ ഗ്രന്ഥങ്ങളെപ്പററിയുള്ള നല്ല ഒരു വായനക്കാരന്റെ ഉചിതമായ കാർക്കശ്യക്കുറിപ്പുകളാണിവ. ഈ നിപുണമായ ദ്വോചിത്യങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന്റെ കറവതത്തിയ പാടു് ഒഴിവാക്കാമായിരുന്നു. സമകാലികരാഷ്ട്രീയപ്രശ്നങ്ങളുടെ വിശകലനം പാടില്ലെന്നല്ല. വിചക്ഷ, ചേതകൊണ്ടു വ്യക്തമാകുന്നതുപോലെ, താത്വികഗ്രന്ഥങ്ങളെക്കുറിച്ചുള്ള നല്ല താക്കോലുകളാണിവ. അതു്, അങ്ങനെതന്നെ പണിതിക്കുന്നതായിരുന്നു, ഉത്തമവും.

ചിന്തിക്കുവാനും രസിക്കുവാനും

— ഭാസ്ക്കരനുണ്ണി

തെക്കൻ കുരോളിനായിലെ കാർഡവൽ കൃഷിസ്ഥലത്തെ പശ്ചാത്തലമാക്കിക്കൊ

ന്നു ഹവാർഡ് ഫാസ്റ്റ് രചിച്ച 'ഫ്രീഡം റോഡി'ന്റെ വിവർത്തനം, താമസിച്ചിട്ടാണെങ്കിലും, മലയാളത്തിലുണ്ടായതിൽ നമുക്കു സന്തോഷിക്കുക. അമേരിക്കൻ നീഗ്രോകളുടെ സ്വാതന്ത്ര്യത്തെ ഉദ്ദേശിച്ചുണ്ടായ്വന്ന ത്രസ്തവും ഭീകരവുമായ സംഘട്ടനങ്ങളുടെ വേലിയേറ്റം, സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ആദ്യമായി നുകരാൻ ഭാഗധേയമുണ്ടായ അടിമകളായ കൃഷിക്കാർ, പുരോഗതിക്കുവേണ്ടി നിഷ്കളങ്കമായി ദാഹിക്കുന്ന അവരുടെ ജീവിതത്തിന്റെ നുറുക്കുകൾ — ഇതെല്ലാം വായനക്കാരന്, വിശേഷിച്ചും വ്യഗ്രബോധമുള്ള കേരളീയനായ വായനക്കാരന്, പ്രചോദനം നൽകും. ഇതിവൃത്തത്തിന്റെ സവിശേഷതയും, അനുപമമായ ആവിഷ്കരണ ചാതുര്യവും മുഖം തെ ഇതിഹാസത്തിന്റെ സത്താബലമാണ് നോവലാണ് 'ഫ്രീഡംറോഡ്'. കാർവെലിലെ കൃഷിസ്ഥലത്തെ അടിമയായ ഗിഡിയോൺ ജോൺസണും കൂട്ടുകാരും, എന്താണു സ്വാതന്ത്ര്യമെന്ന് ആദ്യമൊന്നും മനസ്സിലായില്ല. എന്നിട്ടും, കുററവും, എന്തിനും പോന്നവനുമായ അയാൾ മററുള്ളവർക്കൊപ്പം വോട്ടുചെയ്തു ചാൾസ്ടണിലെ ഭരണഘടനാ കൺവെൻഷനിൽ പ്രതിനിധിയായി. സ്റ്റേററ്സെനററും കോൺഗ്രസ്സും ഗിഡിയോണിന്റെ ശക്തമായ വാദമുഖങ്ങൾ കേട്ട് അമ്പരന്നു വിദ്യാഭ്യാസത്തിലൂടെയല്ലാതെ സ്വാതന്ത്ര്യത്തിന്റെ സ്വാദ് നുകരാൻ കഴിയില്ലെന്ന് ഗിഡിയോൺ സ്വാനുഭവംകൊണ്ടു മനസ്സിലാക്കിയിരുന്നു. തെക്കൻ കരോളിനായിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്ന ഗഡിയോണിന്റെ നിർബ്ബന്ധത്തിനു പിന്നിലുണ്ടായിരുന്ന പ്രേരണയ്ക്കു കാരണവും അതുതന്നെയായിരുന്നു.

ഗിഡിയോണിന്റെ ഉയർച്ച, അദ്ദേഹത്തിന്റെ സ്വന്തം ഉയർച്ചയായിരുന്നില്ല. കഠിനമായ അദ്ധ്വാനവും അപാരസ്യയുംകൊണ്ടു സ്വന്തം ശക്തിയെമാത്രമല്ലേ, സ്വന്തം കുടുംബത്തിന്റെ, കാർവെലിലെ കുടുംബങ്ങളുടെ ശക്തിയെക്കൂടി ഉയർത്തിവിടാൻ ഗിഡിയോണ കഴിഞ്ഞു. ജ്ഞാനവും സ്വാതന്ത്ര്യവും കിട്ടിച്ചാണ നില്ക്കുന്നതെന്ന അല്ലൻബിയുടെ വാക്കുകേട്ട്, അല്ലാ ജ്ഞാനത്തിനുവേണ്ടി എന്റെ ഹൃദയം

ഈ കുളകൾ വാടിക്കൊഴിയും മുമ്പേ,
കുമുകൾ നരച്ചുവെളുക്കും മുമ്പേ
ഇത്തിരിയെങ്കിലുമപ്പൊടി തൊട്ടു
ഉടർക്കഥ
നിട്ടാൻ,
ഇത്തിരിയെങ്കിലുമതേൻ തുള്ളികൾ
മുത്തിയെടുക്കാൻ,
ഈച്ചുരുണ്ടു പറന്നതെങ്ങനെ?
അറിയില്ലറിയില്ലവയുടെ യുക്തികൾ
ഇവയിൽ തന്നെയടങ്ങിയിരിപ്പൂ,
അറിയുന്നു ഞാനിച്ചയനിക്കേ—
ചിറകുകളുണ്ടു
പറക്കണമുയരെ,
വാഴക്കുലസുവിടിന്നു വിളിക്കുന്നേരത്തല്ലികൾ
നീട്ടും നറുതേൻ തൊട്ടെൻ—
ചുണ്ടുകളിപ്പിക്കണം,
തെ ട്ടാവാടിച്ചെറുതുള്ളികളുടെ—
കുത്തലുകൊണ്ടു
നോവറിയേണം,
അറിയുന്നു ഞാൻ ചിറകുകളുററതു—
ചിതലിനു
തിനായ് തിരുവയും,
ചിറേറാളങ്ങൾ വരച്ചിക്കാററിൽ
ചുററിത്തിരിയേണം.
ചിതലും ചിറകാർന്നിയാം പാററകളായി
തീരിന്നാരു നാളൊഴിയേണം.
അറിയുന്നു ഞാൻ
അറുതിയെഴ തനനസ്സിൻ കണ്ണിൽ
അജ്ഞാവിലുമണ വാണിതാനെങ്കിലും,
പാരാവാരത്തിരയുടെ ഇഞ്ചത്തൊരു
നിർമ്മണമാണി ഞാനെങ്കിലും,
ഞാനില്ലാതൊരു ഞാനില്ലല്ലോ!
എന്നിക്കുചകരം ഞാനല്ലാതില്ലല്ലോ!
എന്നിലുമുണ്ടൊരു നീലാകാശം,
എന്നിലുമുണ്ടൊരു പാരാവാരം,
ഞായറുദിച്ചു പടിഞ്ഞു,
തിങ്കളുദിച്ചുവളർന്നുക്ഷയിച്ചു,
പകലുംരാവും പരിവാരയെന്നുടെ

തന്നെ പറിച്ചുകൊട്ടുക്കാരമെന്ന് ആത്മാർത്ഥതയോടെ പറയുന്ന ആളാണ് ഗിഡിയോൺ. മകനായ രജഫിനെ മതം ഡോക്ടറാക്കുവാൻ ആ പിതാവിനു കഴിഞ്ഞു. അയാളെ എപ്പോഴും ജനങ്ങളോടൊത്തുനില്ക്കുവാനും അവർക്കുവേണ്ടി ചിന്തിക്കുവാനും

കടമ്മനിട്ട

ഉലകിൽ നിറഞ്ഞു നിറംമാറുന്ന
കതിരോയ്തിങ്കൾ നക്ഷത്രങ്ങൾ
നോക്കിയിരിക്കുന്ന ഷണ്ഡമനിക്കം
മുകിലുകൾ മുഞ്ഞി കറുപ്പിച്ചുള്ളം
മഴവില്ലുന്ന മാടിവിളിക്കേ,
മഞ്ഞക്കതിരൊളി പിലിനിവക്കേ
മാമ്പൂഗന്ധം ഗ്രന്ഥവസ്തു
മണ്ണുപിടിച്ചാനന്ദനടവടിയി
ലസ്വസ്ഥൻ ഞാൻ വീണ്ടുമയങ്ങും,
ഉണരും വീണ്ടും ഞാനനാതതിയായ്
ഉയരെക്കിളരും നീചനിലാവിൽനോക്കെ
ത്തിരിയും, തിരികെത്താഴും, കാളീമ
യാളും, ചുഴിയായ്ചുററിച്ചുററിയഗാ—
ധതയിൽ

ചെന്നലയും, മലരിക്കലയായ്മിതമലരും
നിലശ്ശാന്തതയോതും, നിലയില്ലാതെ—
കിടക്കേ,
ഉള്ളിലുഴന്നനടപ്പുജീവൽബന്ധം
മിന്നുകൾ, ശംഖുകൾ, മൃതകളാമകൾ
പവിഴപ്പുററുകൾ, മുത്തിച്ചിപ്പികൾ
മുത്തിത്തപ്പുകളെത്രയശക്യം.
ബന്ധമറുത്ത പുറന്തോടുകളുൻ
കരളിൻ കടലിൻ കരയിലടിഞ്ഞുകിടപ്പൂ
ഞാനാക്കരയിൽ സ്വപ്നംതേടി
സുഖം തേടി, ഒരുകഥതേടി
പ്പൊരുൾതേടി, എന്നെത്തേടി
യെനിക്കൊരു നിമിഷം തേടി
തരിമണലുഴുതു നടക്കുന്നു
താളം തെററി നടക്കുന്നു.

അനുഭവം

കാട്ടുനോട്ടോറിക്ഷയിലിവളെ
ന്നരികിലിരിക്കുന്നേരം,
ഇവളുടെവാർമുടി ചിന്നിച്ചിതറി—
ട്ടുന്നടെ തടിയതിലൊഴുകുന്നേരം,
ചോർമുലമുട്ടുകൾ നെഞ്ചിലമർന്ന
ചതഞ്ഞു ത്രസിക്കുന്നേരം,
ഉച്ഛ്വാസങ്ങൾ വലിഞ്ഞുപുളഞ്ഞു
പിണഞ്ഞു മണക്കുന്നേരം,
മിന്നൽപ്പിണരുകൾ പുണരുന്നേരം,
ചുട്ടുപഴുത്ത ചൊടിക്കുന്നേരം,
ആരാണാ നെടുവഴികളിലല്ലാം
ചോപ്പുവിളക്കുകൾ കാട്ടിത്തന്നാർ,
കമ്പിക്കാലിന്റെ ഇളുമ്പെണ്ണിൻ
കണ്ണിൽ കരടോ, കണ്ണിൽക്കണമോ?
ഇവളുന്നരികിലിരിക്കുന്നേരം
ഇവളുടെ വെണ്ണത്തുടകൾ,
പാലമാകും ചൊടികൾ,
പാറും കാററിൻ ധ്വനികൾ,
ഒരു ഞൊടി നിന്നാൻ ചേരും
ചോട്ടേ—മാടട്ടോട്ടോ റിക്ഷ.

—o—

പ്രവർത്തിക്കുവാനും പ്രേരിപ്പിച്ചതു് പിററർ പാതിരിയും, ആവശ്യത്തിൽകവിഞ്ഞ ഇച്ഛാശക്തിയും, കർമ്മബലവും ഗിഡിയോണിനുണ്ടായിരുന്നു. ഗിഡിയോണെക്കുറിച്ചു് ഒരു പാതിരിയേ ആ കറുത്ത പാതിരിക്കുണ്ടായിരുന്നുള്ളു — വമ്പിച്ച ശക്തിയുള്ള ഗിഡിയോണ് ദൈവവിശ്വാസമില്ല, അതുകൊണ്ടുതന്നെ പിററർ പാതിരി മൊഴിഞ്ഞു: 'ഞാൻ ദൈവത്തെക്കുറിച്ചു പറയുന്നില്ല — നിങ്ങൾ എന്നെങ്കിലും ഒരു വിശ്വാസിയാവുമെന്ന ചിന്ത ഞാൻ വളരെ പണ്ടേ ഉപേക്ഷിച്ചു.' പ

ക്കേ, ഗിഡിയോണ്, മനുഷ്യരിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. അതു ഇന്നായിരുന്നു, അദ്ദേഹത്തിന്റെ വിജയരഹസ്യവും

ഭൂമി അന്യാധീനമാകുമെന്നു കണ്ടപ്പോൾ, നന്നേ പാടുപെട്ടിട്ടുതന്നെ ഗിഡിയോൺ സ്ഥലം ഗ്രാമവാസികളുടെ വകയാക്കി, എന്നാൽ അടിമകളായ കാപ്പിരികളുടെ പുരോഗതി, വർഗീയരാഷ്ട്രീയപിടിച്ചവെള്ളക്കാരായ ക്ളാർക്കുമാർ സഹിച്ചില്ല. അവർ നിനിയെയോടു കരിപ്പുറത്തു കയറിവന്ന് കാർഷവൽ ഗ്രാമത്തിലും അതിലുള്ള കുടിലുകളിലും മനുഷ്യരെയും തകർത്തു, തീവച്ചു. ഗിഡിയോണിന്റെ സമരമുറകൾ, ചതിയന്ത്രങ്ങൾ ആയുധസന്നാഹങ്ങളോടുകൂടിയവരുമായ ക്ളാർക്കുമാരുടെ മുന്നിൽ ഫലിച്ചില്ല. അവർ ജെഫിയെ വഞ്ചിച്ച് വധിച്ചു. മാർക്കസ്സ്, വഴിക്കുവച്ചു തോക്കിനിരയായി. ഗ്രാമത്തിനു പ്രിയപ്പെട്ടവരും വിലപ്പെട്ടവരുമായ പലരും ആത്മഹുതിനടത്തേണ്ടിവന്നു. എങ്കിലെന്ത്? — ഇന്ന് സ്വതന്ത്രരായി കഴിയുന്ന നീഗ്രോകളുടെ മനസ്സിൽ ഈ വീരസ്മൃതിദീപമായി പ്രകാശിക്കുന്നു, നീഗ്രോകളുടെ ഈ വീരകഥ, ഇതിഹാസകഥതന്നെ, ഗിഡിയോണിന്റെ കുടുംബജീവിതംപോലും ഏതോ ആർഷമായ അന്തരീക്ഷത്തിൽ ചിന്തിയകററാൻ കഴിയാത്തവിധം ആകർഷണീയവും ആസ്വാദ്യമായും ഒട്ടിനിന്നു. ഭാര്യ ഭാക്കൽ, മക്കളായ ജെഫ്, മാർക്കസ്സ്, ജെന്നി, ജെഫിന്റെ അന്ധയായ കാമുകി എല്ലെൻ — ആ കുടുംബസൗഭാഗ്യത്തിൽ നമുക്കും പങ്കുചേർന്നാനന്ദിക്കാൻ കൊതി.

വിശപ്രസിദ്ധമായ ഈ കൃതി വായിച്ചു തീർക്കുമ്പോൾ നാം ഒന്നാർക്കും. ഇവിടെ, ഈ കേരളത്തിലും, തീക്ഷ്ണമായ സവർണ്ണാവർണ്ണപ്പോരാട്ടങ്ങൾ എത്രയോ നടന്നു, അതിന്റെ പശ്ചാത്തലത്തിൽ ഒരു 'മിനി' ഫ്രീഡം റോഡുപോലും ഇവിടെ ഉണ്ടായില്ലല്ലോ.

കൊച്ചു കൊച്ചു ന്യൂനതകൾ പറയാമെന്നല്ലാതെ, ശ്രീ. കെ. പി. ജി. നമ്പൂതിരിയുടെ വിവർത്തനത്തിൽ കാര്യമായ പിശകൊന്നുമില്ല. ഉള്ളതാവട്ടെ, — അവളുടെ കണ്ണുകൾ വലിയവയും ഒരു തിളക്കമുള്ളവയുമായിരുന്നു' എന്ന മട്ടിലുള്ളതുമാണ്.

മലയാളവായനക്കാരിൽ നല്ല ഒരു ഭാഗത്തെ സന്നാഹിച്ചിട്ടുള്ള നോവലിസ്റ്റാണ് ശ്രീ. മുട്ടത്തുവർക്കി, അദ്ദേഹത്തിന്റെ മൂന്നു നോവലുകളാണ് പ്രേക്ഷിക്കുക, നിലവിളക്ക്, സ്വർഗ്ഗവും നരകവും, കപ്യാരുമത്തായിയുടെ സുന്ദരിയും മിടുക്കിയുമായ മകൾ ഗ്രേസിയുടെ ജീവിതമാണ് ആദ്യത്തെ നോവലിൽ ഗുണംചെയ്തു ജീവിച്ച അവൾ വിവാഹത്തെ മറന്നു, ഓർത്തുപ്പോകാവട്ടെ. അപകടത്തിലുമായി. അവിടെയും അവളുടെ വാശിതന്നെ ജയിച്ചു. അവളെ വഞ്ചിച്ച ബെന്നിയെ സംഹരിക്കാൻ അവൾ ബോംബെയിലെത്തി, വേശ്യകളുടെ റാണിയായി. ധനികയായി. ബെന്നിയെ കണ്ടെത്തി അവനെ വധിച്ച് അവളും മരിച്ചു.

മറിയാമ്മയുടെ ഏകപുത്രനാണ് റോബിൻ, അവന് വത്സയോടു പ്രേമം, പിന്നീടു വത്സയ്ക്കു മനംമാററം സാഹസികമായി സൗമിനിയെന്ന മററൊരുവളെ റോബിൻ പ്രണയിച്ചുതുടങ്ങുന്നു, വിഘ്നങ്ങളെല്ലാം ഒഴിഞ്ഞ് വത്സയെ റോബിൻകെട്ടുന്നതോടെ നിലവിളക്കിലെ കഥ അവസാനിക്കുന്നു, ഡയാനയെ ഒ ജെയിംസിനു സ്നേഹം, സ്നേഹമല്ല, ശക്തമായ ശ്രദ്ധയും, അവളെ ബിനോയ് എന്ന യുവാവ് വേട്ടു. അവൻ പിമ്പായിരുന്നു. ഒടുവിൽ ഡയാനയുടെ കുസൃതിവലയത്തിൽനിന്നും ഡയാന ജെയിംസിനെ മടങ്ങിയെത്തുന്നു. ജെയിംസുമായി സന്ധിക്കുന്നു. സ്വർഗ്ഗവും നരകവും എന്ന നോവലിലെ ഉള്ളടക്കമാണിത്.

—o—

1. പരശുരാമന്റെ നാട്ടിൽ— വി. ടി ഇന്ദുചൂഡൻ, വില. 5.ക. പ്രീതിബുക്സ് തൃശ്ശൂർ. 2, നല്ല താത്വികഗ്രന്ഥങ്ങൾ— ഇ. കെ. നായനാർ, വില. 1–75. 3, ഫ്രീഡംറോഡ്— ഹവാർഡ്ഫാസ്റ്റ് വിവർത്തനം കെ. പി. ജി. നമ്പൂതിരി വില. ക. 16. 4, ഒരു ചിന്താപഥ്ളിഷേഴ്സ് തിരുവനന്തപുരം. 4, പ്രേക്ഷിക്കുക— മുട്ടത്തുവർക്കി. വില. 17–75 5, നിലവിളക്ക്— മുട്ടത്തുവർക്കി. വില ക. 7–50. 6, സ്വർഗ്ഗവും നരകവും— മുട്ടത്തുവർക്കി. വില. ക. 11–50. 7, വിദ്യാർത്ഥിമിത്രം ബുക്ക്ഡിപ്പോ കോട്ടയം

(16–ൽ നിന്നും തുടർച്ച)

ണ്ട് എന്തുകൊണ്ടാണ് ഈ സംഭവം എന്നെക്കുഴക്കലായി നടുക്കിയതെന്ന് എനിക്കറിഞ്ഞുകൂടാ. പതിനഞ്ചു വയസ്സുള്ള നിഷ്കളങ്കയായ കേന്ദ്രപെറിക്കോപ്പിന്റെ ചിത്രമാണ് ആ നടുക്കമെന്നിൽ സൃഷ്ടിച്ചത്. ആയ്ക്കണക്കിന് ബോൺസ്കളുമായ സർവ്വീസിൽനിന്നും നീക്കം ചെയ്തുകൊണ്ട് അതിവിധമായ നടപടിയെടുത്താൽപോലും ഇന്നലയും ഇന്നിൽനിന്നും ആദർശപൂർണ്ണമായ ഒരു നാളെയെ യാഥാർത്ഥ്യമാക്കാനാവില്ല. ചരിത്രം നമ്മെ പഠിപ്പിക്കുന്നതു് അതാണ്.

ഗൽഹിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണത്തിൽ കണ്ട വാർത്തയാണ്, ഭാരതസന്ദർശനം കഴിഞ്ഞുവന്ന ഒരാൾ ഒരു മലയാളി ചോദിച്ചു "അങ്ങളുടെ ഭാരതം എങ്ങിനെയുണ്ട്?" അറബിയുടെ മറുപടിയിതായിരുന്നു, "അതിവിശാലമനോഹരമായ രാജ്യം. പക്ഷേ നിങ്ങളുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിവാങ്ങൽ അത്രസ്സുകെട്ടതിതിയിലുള്ളതാണ്." ഈ സംഭവം യാഥാർത്ഥ്യത്തിന്റെ ചുവയുള്ളതാണോ എന്നെനിക്കറിയില്ല; പക്ഷേ പൂണിലെ സംഭവം ഇത്രയും വാർത്തകളൊക്കെ കിന്നരിവക്കാത്തതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

പൂണിലെ ജെനിഷ് ആശ്രമത്തിൽ സന്യാസിനിയായി താമസിക്കുന്ന നാല്പത്തുമൂന്നു വയസ്സുള്ള മിസ്സിസ് ജെയിൻകോപ്പിന്റെ മകൾ കെന്ദ്രപെറിക്കോപ്പാണ് ചൂടാറാത്ത ഈ വാർത്തയിലെ നായിക. വാർത്തകളിൽനിന്നും, ചില ഫോട്ടോപ്പടങ്ങളിൽനിന്നും മനസ്സിലാകുന്നതു് ആചാര്യജെനിഷിന്റെ ശിഷ്യയായ ഇനിഷ്കളുടയായ കുട്ടി ഇന്ന് കടുത്ത മാനസികരോഗത്തിനടിമയാണെന്നാണ്.

അമ്മയോടൊത്ത് ജെനിഷ് ആശ്രമ

ഭാരതത്തിൽ ആത്മീയാനന്ദം തേടിയെത്തിയ അമേരിക്കൻകുടുംബത്തിനു നേരിട്ട ദുരന്തം മിസിസ് കെന്ദ്ര, കെന്ദ്ര, കെന്ദ്രയുടെ സഹോദരൻ

ത്തിൽ സ്ഥിരമായി താമസിക്കാൻ തീരുമാനിച്ചപ്പോഴാണ് ഈ കുട്ടി ഇനിയും വിട്ടുമാറിയിട്ടില്ലാത്ത ഈ പതിനഞ്ചുകാരിക്ക് അപകടം പററിയതു്. വിസയുടെ കാലാവധി നീട്ടിക്കിട്ടാനായി പൂൺ പോലീസിലെ ഫോറിൻ രജിസ്ട്രേഷൻ ബ്രാഞ്ചിലെ ഇൻസ്പെക്ടറായ ഡി. ജെ. ബോൺസ്ളേയെ സമീപിച്ചു. ഔദ്യോഗികകാര്യത്തിൽ തത്രപ്പെട്ടിരുന്ന ആ ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. "ആയിരം രൂപയുമായി ബ്ളൂ ഡയമണ്ട് ഹോട്ടലിൽ വരിക. വിസയുടെ കാര്യം ഞാൻ ശരിയാക്കാം."

ഇൻസ്പെക്ടറുടെ വാക്കുകൾ ആ കുട്ടിയെ അമ്പരപ്പിച്ചു. വിവരം രജനീഷ് ആശ്രമം അധികാരികളെ ധരിപ്പിക്കുകയാണ് അവൾ ആദ്യം ചെയ്തതു്. ആശ്രമത്തിലെ മാനേജിംഗ് ട്രസ്റ്റി വിവരം ആൻറി കറപ്ഷൻ ബ്യൂറോയെ അറിയിച്ചു. അവർ നിശ്ചിതസ്ഥലത്തു് നിശ്ചിതസമയത്തു് കെണിപ്പെറിട്ടുകാപ്പ എത്തിച്ചേരുവാൻ നിർദ്ദേശിച്ചു. വേഷപ്രച്ഛന്നരായി ആൻറികറപ്ഷൻ ഉദ്യോഗസ്ഥർ ഹോട്ടലിന് പുറത്തുകാത്തുനിന്നു.

പതിനഞ്ചുകാരിയായ അമേരിക്കക്കാരിയെ മുന്നിൽ കണ്ടപ്പോൾ അയാൾ ഉന്മാദംകൊണ്ടു വെകിളിയെടുത്തു. ഗ്ളാസ്സുകളിൽ സ്കോച്ച് നിറക്കുവാൻ ബോൺസ്ളേ നിർബന്ധിച്ചു. കെണിപ്പെറി വിസമ്മതിച്ചു. മദ്യംകഴിക്കാൻ ആവുന്ന സമ്മർദ്ദം ചെലുത്തി. താനിതുവരെ മദ്യം കഴിച്ചിട്ടില്ലെന്നും, മരിക്കുവോളം കഴിക്കില്ലെന്നും തീർത്തുപറഞ്ഞു. ആ മനുഷ്യാധമൻ പകുതികുപ്പിയോളം സ്കോച്ച് അകത്താക്കി. ഒരമേരിക്കക്കാരി കൊച്ചുപെൺകുട്ടിയെ ഭോഗിക്കുന്നതു് ചെറിയ കാര്യമല്ലല്ലോ, അയാൾ പെറിക്കുപ്പിനെ മെത്തയിലേക്ക് വലിച്ചിഴച്ചു. അപ്രതീക്ഷിതമായിട്ടായിരുന്നു ഈ ആക്രമണം. നിലവിളിക്കേട്ട് നിശ്ചിതസമയത്തു് ആൻറി കറപ്ഷൻ അധികാരികൾ എത്തിയെങ്കിലും പെൺകുട്ടിക്കേററ ഷോക്കുകുത്തതായിരുന്നു. ഇന്ന് ആ പെൺകുട്ടി തികഞ്ഞ ഒരു മാനസികരോഗിയാണ്, നേരിയൊരു ചലനംപോലും ആ പതിനഞ്ചുകാരിയെ ഞെട്ടിത്തെറിപ്പിക്കും.

കെണിയുടെ അമ്മ സംഭവംനടക്കുന്ന സമയത്തു് സ്ഥലത്തുണ്ടായിരുന്നു. മുൻപൊരിക്കൽ ഒരു വിസയുടെ കാര്യത്തിനായി ബോൺസ്ളേയെ സമീപിച്ച മിസിസ് കോപ്പിന് ബലാൽസംഗശ്രമം ഏറ്റുള്ള അനുഭവങ്ങളുണ്ടായിട്ടുണ്ട്. ഡൈൽഡ് എഡ്യൂക്കേഷനിൽ അന്തർദ്ദേശീയ പ്രശസ്തിനേടിയ വിദഗ്ദ്ധഗവേഷകയാണ് ഈ മഹതി. "ഭഗവാൻ രജനീഷ് അനുവദിക്കുമെങ്കിൽ ഇൻഡ്യവിട്ടുപോയി ഈ പേടകത്താനെതിരേ നിയമനടപടികളെടുക്കുമെന്നു് അവർ പറയുന്നു. ബോംബെയിൽനിന്നിറങ്ങുന്ന ഒരു വാരിക പറയുന്നു "കെണ്ട്ര നിങ്ങളുടെ കൊച്ചുമകളെ ഓർമ്മിപ്പിക്കും. ആ ചിരിയും പെരുമാററവും എത്ര നഷ്ടകളുമാണെന്നോ. ഈ കുട്ടിയുടെ മുഖത്തുനോക്കിയിട്ട് കാമാർത്തതോന്നിയ ഈ കാപാലികനു് എന്തു ശിക്ഷനല്കിയാലാണ് മതിയാവുക."

രജനീഷ് ആശ്രമത്തിനെതിരേ പല നിയമങ്ങളും ഇൻഡ്യാഗവൺമെൻറിലെ ഉയർന്ന ഒരുപററം ഉദ്യോഗസ്ഥന്മാർ നടത്തുന്നു എന്നതിനു് പല ഉദാഹരണങ്ങളിൽ ഒന്നാണിതു്. രജനീഷ് ഫൗണ്ടേഷൻസ് മാനേജിംഗ് ട്രസ്റ്റിയുടെ മുഖ്യഅധിപതിയായ യോഗാലക്ഷ്മി മൊറാർജിദേശായ്ക്കു് ശക്തിയായ പരാതി സമർപ്പിച്ചിട്ടുണ്ട്, സ്ളേമാരും കെണ്ട്രമാരും രജനീഷുമാരും എല്ലാക്കാലത്തുമുണ്ടാവും. ഇത്തരം വാർത്തകൾ കേട്ട് അത്ഭുതത്തലമുറ ഞെട്ടുകയുംചെയ്യും. നഷ്ടം നമ്മുടെ രാജ്യം!

—o—

(7-ൽനിന്നു തുടർച്ച)

പാർക്കിൻസണിൽ തോട്ടിലേയുള്ള രക്ഷ, സർവജ്ഞത്വം ചമയാതെയുള്ള ഈ പരിഹാസത്തിനു് അതിനേററതായ മെച്ചങ്ങൾ പലതുണ്ട്. തന്റെ വാക്കു് അവസാനവാക്കായി സകലരും കരുതേണമെന്നുവരുത്താപാഴല്ലേയുള്ള പ്രതിഷേധം. ഇവിടെയാവട്ടെ, തന്നെനോക്കി ചിരിക്കാനും തന്നെത്തന്നെ കളിയാക്കാനും കഴിവുള്ള കവി

"ഞാനൊരു കാക്കവി | പെണ്ണുകണ്ടിട്ടില്ലാത്തതിനാലാവാം | കണ്ടുകഴിഞ്ഞാൽ | ഞാനൊരുകാക്കവിയാമോ | അഥവാ | വെറുമൊരുഗ്ലാക്കവിയാമോ" ("ക", പേ: 22) എന്നു സംശയിക്കുന്നു. പെണ്ണുമുഖനമാക്കി കാമം യശസ്സും നേടുന്നവരെ

ചുമലിലുകയറിക്കുന്നില്ലെന്നേയുള്ളു. ഈ അഗ്ലാക്കവി, അപ്പോഴേയ്ക്കെടുത്തുചാടി, കുഞ്ഞുണ്ണിക്കു മതിയും സ്തുതിയും വർജ്യമെന്നു വിധിക്കാൻവരട്ടെ. ഉപയോഗിക്കുന്നതു് ഉചിതമായിട്ടുവേണമെന്നേയുള്ളു: "ബ്രഹ്മസത്യം | ജഗന്മിഥ്യ | ബ്രഹ്മസ്സും കണക്കിനെ." ("ക", പേ: 44) "ജീവിതം മരുഭൂമിയാൾക്കും | പകക്കാൻ തീകയാണത്" ("ക, ക", പേ: 26) സഹജീവിസ്നേഹം, "ഞാനെന്നത്തന്നെ | വേളി കഴിച്ചുകൂട്ടുന്ന"തിലെ തെററുകൾ തുടച്ചുമാററുകയുംചെയ്യും.

അബ്സേർഡിസത്തിനുനടയിൽ ഉഴിഞ്ഞിട്ടവരെ ഒററക്കുതിക്കു കടന്നുചാടി, ഗർഭഗൃഹത്തിലിട്ടുപൂട്ടിച്ചു്, വടയനക്കാരെ പായസവും എഴുത്തുകാരെ മനപ്പായസവും ഊട്ടിയ വിരുതിലൊന്നു്:

"കള്ളനായ് കൂക്കനായുണ്ടായ്
ഒരു കുഞ്ഞുണ്ണി ഭൂമിയിൽ
അവനെക്കണ്ടിടാത്തോരും
കണ്ടോരും ഭാഗ്യശാലികൾ
കേട്ടോരോ വിട്ടുവീഴ്ചകൾ
തന്നേക്കാൾ കൃഷ്ണകൂട്ടിട്ടു-
മൊരുജന്മൻ വന്നു നിശ്ചയം
തന്നെയും കേററിവിട്ടിട്ടു-
മെന്നു പായസമുണ്ണുവോൻ
മനപ്പായസമുണ്ണുവോൻ."

അങ്ങനെ, കാരോന്നോരോന്നെടുത്തു വിശകലനംചെയ്യുമ്പോഴാണറിയുക: ആധുനികതയ്ക്കു പ്രതിനിധിയായി മലയാളത്തിൽ ഒററക്കവിതയേയുള്ളു; കുഞ്ഞുണ്ണിമാത്രം. വിളംബരം പുറപ്പെടുവിച്ചും പേടകപ്പേറുകൊട്ടിയടിച്ചുറിയിച്ചും വരുത്തിത്തീർത്ത ആധുനികതയുമായി ഞെളിയുന്നവരുടെനാട്ടിലെ ഒരേ ആധുനികകവി കുഞ്ഞുണ്ണിയുടെ രചനകളെല്ലാം ആധുനികമാണെന്നല്ല ഇതിനർത്ഥം. കുട്ടിക്കവിതകളും മൊഴിമുത്തുകളുമുണ്ടെങ്കിലുമെന്നാലവയിലുമുണ്ടില്ലേ, പുതുമയുടെ ചോരത്തിളപ്പു്? നവ്യകവിതയുടെ പ്രോദ്ഘോഷകനു് കാർട്ടൂൺ ഒരുക്കിച്ചുവ്വ, സച്ചിദാനന്ദനു് മറുനാടൻ വിപ്ലവവിഴുപ്പു് അലക്കിത്തേക്കേണ്ടിയിട്ടാലും "ആധുനികത" നഷ്ടപ്പെട്ടില്ലെങ്കിൽ, കുഞ്ഞുണ്ണിയുടെ സാമ്രാജ്യത്തിനുണ്ടോ ചുമരുകൾ? ആ പരാജയത്തെക്കുറിച്ചു പറയാതെ ആകമായിരുന്ന വിജയത്തെക്കുറിച്ചു സ്തോത്രമുതിർക്കാൻ കച്ചകെട്ടിയ നിരൂപകരുടെ വേലിയേററം! എന്നും ശങ്കിച്ചും പേടിച്ചുമാത്രം പുതുമയെ സമീപിക്കാറുള്ള ആസ്വാദകരുടെ വിളയാട്ടം—അവിടെ എന്തുണ്ടായിട്ടും കാര്യമില്ല. ഒരുചിരട്ട വെള്ളമെയുള്ളുവെങ്കിൽ കപ്പലുണ്ടായിട്ടെന്തുകാര്യം? കുഞ്ഞുണ്ണിക്കും അതേ ദുസ്ഥിതിതന്നെ:

"വലിയൊരു കപ്പലെനിക്ക-
ണ്ടായതങ്ങിറക്കുവാനൊരുചിരട്ട
മെവള്ളവും."

ഇങ്ങനെതാനൊററാണെങ്കിലും കവികൾക്കുറം പററുന്നു! ചിരട്ടവെള്ളം കടലിലെവള്ളമായി ദിക്കെങ്ങും ആധുനികത അലയടിച്ചാലേ കുഞ്ഞുണ്ണിയുടെ ദുസ്ഥിതി മാറൂ എന്നില്ല. ഉള്ളതു ചിരട്ടവെള്ളമാണെന്നറിഞ്ഞാലുമതി. ആ കാലമെത്ര അകലെ?△

(64-ൽ നിന്നു തുടർച്ച)

യുഗ്രാഹകരുടെ നിരയിലേക്ക് സുരേഷ് കടന്നുചെല്ലുന്നു. ചിത്രസംയോജകനായ എം. എസ്. മണി രണ്ടുമുക്കാൽഭാഗത്ത് മാത്രമേ നമ്മെ നിരാശപ്പെടുത്തിയുള്ളു. ഉദാഹരണമായി വിവാഹപ്പാർട്ടിവരുന്നതു് അമ്പലക്കുട്ടിയുള്ളിൽനിന്ന് കുഞ്ഞിമാളുനോക്കിക്കാണുന്നു, ഈ ഷോട്ട് കട്ട്ചെയ്യുന്നതു് കിടക്കയിലേക്ക് പോകുന്ന രണ്ടാത്തെ നോക്കിനില്ക്കുന്ന കുഞ്ഞിമാളുവിലാണ്. ജോർക്ക് ചെയ്യുന്ന എന്തൊരു മനുഷ്യൻ, രംഗങ്ങളുടെ വിലയനം അസാദ്ധ്യമാക്കുകയും ചെയ്യുന്നു. എടുത്തുപറയത്തക്ക കുറററങ്ങളില്ലാത്ത, കലാസംവിധാനം നിർവ്വഹിച്ച രാധാകൃഷ്ണനും മേക്കപ്പ്വിഭാഗം കൈകാര്യംചെയ്ത പി. എൻ. മണിയും, വസ്ത്രാലങ്കാരച്ചുമതലനിർവ്വഹിച്ച ഗണേശനും പ്രസംസനേടുന്നു

എം. ടി. യുടെയും യൂസഫലിയുടേയും ചിത്രമായതുകൊണ്ടാണ് തലനരിച്ചകിഴവി പരിശോധിച്ചതു്. സാധാരണ ചിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നിലത്താമരയുടെ കുറവുകൾ നമുക്ക് സഹിക്കാവുന്നതേയുള്ളു. മലയാളഭാഷയിൽ, മലയാളമണ്ണിൽ, മനുഷ്യജീവിതങ്ങളിൽനിന്ന് അകന്നുപോകുന്ന ചിത്രങ്ങൾ ചലച്ചിത്രയുടെ നിലത്താമര. എം. ടി യെന്ന തിരക്കഥാകൃത്ത്, സംഭാഷണരചയിതാവു് നിലത്താമരയിൽ നമ്മെ നിരാശപ്പെടുത്തുന്നു, നിലത്താമരയെന്ന ചിത്രം നമ്മെ നിരാശപ്പെടുത്തുന്നില്ല. ◀▷

നീലത്താമര

എം. ടി. യുടെ പുതിയ മേച്ചിൽപ്പുറങ്ങൾ പഴയ നാലുകെട്ടുകൾക്കുള്ളിൽ തന്നെയോ?

മലയാളചലച്ചിത്രവേദിയിലെ ഇന്നുള്ള നേട്ടങ്ങളിൽ ഒരു വലിയ ശതമാനം എം. ടി, വാസുദേവൻനായർക്ക് അവകാശപ്പെടാവുന്നതാണ്. തിരക്കഥയ്ക്ക് ചലച്ചിത്രത്തിലുള്ള പ്രാധാന്യം ആദ്യമായി പ്രേക്ഷകരെ ബോദ്ധ്യപ്പെടുത്തിയതു് എം. ടി, യാണ്. തിരക്കഥാരചനയിൽ എം. ടി, യെ മറികടന്ന് ആരും ഇതുവരെ മുന്നോട്ടു പോയിട്ടില്ല. സാവിധാനത്തിലും എം ടി, തന്റേതായ വ്യക്തിത്വം സ്ഥാപിച്ചു. ബുദ്ധിപരമായ കാപട്യമോ അഭിനയമോ ഇല്ലാത്ത ഉള്ളവും ലളിതവുമായ സംവിധാനശൈലി ആസ്വാദകരെ ആഴത്തിൽ സ്പർശിക്കുകയും ചെയ്തു. പക്ഷേ നാലുകെട്ടിന്റെ പരിധിക്കുള്ളിൽനിന്ന് എം, ടി, ക്ക് മോചനമില്ലെന്ന് ഏറ്റവും പുതിയ നോവലായ വിലാപയാത്രയും, നീലത്താമര എന്ന ചലച്ചിത്രവും തെളിയിക്കുന്നു. പുതിയ മേച്ചിൽപ്പുറം കണ്ടെത്താൻ കഴിയാത്തിടത്തോളം, എം. ടി. യുടെ നിശ്ശബ്ദതയായിരിക്കും അദ്ദേഹത്തെ ആരാധിക്കുന്ന പതിനായിരങ്ങൾ ഇഷ്ടപ്പെടുക പുഴുമയുടെ നേരിയതായ പ്രകാശംപോലുമില്ലാത്ത ആവർത്തനവിരസമായ എം.ടി യുടെ കഥയും സംഭാഷണവുമാണ് നീലത്താമരയെ ഒരു സാധാരണചിത്രത്തിന്റെ നിലവാരത്തിലേക്ക് താഴ്ത്തിക്കളഞ്ഞതു്.



മലമക്കാവ് ക്ഷേത്രത്തിലെ നീലത്താമരയാണ് എം ടി യുടെ കഥയുടെ ആത്മാവു്. ഉദ്ദേശിച്ച കാര്യം നടക്കുമോ എന്നറിയാൻ വേണ്ടി ക്ഷേത്രത്തിലെ തൃപ്പടിയിൽ പണംവച്ച് പ്രാർത്ഥിക്കുന്നു. ഉദ്ദേശിച്ച കാര്യം നടക്കുമെങ്കിൽ അടുത്ത ദിവസം അമ്പലക്കുളത്തിൽ ഒരു നീലത്താമര വിരിയും. ശാസ്ത്രത്തിന് പിടി കിട്ടാത്ത ഈ അത്ഭുതത്തെ കുഞ്ഞിമാളു എന്ന പതിനേഴുകാരിയുടെ ജീവിതത്തിൽ കോർത്തിണക്കിയാണ് എം ടി നീലത്താമരയുടെ കഥ വികസിപ്പിച്ചെടുത്തിരിക്കുന്നതു്. കുഞ്ഞിമാളു വെളുത്തതടപ്പെണ്ണാണ്. ജീവിക്കാൻ മറ്റു മാർഗ്ഗമില്ലാതെയല്ലോണ് കിഴക്കമ്പാട്ടു് വാല്യക്കാരിയായതു്. കിഴക്കമ്പാട്ടു് അമ്മാളുവമ്മയും മകൻ ഹരിദാസമേനോനും മാത്രമേയുള്ളൂ. എം.എ. പരീക്ഷ കഴിഞ്ഞുവന്ന ഹരിദാസ് തൊട്ടിൽ തൊറിക്കുന്ന പ്രായമുള്ള കുഞ്ഞിമാളുവിൽ കണ്ണുനട്ടു, തന്റെ കിടപ്പറയിലേക്ക് അയാൾ കുഞ്ഞിമാളുവിനെ ക്ഷണിച്ചു. അവൾ ആകെ പരിഭ്രമിച്ചു. എങ്കിലും ഉറക്കമില്ലാത്ത രാത്രികളിൽ മനസ്സ് ഹരിദാസനിലായിരുന്നു. ഒടുവിൽ മലമക്കാവിലെ തേവരെ അഭയം പ്രാപിച്ചു. അടുത്ത ദിവസം രാവിലെ അവൾ ആത്തിയോടെ അമ്പലക്കുളത്തിൽ നോക്കി അതാ ഒരു നീലത്താമര. അവൾക്കു പിന്നീട് സംശയിക്കേണ്ടി വന്നില്ല. പക്ഷേ, മരാരാത്ത വെളുത്തതടപ്പെണ്ണിന്റെ കൂടെ സൗഭാഗ്യകരമായ ഒരു വിവാഹജീവിതം അവൾക്കുണ്ടാകും എന്നതിന്റെ സൂചനയാണ് ആ നീലത്താമരയെന്ന് ആൽത്തറയിലെ നാണുആശാൻ പറയുമ്പോഴാണവൾക്കു സത്യം പിടി കിട്ടുന്നതു്. അതു മനസ്സിലാക്കിയതു് ഏറെ വൈകിയിട്ടായിരുന്നു, വിധി അവളെ തകർത്തുകളഞ്ഞ സമയം. ഒടുവിൽ നീലത്താമരയിൽ നിഴലിച്ചുകണ്ട വെളുത്തതടപ്പെണ്ണിന്റെ കൈപിടിച്ചുകൊണ്ട് പുതിയതായ ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കുവാൻ കുഞ്ഞിമാളു ശ്രമിക്കുന്നതോടെ എം. ടി, തന്റെ കഥയ്ക്ക് തിരശ്ശീലയിടുന്നു—

നീലത്താമരയുടെ കഥാരചനയിൽ എം ടി, ക്ക് പററിയ അടിസ്ഥാനപരമായ തകരാറ് കുഞ്ഞിമാളുവിന്റെ മനസ്സിനെ ചോരാത്ത കടുത്ത ചായം വാരിത്തേച്ചു എന്നതാണ്. മാളുവിനെ ഹരിദാസ് പ്രേമിക്കുന്നതായി അഭിനയിച്ചിരുന്നുവെങ്കിൽ കൂടി ന്യായീകരണമുണ്ടായിരുന്നു. ആദ്യസംഭോഗത്തിനുമുമ്പ് ഹരിദാസ് കുഞ്ഞിമാളുവിനെ വികാരവിവശനായി ഒന്നു നോക്കുകയോ മലർക്കെ ഒന്നു ചിരിക്കുകയോ പോലും ചെയ്യുന്നില്ല. "ഇന്നുരാത്രി എന്റെ മുറിയിൽവരണം" എന്ന് പരുക്കൻസ്വരത്തിൽ ആജ്ഞാപിക്കുക മാത്രമാണ് ചെയ്യുന്നതു്. പക്ഷേ കുഞ്ഞിമാളു വികാരവിവശയാണ്. പുരുഷന്റെ കസ്പർശമേല്ക്കാനുള്ള ആത്തിയല്ലാതെ, അനുരാഗവിവശയാവാൻ അവൾക്കെങ്ങനെ കഴിയും? നീലത്താമരയെന്ന അത്ഭുതത്തിലൂടെ കിഴക്കമ്പാട്ടു ഹരിദാസമേനോന്റെ സഹധർമ്മിണിയാകാമെന്ന മോഹം കുഞ്ഞിമാളുവിനപ്പോലെ ഒരു വെളുത്തതടപ്പെൺകുട്ടിക്ക് ഒരിക്കലുമുണ്ടാവാൻ ന്യായമില്ല അതും അവിടത്തെന്ന ജോലിക്കെന്നല്ലുമ്പോൾ, ചിത്രീകരണരീതി വച്ചുനോക്കുമ്പോൾ സാദ്ധ്യത ഒരു ശതമാനം പോലുമില്ല. നീലത്താമരയുടെ അത്ഭുതമാണ് മാളുവിന്റെ മനോനിലക്കു കഥയുടെ വികാസത്തിനും എം.ടി. അഭയം തേടുന്നതു്, മദ്ധ്യകേരളത്തിലെന്നല്ല, കേരളത്തിന്റെ ഏതുഭാഗത്താണ് ഇത്തരം നീലത്താമരകളുടെ അത്ഭുതത്തിൽ വിശ്വാസമർപ്പിച്ച് ഒരു പെൺകുട്ടി തന്റെ കന്യകാത്വം ഒരു പുരുഷന് അടിയറവയ്ക്കുന്നതു്? കഥയിലെ അടിസ്ഥാനപരമായ ഈ പാളിച്ചയാണ് നീലത്താമരയ്ക്ക് ആത്മാവു് നഷ്ടപ്പെടുത്തിയതു്

കുഞ്ഞിമാളുവിന് ഹരിദാസനോടുതോന്നുന്ന അമിതമായ അനുരാഗവായ്പിന് മനശ്ശാസ്ത്രപരമായ നിരീക്ഷണം അശ്ലേഷമില്ല. ഹരിദാസന്റെ വിവാഹം നിശ്ചയിച്ചു എന്നറിഞ്ഞിട്ടും, വിവാഹത്തിനു ശേഷവും വിനീതവിധേയയായി കുഞ്ഞിമാളു കിഴക്കമ്പാട്ടു് നിർവ്വികാരയായി നില്ക്കുമ്പോൾ, കഥ ഉന്നം ഉദ്ദേശിച്ച പ്രതികരണം കാഴ്ചക്കാരനിലുണ്ടാവുന്നില്ല. നിർവ്വികരതയാണവർക്ക്. പ്രഥമരാത്രിയുടെ മധുരം നുണയാൻ മുകളിലേക്ക് പോകുന്ന ഭർത്താവ് അവിടെയുള്ള സൗകര്യങ്ങളും അസൗകര്യങ്ങളും കോവണിയുടെ ചുവട്ടിൽനിന്ന് കുഞ്ഞിമാളു പറഞ്ഞുകൊടുക്കുന്നു, ജീരകവെള്ളം മാററി പച്ചവെള്ളം നൽകുന്നു, ഉചാട്ടിക്കടിഞ്ഞാൽപോലും ആശ്വാസം ലഭിക്കാത്ത ആ ദിവസം പാവം പെൺകുട്ടിക്ക് ഇങ്ങനെ സംസാരിക്കാനാവുമോ? കോവണിപ്പടികളിറങ്ങി വന്ന് നീലത്താമരയുടെ അത്ഭുതങ്ങളെ നേപ്പിക്കുന്ന ഭർത്താവിന്റെ സംഭാഷണശകലങ്ങൾക്കു അവിടെ പ്രസക്തിയില്ല.

വളപ്പൊട്ടുകൾ എം. ടി ക്കൊരു ദൗർബല്യമാണ്. ആദ്യം ഈ വളപ്പൊട്ടിന്

മംഗലശ്ശേരി

എം. ടി. ജീവൻ നൽകിയപ്പോൾ ആ ജീവന്റെ ഇടിപ്പ് വായനക്കാർക്ക് ബോദ്ധ്യപ്പെട്ടു. "നാലുകെട്ടി"ലെ വളപ്പൊട്ടുകൾ ഇന്നും മനസ്സിൽ വികാരവിവശതപടർത്തുന്നവല്ലോ, പക്ഷേ നീലത്താമരയിൽ കുഞ്ഞിമാളു ചുളുങ്ങിക്കിടക്കുന്ന കിടക്കയിൽനിന്ന് വളപ്പൊട്ടുകൾ ഉപേക്ഷിച്ചു, അമ്പലക്കുളത്തിലിറങ്ങിയിരുന്ന് അവ അലസമായി വലിച്ചെറിയുമ്പോഴും നമുക്ക് പ്രത്യേകിച്ചൊരു കാഴ്ചയുണ്ടാവുന്നില്ല. ഇഷ്ടപ്പെട്ട കഥാഭാഗങ്ങളും കഥകളും ആവർത്തിക്കുന്നതു് എം. ടി ക്ക് ആനന്ദം പകർന്നുനൽകിയേക്കാം, പക്ഷേ കാണികളിലൊരാൾക്കുപോലും എം. ടി യാവാൻ, മനോനില സ്വന്തമാക്കാൻ കഴിയില്ലല്ലോ.

വിവാഹത്തിനുമുമ്പ്, അർദ്ധരാത്രിയിൽ ഭർത്താവിന്റെ മുറിയിലേക്ക് കാമാർത്തനായി ഹരിദാസ് കടന്നുചെല്ലുന്നതും

ത്തിന്റെ ചട്ടക്കൂടിലേക്ക് നിരാശനായി മടങ്ങിപ്പോകുന്നതും ചിത്രീകരിച്ചതെന്തിനാണെന്ന് മനസ്സിലാവുന്നില്ല. ഹരിദാസിന്റെ വ്യക്തിത്വത്തിന് മികവുനൽകാനുള്ള ശ്രമമായിരുന്നുവെങ്കിൽ ദയനീയമായി പരാജയപ്പെടുകയാണ് ചെയ്തത്. 'ആൻ ഔട്ട്സൈഡ് ചേസ്', 'എ ഡെവിൾ ബിഹൈഡ് മി' എന്നീ ഗ്രന്ഥനാമങ്ങൾ എടുത്തുകാട്ടിയത് ഇംഗ്ലീഷ് ഭാഷയറിയാവുന്നവരെ ചിരിപ്പിക്കാനല്ലാതെ, എം. ടി. (അദ്ദേഹം യുസഫലിയോ?) ഉദ്ദേശിച്ച ഭാവതലം അതിനുണ്ടായില്ല.

നീലത്താമരയിലെ എം. ടി.-യുടെ ഏററവും വികലമായിപ്പോയ വ്യക്തിത്വം കുഞ്ഞിമാളുവിന്റെ മുറച്ചെറുക്കനായ കുട്ടനേറുതാണ്. ചാരായഷാപ്പിലിരുന്ന് എന്തു തോന്ന്യാസവും കാണിക്കാം. അവിടെവച്ച് അച്യുതൻനായരോട് അയാൾ തട്ടിക്കയറുന്നതുപോലും ന്യായീകരിക്കാത്തതാവുന്നു. പക്ഷേ, കിഴക്കമ്പാട്ട് അവൻ ചെന്നിരുന്ന് ഹരിദാസമേനോട് തികഞ്ഞ ധിക്കാരത്തോടെയാണ് സംസാരിക്കുന്നത്. വീട്ടിൽ നിൽക്കുന്ന വാല്യക്കാരത്തിയുടെ ഒരു ബന്ധുവാണ് ഇങ്ങനെ തികഞ്ഞ ധിക്കാരത്തോടെ എവിടെയെങ്കിലും സംസാരിക്കുമോ? സംസാരിച്ചാൽ കന്നംതെടവിടിക്കാണല്ലോ ഇത അവൻ മടങ്ങുമോ?

ചാരായക്കടയിൽവച്ച് കുഞ്ഞിമാളുവിനെക്കുറിച്ച് ചാരായവില്പനക്കാരൻ പരിഹാസ്യമായി സംസാരിക്കുന്നു, കേട്ടിരിക്കുന്നവർ ആർത്തലച്ചു ചിരിക്കുന്നു. ധിക്കാരിയായ കുട്ടൻ അതു കേട്ടുകണ്ടിരങ്ങിപ്പോകുന്നു. കുഞ്ഞിമാളുവിന്റെ മുറച്ചെറുക്കനാണ് കുട്ടൻ എന്നറിഞ്ഞുകൊണ്ടാണ് ഈ സംസാരം. കുട്ടനില്ലാത്തപ്പോൾ ഇത്തരമൊരു സംസാരത്തിനും ചിരിക്കും പ്രാധാന്യമുണ്ടായേനേ. ഈ ചിത്രീകരണം സാധാരണ തമിഴ്സിനിമാരോഡലിലായിപ്പോയി.

കളത്തിൽ കിടക്കുന്ന ശവം ഒന്നുരണ്ടു ഷോട്ടുകളിൽ കുഞ്ഞിമാളുവിന്റേതാണെന്ന കാഴ്ചക്കാർക്ക് തോന്നും. നാണുആശാന്റെ മുന്നിലിരിക്കുന്ന കുഞ്ഞിമാളുവിന്റെ അടുത്ത ഷോട്ടിൽ പാണിക്കരമ്പോൾമാത്രമാണ് ഇതു വിലകുറഞ്ഞ ഒരു സസ്പെൻസാണെന്നു മനസ്സിലാകുന്നത്. രണ്ടാംപകുതിയിൽ അന്ത്യംവരെയുള്ള വികാരങ്ങളുടെ സമാഹരിച്ചുവച്ച സംഘട്ടനങ്ങളെ മുഴുവൻ ചിത്രീകരിച്ചുകളയുകയാണ് ഈ സസ്പെൻസു ചെയ്തത്. എന്നാൽ കോവേണിയിലെ മുന്നാമത്തെ പടി താൻ ചവിട്ടുമ്പോഴുള്ള ശബ്ദം, ആയുധം കേട്ട് കിടക്കയിൽനിന്നു ഞെട്ടിയെഴുന്നേൽക്കുന്ന കുഞ്ഞിമാളുവിന്റെ ചിത്രം അതിനു ഹൃദ്യതയുണ്ടാക്കുന്നു.

മരണത്തിന് കുഞ്ഞിമാളുവിനോട് വാത്സല്യംനിറഞ്ഞ സ്നേഹം തോന്നുന്നത് സ്വാഭാവികമാണ്. "എന്തു സന്തോഷമുള്ള കുട്ടി ഇല്ലേ?" എന്ന് ഒരു രാത്രിയിൽ ഭർത്താവിനോടു ചോദിക്കുമ്പോൾ എല്ലാ ഹൃദയങ്ങളും പുഞ്ചിരിയോടെ. പഴയ മുന്നാലു സാരികൾ അവൾക്കായി കൊടുക്കാൻ ആഗ്രഹിക്കുമ്പോൾ കാണികളുടെ ആശ്വാസം ചെറുതല്ല. ഈ സ്വാഭാവികത വാല്യക്കാരിയുടെ ചെട്ടി ഇറുന്നതോർക്കുമ്പോൾ നഷ്ടപ്പെട്ട കുഞ്ഞിമാളുവരുമ്പോൾ ആ സാരികൾ ഏല്പിക്കേണ്ടതിനു പകരം അവളുടെ തുരുമ്പു പിടിച്ച പെട്ടിയിൽ കൊണ്ടുവയ്ക്കുണ്ടതുണ്ടോ? ഒരു സംശയത്തിന്റെ പുകപടലിൽ ആ പെട്ടി ഇറന്നിരുന്നുവെങ്കിൽ ന്യായീകരിക്കാമായിരുന്നു. പ്രത്യേകിച്ചൊരു കാരണവുമില്ലാത്ത മരണത്തെപ്പോലെ ഒരു സമ്പന്ന കുഞ്ഞിമാളുവിനെപ്പോലെ ഒരു വാല്യക്കാരിയുടെ പെട്ടി ഇറന്നതോർക്കുമെന്നു വിശ്വസിക്കുവയ്യ.

കിഴക്കമ്പാട്ടു അമ്പാളുഅമ്മയും കാര്യസ്ഥൻ അച്യുതൻനായരും മാത്രമാണ് വ്യക്തിത്വം അവകാശപ്പെടുന്ന കഥാപാത്രങ്ങൾ. കേന്ദ്രകഥാപാത്രമായ ഹരിദാസമേനോന് എം. ടി. ഇങ്ങിനെയൊരു ഭാവംനൽകിയതെന്തിനെന്ന് മനസ്സിലാവുന്നില്ല. സന്ദർഭങ്ങൾക്കും യുക്തിക്കും അനുയോജ്യമല്ലാത്ത സംഭാഷണങ്ങൾ കൊണ്ട് ജീവൻ നഷ്ടപ്പെട്ട കഥാപാത്രമാണ് കുട്ടൻ. കുഞ്ഞിമാളുവിന് പുതിയൊരു ജീവിതം നൽകുന്നതുകൊണ്ടുള്ള കുട്ടന്റെ ത്യാഗം കാണികൾക്ക് വിലപ്പെട്ടതാവുന്നില്ല. കുട്ടൻ ഒടുവിൽ ഹരിദാസന്റെ മുഖത്തുനോക്കി കാർക്കിച്ചുതുപ്പുമ്പോൾ കാണികളുടെ ചുണ്ടുകളിൽ നേരിയൊരു ചിരി പടർന്നുപാവുന്നത് ആ

ത്യാഗത്തിന് പ്രത്യേകിച്ചൊരു പ്രാധാന്യം നൽകാത്തതുകൊണ്ടാണ്: നിറഞ്ഞ മാറ്റം, വികാരവതായ നാടകീയതയുംകൂട്ടി അമ്പലപ്പറമ്പിലും പരിസരങ്ങളിലും തുള്ളിച്ചാടിനടക്കുന്ന വാര്യത്തെ അമ്മിണി എന്ന കഥാപാത്രം സംഭാഷണങ്ങളിലും ഭാവചലനങ്ങളിലും പലപ്പോഴും സ്വാഭാവികതയുടെ അതിരുകൾ തകർത്തുകളയുന്നു. കുഞ്ഞിമാളുവിന്റെ തുടികൊട്ടുന്ന മനസ്സിലെ മുഴക്കങ്ങൾ അമ്മിണിയിലൂടെ മുഴങ്ങിക്കേൾക്കുമെന്നുകരുതിയതു് അസ്ഥാനത്തായി. കഥയിലെ താളപ്പിഴകൾ പലപ്പോഴും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിന്റെ പൂർണ്ണതയിൽ അലിഞ്ഞുപോകാറുണ്ട്. നീലത്താമരയിലെ കഥാപാത്രങ്ങളും, കഥാസന്ദർഭങ്ങളും ആ താളപ്പിഴകൾ വർദ്ധിപ്പിച്ചിട്ടേയുള്ളൂ.

രവികുമാർ, സത്യൻ, ഭവാനി, അംബിക, കുതിരവട്ടം പപ്പു, ബഹദൂർ, ശാന്താദേവി തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങൾ. അഭിനയത്തിൽ ഏററവുധികം മുന്നിട്ടുനിന്നതു് ശാന്താദേവിയാണ്. ആഭിജാത്യമുള്ള ഒരു തറവാട്ടമ്മയായി ആദ്യന്തം അവർ ശോഭിച്ചു. അഭിനയത്തിൽനിന്നും അഭിനയത്തെ അരിച്ചുമാറുന്ന അപൂർവ്വത അനായാസമായി ശാന്താദേവിയുടെ ഭാവഭദ്രതകളിൽ കണ്ടു. നിഷ്കളങ്കയായ കുഞ്ഞിമാളുവിനെ അംബിക ഏറെക്കുറെ സ്വാഭാവികതയോടെ അവതരിപ്പിച്ചു.

വിവാഹം കഴിഞ്ഞു എന്നറിഞ്ഞതിനുശേഷമുള്ള രാത്രിയിൽ ഹരിദാസന്റെ മുന്നിൽനിന്നു. സംസാരിക്കുന്ന കുഞ്ഞിമാളുവിന്റെ മുഖഭാവവും, ആദ്യരാത്രിക്കുള്ള കിടക്ക വിരിച്ചുകൊണ്ടിരിക്കുമ്പോൾ "അനിയത്തിമാരോ മററോ ആയിരുന്നു ഇതിനെന്നു സഹായിക്കേണ്ടിയിരുന്നതു്, ഇപ്പോഴിതാഗ്യം നിനക്കാണ് കിട്ടിയിരിക്കുന്നതു്" എന്ന അമ്മാളുഅമ്മ പറയുന്നതു കേൾക്കുമ്പോഴുള്ള മുഖഭാവങ്ങളും, ഒരു മികച്ച നടിയാവാൻ ഇനിയും ഒട്ടേറെ ദൂരം അംബികയ്ക്ക് പിന്നിടേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു. എങ്കിലും തുടക്കക്കാരിയെന്നനിലയിൽ ശ്രദ്ധേയമായ അഭിനയപാടവമാണ് ഈ നടി കാഴ്ചവയ്ക്കുന്നതു്. പ്രധാന കഥാപാത്രമായ ഹരിദാസമേനോൻ രവികുമാറിൽ ഭദ്രമായില്ല. വിവിധ വികാരങ്ങൾക്ക് സംഭവിക്കാനോ, സംഘട്ടനത്തിലേർപ്പെടാനോ ആ മുഖത്തെ മാംസപേശികളിൽ സ്ഥാനമനുവദിക്കില്ലെന്നു തോന്നുന്നു. കോമിക്റിലീഫിനുവേണ്ടി സൃഷ്ടിച്ച കുട്ടിശ്ശങ്കരമേനോൻ ആ ലക്ഷ്യം പൂർത്തീകരിച്ചില്ല; പപ്പു ആ കഥാപാത്രത്തിന് തികഞ്ഞ നീതികാണിച്ചുവെങ്കിലും, ബഹദൂർ എന്ന പ്രതിഭാധനനായ നടൻ കാര്യസ്ഥൻ അച്യുതൻനായരായി അരങ്ങുതകർത്തു, പക്ഷേ കാണികൾക്ക് ആവർത്തനവിരസതകാണ്ട് ആ അഭിനയസിദ്ധിയുടെ പ്രകാശം കാണാനാവുന്നില്ല. ബഹദൂർ എന്ന അതുല്യനടന്റെ പരാജയമല്ല, അച്യുതനായരെപ്പോലുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുമ്പോൾ, ആ റോൾ ബഹദൂറിനുതന്നെ നല്കാൻ നിശ്ചയിക്കുമ്പോൾ ബന്ധപ്പെട്ടവർ ഈ സത്യം ഓർക്കേണം. കാര്യസ്ഥൻ അച്യുതൻനായരെ കാണിൽ വെള്ളിത്തിരയിൽ ബഹദൂറിലൂടെ കാണുന്നതു് ഇതു് പത്താമത്തെയോ ഇരുപതാമത്തെയോ തവണയല്ലല്ലോ? അതിഭാവുകത്വം രചനയിലും അവതരണത്തിലും അഭിനയത്തിലും തകർത്ത കഥാപാത്രമാണ് അമ്മിണി. മാറും വയറും തുള്ളിച്ചുനടക്കാനല്ലാതെ, അഭിനയിക്കാൻ ജന്മമാഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അഭിനയിക്കാൻ ജന്മമാഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നു. മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കഥാകൃത്തായ, തിരക്കഥാരചയിതാവായ, സംഭാഷണരചയിതാവായ എം. ടി. വാസുദേവൻനായർ നീലത്താമരയിൽ ആദ്യമായി എന്നെ നിരാശപ്പെടുത്തുന്നു. ഹൃദയത്തിൽതട്ടിയ ഒരു രംഗമാത്രമേയുള്ളൂ. ആരുകതളർന്നുതകർന്ന വിവശയായ കുഞ്ഞിമാളു് വിങ്ങിപ്പൊട്ടലും കണ്ണീർപ്രവാഹവും നിയന്ത്രിച്ചുകൊണ്ട് അല്പം ആശ്വാസത്തിനുവേണ്ടി ആൽത്തറയിൽ നാണു ആശാന്റെ സമീപമെത്തുന്നു. എല്ലാം മനസ്സിലാക്കിയ നാണുആശാൻ സമാധാനിപ്പിക്കുന്നു "അമ്പലനടയ്ക്കൽപോയി ഹൃദയംപൊട്ടി ഒന്നു കരയു കുട്ടി." ആ സമയത്തെ ഹൃദയംപൊട്ടിയുള്ള കരച്ചിൽ കരളിൽ കൊള്ളുകതന്നെ ചെയ്തു. ഇത്രയധികം നിർജ്ജീവമായ അന്ത്യരംഗങ്ങൾ മറെറാരു സിനിമയിലും കണ്ടിട്ടില്ല. 'എല്ലാം നഷ്ടപ്പെട്ട എന്നെ ഇനി ആരു സഹായിക്കും' എന്ന നിസ്സഹായയായ കുഞ്ഞിമാളുവിന്റെ വിലാപം കുട്ടൻ

കേട്ടതാണ്, എന്നിട്ട് ഹരിദാസ് യാത്രപുറപ്പെടുന്ന ദൃശ്യസമയത്താണ് അയാൾ കടന്നുവരുന്നത്. കച്ചവടസിനിമയുടെ ഭാഗമായി എം. ടിയും മാറുന്നു നോക്കൂ. "വിഴുപ്പലക്കാൻ ഈ നാട്ടിൽ ഇനിയും ആളുകൾ വേണമല്ലോ." എന്നു പറഞ്ഞ് കുഞ്ഞിമാളുവിനേയും കൂട്ടി കുട്ടൻ നടന്നുപോകുന്നിടത്ത് ചിത്രം അവസാനിച്ചിരുന്നുവെങ്കിലും തൃപ്തികരമായിരുന്നേനെ. സംഭാഷണത്തിൽ ചിലയിടങ്ങളിൽ കൃത്രിമത്വമാണ് അനുഭവപ്പെടുന്നത്. കിഴക്കമ്പാട്ട് വന്ന ദിവസം തന്നെ കുഞ്ഞിമാളു പഞ്ചുവിനോടായി പറയുന്ന കിനാവുകൾ നോക്കൂ. തോ! കുഞ്ഞിമാളുമായുള്ള ബന്ധം മനസ്സിലാക്കിക്കൊണ്ട് ഹരിദാസിനോട് തട്ടിക്കയറുന്നത് കൃത്രിമമായി, കോർട്ടിൽ നിൽക്കുന്ന ഒരു വക്കീലിന്റെ ഭാവവും സംഭാഷണരീതിയുമാണ് തോന്നിക്കുന്നത്. ഇംഗ്ലീഷ് വാക്കുകൾ സുലഭമായി ഉപയോഗിച്ചുകൊണ്ടുള്ള സംഭാഷണം എം. ടി യുടെ കിരീടത്തിലെ അനേകം തുവ്വലുകളിലൊന്ന് നിറത്തിൽ മങ്ങലേല്പിക്കുന്നതേയുള്ളൂ.

വേട്ടത്തുനാടിന്റെ സൗന്ദര്യം കുഴവനായി കളറിൽ ഒപ്പിയെടുത്ത നിലത്താമര സംവിധാനം ചെയ്തിരിക്കുന്നത് യൂസഫലികേച്ചേരിയാണ്. ലാളിത്യമാർന്ന സംവിധാനശൈലി ചിത്രത്തിന്റെ ദൃശ്യസുഖം വർദ്ധിപ്പിച്ചിട്ടുണ്ട്. ആവർത്തിക്കപ്പെടാതെ, ചിലയിടത്ത് അനുകൂലിക്കേണ്ടിടത്തെ ഗാനരീതിയെ ഇദ്ദേഹം പതിപ്പിക്കാൻ യൂസഫലിക്ക് കഴിഞ്ഞിട്ടുണ്ട്. ഹരിദാസ് കുഞ്ഞിമാളുവിനോട് ഭാഗത്തിലേർപ്പെടുന്ന ആദ്യരംഗം ചാരുതയോടെ ചിത്രീകരിക്കാൻ കേച്ചേരിക്കു കഴിഞ്ഞിട്ടില്ല. മഴ തോന്നുന്നതിനുശേഷം [illegible] വാഴയിലകളിൽനിന്നും [illegible] വീഴുന്ന ദൃശ്യങ്ങൾ ഏതു ചിത്രങ്ങളിൽ കണ്ടുമുട്ടുന്നതാണ്. "നക്ഷത്രങ്ങളേ കാൺക" എന്ന ചിത്രത്തിന്റെ സ്ക്രിപ്റ്റിലും ഞാനിക്കാര്യം സൂചിപ്പിച്ചതു് വായനക്കാർ ഓർക്കുമല്ലോ. കുട്ടൻ വഴിയിൽവച്ചു മാളുവിനെ കാണുന്നരംഗത്ത് മുഖങ്ങൾ മാറാറി വഴിയൊരുക്കിക്കൊടുക്കുന്ന ഒരു ദൃശ്യമുണ്ട്, ആ പ്രതീകം വിദ്യാവിഹീനർക്കുപോലും മനസ്സിലാവുന്നവിധം ലളിതമാണ്, അവസാനം തോടിൽനിന്ന് മാളുവിനെ കയ്യിൽ പിടിച്ച് കയറ്റാൻ കുട്ടൻ ശ്രമിക്കുന്നിടത്ത് ആ പ്രതീകദൃശ്യം ആവർത്തിച്ചതു്, ആദ്യമുണ്ടാക്കിയ അതിശയിപ്പിക്കുന്ന പ്രാധാന്യം നഷ്ടപ്പെടുത്താനേ സഹായിച്ചുള്ളൂ. കുഞ്ഞിമാളുവുമായി നടന്നുപോകുന്നതിനിടയിൽ തിരിഞ്ഞുനിന്ന് പരമപുച്ഛത്തോടും തികഞ്ഞ രോഷത്തോടും കുട്ടൻ കാർക്കിച്ചു തുപ്പുമ്പോൾ വീട്ടുവരാന്തയിൽ നില്ക്കുന്ന ഹരിദാസിന്റെയും അമ്മയുടേയും മുഖത്തിന്റെയും ക്ലോസ് ചെയ്ത നെഗററീവിൽ കാണിക്കുന്നുണ്ട്. പ്രത്യേകിച്ചൊരു പ്രസക്തിയും ആ ഷോട്ടിനുണ്ടെന്നു തോന്നിയില്ല. കീറിയ ഓലമടൽപിടിച്ചുകൊണ്ടുനില്ക്കുന്ന കുഞ്ഞിമാളുവിന്റെ ആ ക്ലോസ് ഷോർട്ടിനു് തികഞ്ഞ ഭംഗിയും പ്രസക്തിയുമുണ്ട്. സൂര്യാസ്തമയങ്ങൾക്കും സൂര്യോദയങ്ങൾക്കും ചിത്രത്തിലുള്ള പ്രാധാന്യം ചെറുതല്ല. ഇത്രയധികം സൂര്യോദയങ്ങളും സൂര്യാസ്തമയങ്ങളും നിലത്താമരയിലെന്തിനെന്ന് മനസ്സിലാവുന്നില്ല. പഞ്ചുവിന് വളരെയേറെ പ്രാധാന്യം നല്കിക്കണ്ടു. കഥാസന്ദർഭങ്ങളെ അല്പംപോലും സമ്പന്നമാക്കാൻ അവയ്ക്കു കഴിഞ്ഞിട്ടില്ല. ചിത്രത്തിലെ ഏററവും വിചിത്രമായ ആശ്ചര്യമായ രംഗം ഹരിദാസൻ കുളിക്കുന്നതാണ്, ജട്ടിയുമിട്ട് മവ്കമാറിനെ കുളിപ്പിച്ചുകൊണ്ട് നിലത്താമരപോലുള്ള ചിത്രത്തിൽ എന്തു മെച്ചമാണു മനസ്സിലാവുന്നില്ല?

ആൽത്തറയ്ക്കെ നാണ്ആശാനും, തിരശ്ശീലയിൽ പ്രത്യക്ഷപ്പെടാതെ നാദതരംഗങ്ങളിലൂടെ മാത്രം നമ്മിലലിയുന്ന ഭാഗവതരും ചിത്രത്തിനു നൽകുന്ന ഭാവപ്പൊലിമ ചെറുതല്ല. പി. കുഞ്ഞിരാമൻനായരുടേയും കമലനാശാന്റേയുമൊക്കെ അർത്ഥവത്തായ ഈരടികളിൽ ഗാനവിഭാഗം ഒളിക്കിയതിനു നിലത്താമരയുടെ ശില്പികളെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. ദേവരാജന്റെ സംഗീതം ചിത്രത്തിന്റെ ആത്മാവിൽ നിറയുന്ന സുഗന്ധമാകുന്നു. ഛായാഗ്രാഹകനായ ജി. വി. സുരേഷിന്റെ സംഭാവനയുടെ അർത്ഥതലങ്ങളിൽ അസുലഭമായ പരിവേഷം ചാർത്താൻ ദേവരാജന്റെ സംഗീതത്തിനു കഴിഞ്ഞു. സ്ഥിരപ്രതിഷ്ഠനേടിയ ഛാ

(ശേഷം 59-ൽ)

Printed & Published By S. K. Nair at New India Printers, Quilon-13